Date of Publication: 9 സെപ്തംബർ 2019
വോള്യം 17/ലക്കം 6 / വില 20/-
ISSN 2319 - 9741

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



# തടവുകാരി

# സംഘടിത

സംഘടിത/ സെപ്തംബർ 2019/വോള്യം 18/ലക്കം 1







കവർ ചിത്രം കടപ്പാട്: **ജസീല ലുലു**
**(സ്വതന്ത്ര പത്രപ്രവർത്തക)**


ഒരു കൗൺസെലറുടെ ഡയറിക്കുറിപ്പ് 6
**ആയിഷ മെഹ്മൂദ്**

അച്ഛൻ 10
കവിത/**അനിത ശ്രീജിത്**

കണ്ണൻ ഗോപിനാഥൻ ഐ.എ.എസിന് ഐക്യദാർഢ്യം 11
പെൺപക്ഷം/**അജിത കെ.**

അബോർഷൻ: ജയിലോ ജീവനോ 12
**ഫ്ലെക്ത ഫീലൻ**

തടവറയേക്കാൾ ഭേദം മരണം: പ്രീതിലത വഡേഡാർ (1911–1932) 18
**സിന്ധു ജോസ്**

തടവറയിൽ നിന്നുള്ള വെല്ലുവിളികൾ 20
**റാഷിദ പി.ടി.**

ഇലവീശി 23
കവിത/**അംബിക പ്രഭാകരൻ**

ഇതരനിർമിത തടവറകൾ 24
**അപർണ ഈശ്വരൻ**

ഇന്ത്യൻ സ്ത്രീ ജയിലുകൾ ഒരു ചെറു റിപ്പോർട്ട് 28
**ശ്രേയ സലിം**

സ്ത്രീ, സ്വത്വം, പേരടയാളം രഹന ഫാത്തിമയുടെ സന്ദർഭം 30
**ഹമീദ സി.കെ.**

ഒരു കുഞ്ഞു ഡീറ്റെൻഷൻ യാത്ര 37
**റീം ഷംസുദീൻ**

വളർത്തുദോഷം 39
വാസ്തവം/**ഡോ. ജാൻസി ജോസ്**

എന്റെ ജയിൽ ഓർമ്മകൾ 40
**അജിത കെ.**

'ഞാൻ പണം സമ്പാദിച്ചിട്ടില്ല, എന്റെ സമ്പാദ്യം മനുഷ്യരാണ്' സുധാ ഭരദ്വാജ് 42
**മായ്ഷെ**

'ആദിവാസികൾക്കു വേണ്ടി ഈ സർക്കാർ എന്തു ചെയ്യുമെന്നാണ്? നിങ്ങൾ പറയൂ' 44
**സോണി സോരിയുടെ കത്തുകൾ**

സ്വാതന്ത്ര്യമെന്ന മരീചികകൾ 48
**സാഹിറ**


മണ്ണും ഉടലും അനിത തമ്പിയുടെ കവിതകൾ 53
പഠനം/**കലാചന്ദ്രൻ**

കുമാരനാശാന്റെ സീതാകാവ്യത്തിന് വർത്തമാനകാലമുഖം 55
ആസ്വാദനം/**ഇന്ദിരാബാലൻ**

സ്ഫടികഭരണിക്കകത്തെ ആറു ഗപ്പികൾ 57
കവിത/**ജൂലിയാ ഡേവിഡ്**

ആവിലയിലെ യോഗിനി 58
വഴിത്താരകൾ/**ജാനകി**

ഹാച്ചിമോജി എട്ട് അക്ഷരങ്ങളുള്ള കൃത്രിമ 'ഡി.എൻ.എ.' 60
ശാസ്ത്രം/**സീമാ ശ്രീലയം**

**ഫോട്ടോ ഫീച്ചർ : പോരാട്ടമുഖത്തെ തടവുകാരികൾ**


**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **എക്സി.എഡിറ്റർ :** ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ:** അശ്വതി സേനൻ, **പത്രാധിപസമിതി:** രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ഡോ. മിനി പ്രസാദ്, ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ**ലേഔട്ട് & കവർ** : ശാലിനി.പി.എം., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934



**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com
Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

**അ**ത്യന്തം ആപൽക്കരവും ഭയാനകവുമായ ദേശജീവിതത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ആസാമിലെ ദേശീയ രജിസ്ട്രി നടത്തപ്പെട്ടപ്പോൾ പത്തൊമ്പതു ലക്ഷം ജനങ്ങളാണ് സ്വന്തം ദേശത്തിന്റെ പൗരത്യം തെളിയിക്കാനാകാതെ ദുരവസ്ഥയിലായത്. ആഘാതം താങ്ങാനാവാതെ സോനിത്പുർ ജില്ലയിൽ ഒരു സ്ത്രീ ആത്മഹത്യ ചെയ്തതായാണ് റിപ്പോർട്ട്. രാജ്യാതിർത്തികൾക്ക് അകത്തുള്ളവരെയും പുറത്തുള്ളവരെയും രേഖകളുടെ പിൻബലത്തിൽ സാങ്കേതികമായി നിർണ്ണയിക്കുന്ന ഹിംസാത്മമായ വംശീയവെടിപ്പാക്കൽ ആണിവിടെ നടപ്പാക്കപ്പെടുന്നത്. കാലങ്ങളായി തങ്ങൾ ജീവിച്ച മണ്ണെന്ന അനുഭവത്തിന്റെ സാക്ഷ്യം ഫാഷിസത്തിന്റെ ഭരണകൂട യുക്തിക്ക് വിലപ്പോകാറില്ലെന്ന് ചരിത്രം മുമ്പും ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്. അത് സാധാരണ ജനങ്ങളെ വേട്ടയാടി നാടുകടത്തുകയോ സംരക്ഷിത കൂട്ടങ്ങളിലൊതുക്കുകയോ ചെയ്യും. സ്വന്തം മണ്ണിൽ നിന്നടർന്നു പോയി അഭയാർത്ഥികളായിപ്പോയവരുടെ അസ്ഥിരതകൾക്കും അസ്വസ്ഥതകൾക്കും മേലെയാണല്ലോ സ്വതന്ത്ര ഇന്ത്യയുടെ പിറവി തന്നെ. ഇതിപ്പോൾ ചരിത്രത്തോട് പല്ലിളിച്ച് കാണിക്കുന്ന വർദ്ധിത മനുഷ്യത്വവിരുദ്ധതയായി ആവർത്തിക്കപ്പെടുകയാണ്.

വീണ്ടുമൊരു മഴക്കാല കെടുതിയുടെ പിടിയിലായിപ്പോയി കേരളം.ഇത്തവണ വെള്ളപ്പാച്ചിലിനേക്കാൾ ഉഗ്രരൂപിയായത് ഉരുൾപൊട്ടലും മണ്ണിടിച്ചിലുമാണല്ലോ. എന്നാൽ ജനസാന്ദ്രമായ ഈ സംസ്ഥാനത്ത് ക്വാറികളുടെ എണ്ണം പെരുകിവരിക തന്നെ ചെയ്യുന്നു. ഭൂനിലകളുടെ താണ്ഡവം നടമാടിയ നിലമ്പൂർ പ്രദേശത്തു മാത്രം അമ്പതോളം അനധികൃത ക്വാറികളുണ്ടെന്നാണ് അറിയുന്നത്. ഇവയ്ക്ക് കടിഞ്ഞാണിടാനുള്ള രാഷ്ട്രീയ ഇച്ഛയും ഉറച്ച നിലപാടുകളും സർക്കാറിനുണ്ടാവാത്തേടത്തോളം കാലം 'കേരളത്തോടൊപ്പം നിൽക്കുക' എന്നത് ദുഷ്ക്കരമാവുക തന്നെ ചെയ്യും. മാധവ് ഗാഡ്ഗിൽ നടത്തിയ പഠനവും അദ്ദേഹം മുന്നോട്ടുവെച്ച ഗൗരവമാർന്ന നിർദ്ദേശങ്ങളും വിശ്രമവായനയ്ക്കുള്ളവയല്ലെന്ന് നമ്മളിനിയെന്ന് മനസ്സിലാക്കും?

കെവിൻ കൊലപാതക കേസ്സിൽ പ്രതികൾക്ക് ശിക്ഷവിധിക്കപ്പെട്ടത് സ്വാഗതാർഹമായ നീതിയുടെ പ്രതീക്ഷയായി. എങ്കിലും ഈ കൊലപാതകത്തിന്റെ പിന്നിലുള്ള ജാതിഹിംസയെ മറച്ചുവെയ്ക്കുന്ന തരത്തിൽ ദുരഭിമാനക്കൊലയായാണ് ഈ സംഭവത്തെ കുറിച്ച് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു കൊണ്ടിരിക്കുന്നത്. ഇങ്ങനെ കേരളത്തിലെ ജാതിബോധത്തിന്റെ മാരകമായ യാഥാർത്ഥ്യത്തെ മറച്ചു വെയ്ക്കുന്നതിൽ തികഞ്ഞ ഗൂഢാലോചന മാത്രമേ ആരോപിക്കാനാവൂ.

അമേരിക്കയിലെ ബ്രാണ്ടിസ് സർവ്വകലാശാലയുടെ പ്രശസ്തമായ ബ്ലൂ സ്റ്റോൺ റൈസിങ്ങ് സ്കോളർ പുരസ്കാരത്തിന് ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളജിലെ ഗവേഷകയും ദലിത് പ്രവർത്തകയുമായ മായ പ്രമോദ് അർഹയായി. 'ദലിത് സ്ത്രീ എന്ന നിലയിൽ കേരളത്തിലെ ജാതി ഇടുക്കിടങ്ങളിലെ (ghetto) ജീവിതം' എന്ന ലേഖനമാണ് പുരസ്ക്കാരത്തിന് അർഹമായത്. സ്തുത്യർഹമായ അക്കാദമിക നേട്ടമെന്നതിൽ മാത്രമല്ല അതിലും പതിൻമടങ്ങ് മധുരമുണ്ടീ വിജയത്തിന്. മെറിറ്റ് എന്നത് ഒരു വ്യക്തിയുടെ സ്വതസിദ്ധമായ കഴിവുകളിൽ മാത്രം അധിഷ്ഠിതമാണെന്നും അത് വരേണ്യതയിൽ നിന്ന് മാത്രം ഉദ്ഭവിക്കുന്നതാണെന്നുമുള്ള ശ്രേഷ്ഠവാദങ്ങളെ തകർക്കുന്നുണ്ട് മായ. ജാത്യാനുഭവങ്ങളുടെ തീച്ചൂളയിൽ നിന്ന് തീവ്രപോരാട്ടങ്ങളിലൂടെ സ്വന്തം ബുദ്ധിശക്തിയെ മാറ്റുരച്ചാണ് മായ വിജയം കരസ്ഥമാക്കിയത്. നിറഞ്ഞ അഭിനന്ദനങ്ങൾ!

തടവ് സ്വാതന്ത്ര്യത്തിന്റെ അപരാവസ്ഥയാണ്. 'വീടും തടവും' എന്ന പുസ്തകശീർഷകം ഓർക്കുമ്പോൾ ത്തന്നെ സ്ത്രീയവസ്ഥകളുടെ സൂചനയാണ് മനസ്സിൽ വരിക. "പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം" എന്നൊക്കെ കവിവാക്യമുദ്ധരിക്കുന്നവർ സ്ത്രീകൾ എങ്ങനെയാണ് തടവ് എന്ന അനുഭവത്തെ നിത്യജീവിതത്തിൽ അനുഭവിക്കുന്നതെന്ന് ഓർക്കേണ്ടതാണ്. ഈ പരിപ്രേക്ഷ്യത്തിൽ നിന്ന് മാറി ജയിൽ എന്ന തടവറയെക്കുറിച്ച് ചിന്തിക്കുമ്പോൾ ഭരണകൂട നിയമവ്യവസ്ഥകളുടെ ശരി/തെറ്റ് നിർമ്മിതികളിലൂടെയാണ് പൗരജീവിതം നിർണ്ണയിക്കപ്പെടുന്നതെന്നു കാണാം. ഇതിലാകട്ടെ മതപരമായ, ജാതീയ, ലിംഗഭേദ, ലൈംഗികസ്വത്വ, രാഷ്ട്രീയാഭിമുഖ്യ അവസ്ഥകളിൽ അധിഷ്ഠിതമായി നീതിയുടെ വ്യാഖ്യാനങ്ങൾ തീരുമാനിക്കപ്പെടുന്നതും കാണാം. ഹിന്ദുത്വഫാഷിസ അജണ്ടകളിൽ ദേശദ്രോഹത്തിന്റെയും പരദേശി സ്വത്വാരോപണത്തിന്റേയും കൂടി ഉന്മൂലന മാതൃകകൾ ചേർക്കപ്പെടുമ്പോൾ തടവ് ഒരു രാഷ്ട്രീയമുന്നേറ്റരൂപമായി പ്രശ്നവൽക്കരിക്കപ്പെടേണ്ടതുണ്ടെന്ന് കാണാം. കഴിഞ്ഞ പതിനഞ്ചു വർഷത്തിനുള്ളിൽ ഇന്ത്യൻ ജയിലുകളിലെ സ്ത്രീ അന്തേവാസികളുടെ എണ്ണത്തിൽ 61% വർദ്ധനവാണുണ്ടായിരിക്കുന്നത്. എന്നാൽ മൊത്തം തടവുകാരുടെ 4.3% ശതമാനമാണിവർ. പലപ്പോഴും തടവുകാരികൾ കസ്റ്റഡിപീഡനങ്ങൾക്കും ലൈംഗികാതിക്രമണങ്ങൾക്കും ആരോഗ്യപരിരക്ഷയില്ലായ്മയ്ക്കും വിധേയരാവാറുണ്ട്. കുറ്റകൃത്യം ഒരു ആൺപ്രവർത്തിയാണെന്നും അതിനാൽ അതിൽ ഏർപ്പെടുന്ന സ്ത്രീയെ അതിനും കൂടെ ക്രൂരമായി കൈകാര്യം ചെയ്യേണ്ടതുണ്ടെന്നുമുള്ള തോന്നൽ പ്രബലമാണ്. ജനാധിപത്യത്തിനും സ്വൈര്യജനജീവിതത്തിനും വേണ്ടിയുള്ള മുന്നേറ്റങ്ങൾ നയിക്കുന്നതിനാണ് മറ്റൊരു തരം തടവ് സ്ത്രീകൾ അനുഭവിക്കേണ്ടി വരുന്നത്. സ്ത്രീകളുടെ പല അവസ്ഥകളിലുള്ള ജയിൽ ജീവിതത്തെ അടയാളപ്പെടുത്തുന്ന 'തടവുകാരി' എന്ന വിഷയം ചർച്ച ചെയ്യുന്ന അശ്വതി സേനൻ അതിഥി പത്രാധിപയായ സെപ്തംബർ മാസം സംഘടിത ശ്രദ്ധാപൂർവ്വമായ വായനയ്ക്കായി സമർപ്പിക്കുന്നു.

## അതിഥിപത്രാധിപക്കുറിപ്പ്



**അശ്വതി സേനൻ**

# തടവറകൾ തയ്യാറാകുമ്പോൾ

**ക**ശ്മീർ താഴ്‌വരയിലെ 70 ലക്ഷത്തോളം ജനത പാർലമെന്റ് അനുശാസിച്ച, നിയമപരമെന്നു ഭരണത്തിലുള്ള സർക്കാർ പറയുന്ന തടവറയിൽ കഴിയാൻ തുടങ്ങിയിട്ടു ഒരു മാസം പിന്നിടുമ്പോൾ, ആസാമിൽ നാഷണൽ രജിസ്റ്റർ ഓഫ് സിറ്റിസൺസ് ഓഫ് ഇന്ത്യ എന്ന പൗരത്യ രജിസ്റ്റർ വഴി പത്തൊമ്പത് ലക്ഷത്തോളം ആളുകൾ 'ഡിറ്റെൻഷൻ സെന്ററു'കളിലേക്കു തുരത്തപ്പെടാൻ രാജ്യം ഒരുങ്ങുമ്പോൾ, UAPA, PSA മുതലായ സുരക്ഷാ നിയമങ്ങൾ ഉപയോഗിച്ച് സാമൂഹികപ്രവർത്തകരെയും, പത്രപ്രവർത്തകരെയും, എഴുത്തുകാരെയും, അദ്ധ്യാപകരെയും മറ്റും ജാമ്യമില്ലാ വകുപ്പിന്മേൽ ജയിലിലടയ്ക്കുമ്പോൾ, നമുക്ക് മുന്നിൽ അഴികൾ മാത്രമോ എന്ന് ചിന്തിക്കാതിരിക്കാൻ സാധിക്കില്ല.

ജയിൽ-സ്ത്രീ എന്ന വിഷയം ഒരു ലക്കം സംഘടിതയിൽ ചെയ്യണം എന്ന് വിചാരിച്ചതും ഈ പശ്ചാത്തലത്തിലാണ്. എഴുതുവാൻ സാധ്യതയുള്ളവരോട് സംസാരിച്ചു തുടങ്ങിയപ്പോൾ ചർച്ചയുടെ തുടക്കത്തിൽ മിക്കപ്പോഴും സ്ത്രീ എങ്ങിനെ സമൂഹ നിർമിത ചട്ടക്കൂടുകളിൽ, കുടുംബം, മതം, ശരീരം എന്നിവയുടെ കുടുക്കിൽ അകപ്പെട്ടു ജീവിക്കുന്നു എന്നതിനെക്കുറിച്ചാണ് പലരും പറഞ്ഞു തുടങ്ങിയത്. എന്നാൽ നിയമനിർമ്മിത, സ്റ്റേറ്റിന്റെ മേൽനോട്ടത്തിൽ, പോലീസ്, ജയിൽ എന്ന വ്യവസ്ഥയെ കുറിച്ചാണു ആലോചിക്കുന്നത് എന്നത് പിന്നീട് വളരെ കൗതുകകരമായ ചില ചർച്ചകൾക്കും വഴിയൊരുക്കി. പക്ഷെ ഈ ലേഖനങ്ങളിൽ നമുക്ക് കാണാൻ കഴിയുന്നത് ആദ്യം പറഞ്ഞ ആലോചനകളുടെ മറ്റൊരു വശം തന്നെയാണ്. സ്വന്തം ശരീരത്തിന് മേലുള്ള അവകാശം നിഷേധിക്കുക, ആ വിലക്കുകൾ മറികടക്കാൻ ധൈര്യപ്പെട്ടാൽ അതിനു ശിക്ഷിക്കുക, ആ ശിക്ഷ അനുഭവിക്കുന്ന തടവിലും അവളുടെ ശരീരത്തിന്മേൽ കാവൽക്കാർ ആക്രമണം അഴിച്ചുവിടുക, ഏതു നിയമത്തിന്റെ പേരിലാണോ അവരെ തടവിലടച്ചത്, അതെ നിയമുപയോഗിച്ചു അവരെ നിരന്തരമായി ശല്യം ചെയ്യുക, തങ്ങൾക്കു അവകാശങ്ങൾക്കായി പോരാടുന്നവരെ ലക്ഷ്യം വെക്കുക എന്നതൊക്കെ കാണിക്കുന്നത് തടവറയും അതിന്റെ അഴികളും സ്ത്രീകൾ മേൽപറഞ്ഞ അതെ ചട്ടകൂടുകളിൽ നിന്നും സ്വതന്ത്രരല്ല എന്നാണ്.

നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ 2016-ലെ കണക്കു പ്രകാരം ഇന്ത്യയിലെ മൊത്തം തടവുകാരിൽ 4.3 ശതമാനമാണ് സ്ത്രീകൾ, ഏതാണ്ട് 17,834. ഇന്ത്യയിലെ 1400 ഓളം ജയിലുള്ളപ്പോൾ അതിൽ പതിനെട്ടെണ്ണം മാത്രമാണ് സ്ത്രീകളുടേത്. ഇവിടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യം, ഭക്ഷണം, ശുചീകരണം മുതലായവയ്ക്ക് പലപ്പോഴും സർക്കാരിന്റെയോ മീഡിയയുടെയോ ശ്രദ്ധ കിട്ടാറില്ല. അത് കൊണ്ട് തന്നെ അവർ അനുഭവിക്കുന്ന വസ്തുതകൾ നമ്മൾ പലപ്പോഴും അറിയാതെ പോകും.

ജയിലിലെ സ്ത്രീകളുടെ ശാരീരിക-മാനസിക ആരോഗ്യം, തടവറയിലെ സ്ത്രീകളുടെ അനുഭവത്തിന്മേൽ വന്നിട്ടുള്ള നോവൽ, കവിത എന്നിവയെ കുറിച്ചുള്ള പഠനം, സ്വാതന്ത്ര്യ ചരിത്രത്തിൽ ഇന്ത്യയിൽ പങ്കെടുത്തിട്ടുള്ള, എന്നാൽ നമ്മൾ കണ്ടു പരിചയമില്ലാത്ത സ്ത്രീ സാന്നിധ്യം, ആഗോളതലത്തിൽ അയർലൻഡ്, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിലെ സ്ത്രീകളുടെ അവസ്ഥ, ഇന്ത്യയിൽ ഇന്ന് സമരമുഖത്തു നിൽക്കുന്ന സോണി സോരി, സുധാ ഭരദ്വാജ് എന്നിവരെക്കുറിച്ചും, തടവുകാരികളായ സ്ത്രീകൾ, കേരളം കണ്ട സ്ത്രീ തടവുകാരിൽ അജിതച്ചേച്ചിയും രഹന ഫാത്തിമയെയും കുറിച്ചുള്ള കുറിപ്പുകൾ, ഈ ലക്കത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു എന്നത് തീർത്തും സന്തോഷകരമായ വസ്തുതയാണ്. ഈ ലക്കത്തിന്റെ കവർ ചെയ്ത ജസീല ലുലു, ചില ലേഖനങ്ങളുടെ തർജ്ജിമ ചെയ്ത സിന്ധു ജോസ് എന്നിവരോട് പ്രത്യേക സ്നേഹം. എന്നിരുന്നാലും സിന്ധു പറഞ്ഞ മലയാളികളുടെ ജയിൽ-സ്ത്രീ ഓർമയായ 'മതിലുകളിലെ' കാമുകി, അഥവാ കെ പി എ സി ലളിതയെപ്പറ്റി ഒരു ലേഖനം ഉണ്ടായില്ല എന്നതിലെ ഖേദവും അറിയിക്കട്ടെ.

'തടവുകാരി' എന്ന വിഷയത്തിന്മേലുള്ള ഈ ലക്കം ചെയ്യാൻ പ്രേരിപ്പിച്ചത് ഈ വർഷം ജനുവരിയിൽ ഡൽഹിയിൽ നടന്ന 'ബാന്ദിനി: പ്രതിരോധത്തിലെ സ്ത്രീകൾ, തടവറയിലെ സ്ത്രീകൾ' എന്ന പരിപാടിയിൽ കേൾക്കാനിടയായ സ്ത്രീകളുടെ അനുഭവങ്ങളാണ്. പലപ്പോഴായി കണ്ട, സംസാരിച്ച, വായിക്കാനിടയായ പല സമരമുഖത്തെ സ്ത്രീകളും, ഒരു ഫെയ്സ്ബുക്ക് പോസ്റ്റിന്റെ പേരിലോ, പത്ര റിപ്പോർട്ടിന്റെ പേരിലോ, ഫോൺ കോളിന്റെ പേരിലോ, പുസ്തകം കൈവശമുള്ളതിന്റെ പേരിലോ, ഇന്ന് രാജ്യത്തിൽ നടക്കുന്ന മനുഷ്യാവകാശ ലംഘനത്തിനെതിരെ ശബ്ദമുയർത്തുന്നതിന്റെ പേരിലോ, നമ്മൾ ഓരോരുത്തരും ഇന്ന് 'അറസ്റ്റ്' എന്ന ഭീഷണിയുടെ നിഴലിലാണ്. അത് കൊണ്ട് തന്നെ ഇതിലെ പല കുറിപ്പുകളും നമ്മിൽ നിന്നു അത്ര ദൂരത്തിലല്ല എന്ന് പറഞ്ഞു നിർത്തട്ടെ.

*(അശ്വതി സേനൻ ഡൽഹിയിൽ ഗവേഷകയാണ്)*




# ഒരു കൗൺസെലറുടെ ഡയറികുറിപ്പ്

ആദ്യമായി കോഴിക്കോട് ജയിലിൽ ക്രിമിനൽ സൈക്കോളജിസ്റ്റായി ചേർന്നപ്പോൾ എനിക്ക് പേടി തോന്നിയില്ല. വിചാരിച്ച പോലെ ഉമ്മാന്റേം ഉപ്പാന്റേം വക മെലോഡ്രാമാ വിഭാഗം അഭിനയ പരമ്പരകളും കണ്ടില്ല.



ആയിഷ മഹ്മൂദ്

എല്ലാരും ഒരു തരത്തിൽ ഹാപ്പിയായിരുന്നു. ഉപ്പ ആകെ പറഞ്ഞത് ഇതു മാത്രം.. "പാവം ക്രിമിനൽസ്." ഞാനാണല്ലോ അവരെ നന്നാക്കാൻ പോകുന്നത്! ഉമ്മന്റെയും ഉമ്മാമന്റെയും ആകെയുള്ള കമന്റ്, "ഇത്രേം കാലം ആയി സെവ്ടേയാന്ന് ചോയിച്ചാല്, മങ്ങലാപുരത്ത് ആസ്പത്രീലാന്ന് പറയെയ്നി, ഇതിപ്പം "ഓള് ജെയിലിലാന്ന് പറയണ്ടെ?"

മൂന്നു ദിവസം കോഴിക്കോട് ജയിലിലും, മൂന്നു ദിവസം വിയ്യൂർ സെൻട്രൽ ജയിലിലുമാണ് എന്റെ ലീലാവിലാസങ്ങൾ.

ആദ്യത്തെ ദിവസം, അപ്പോയ്ന്റ്മെന്റ് ലെറ്ററുമായി കോഴിക്കോട് ജയിലിന്റെ മുമ്പിലിറങ്ങി. മുൻവശം നിറയെ ആളുകളാ, ഞാൻ കുളൂസിൽ നടന്നു കയറി, പടി ചവിട്ടിയതും ഒരു തോക്കും ഒരു തൊപ്പി പോലീസും കണ്ണുരുട്ടി ചോദിച്ചു, "മ്ം എങ്ങോട്ടാ പാഞ്ഞു കേറുന്നത്? എഴുതിട്ടിട്ട് അവിടിരി." ഞാനൊന്ന് വെളുത്തു. വളരെ വിനീതയും നമ്രതയും പാത്തുവും ആയി ഞാൻ പറഞ്ഞു, "ജോലിക്ക് ചേരാൻ വന്നതാ." എന്റെ അപ്പോയന്റ്മെന്റ് ലെറ്റർ വാങ്ങി നോക്കി, "അദ്ദേഹം" അകത്തേക്ക് പോകാൻ ആംഗ്യം കാണിച്ചു. കോഴിക്കോട് ജയിലിനു മൂന്നു കടമ്പയാ, ആദ്യത്തെ ഗേറ്റ് ആർക്കും കടക്കാം, രണ്ടാമത്തത് വിളിച്ചാൽ മാത്രം. മൂന്നാമത്തെ ഗേറ്റാണ് ജയിലിനകത്തേക്ക് പ്രവേശിക്കേണ്ട യഥാർഥ ഗേറ്റ്. ആ ഗേറ്റ് എത്തിയാൽ മുട്ടുക, അപ്പോൾ ഒരു കിളിവാതിൽ തുറന്നു ഒരു കണ്ണു ചോദിക്കും, "മ്മ്?" ഞാൻ കത്ത് കാണിച്ചു, എന്നെ നേരെ സൂപ്രണ്ടിന്റെ അടുത്തെത്തിച്ചു. ഞാൻ കത്തു കൊടുത്തു,

ഫോർമാലിറ്റീസ് ഒക്കെ പൂർത്തിയാക്കി. എനിക്ക് വേണ്ടി ഒരു മുറി ഒരുക്കാൻ സ്ത്രീകളുടെ ജയിലിലേക്ക് ഉത്തരവു പോയി.

ഞാൻ ഫുൾ റെഡിയായി നിൽക്കുകയാണ്. ഈ ജയിലെന്നു പറയുന്നതൊന്നും നമുക്ക് പുതുമയല്ലാലൊ? സ്ഥിരമായി സീരിയലിലെ പാവം നായിക അഴികളിൽ പിടിച്ച് വിങ്ങിപ്പൊട്ടുന്നതും, സിനിമയിലെ നായകന്മാർ കസറുന്നതും കണ്ടതല്ലെ! ആകെയുള്ള പേടി ചുവന്ന കണ്ണും, വലിയ മൂക്കിന്റെ ഓട്ടയും, മസിലുരുണ്ട ശരീരവുമുള്ള ഗുണ്ടാ ടീംസിനെയായിരുന്നു. ഞാൻ സൂപ്രണ്ടിന്റെ ഓഫീസു വിട്ടിറങ്ങി, ഷർട്ടൂരിയും ഊരാതെയും പകുതി ഊരിയതുമായ കുറെ പേരവിടെ നിൽക്കുന്നുണ്ട്. അതിലൊരുത്തൻ ചോദിച്ചു, "പുതിയ കേസാ? എന്താ കേസ്?" എന്റെ കോൺഫിഡെൻസ് മുയുമനും 'ഫൂ' എന്നൊരു പോക്ക്. നാളെ വരുമ്പും ഒന്നും കൂടി നന്നായി കുളിച്ച് മൊഞ്ചാകണം എന്നു മനസ്സാ വാചാ ഉറപ്പിച്ചു ഞാൻ ബാക്കിയുള്ള കോൺഫിഡൻസിൽ തൂങ്ങിപ്പിടിച്ചു നടന്നു. വാർഡൻ താക്കോലുമെടുത്ത് എന്നെ സ്ത്രീകളുടെ ജയിലിൽ ആക്കാൻ കൂടെ വന്നു. മൂന്നാം ഗേറ്റിനു പുറത്താണ് സ്ത്രീകളുടെ ഗേറ്റ്.

ഞാൻ അകത്തു കേറിയതും വളരെ ഉത്സുകരായ കുറെ പേർ എന്നെ കാണാൻ വന്നു. എനിക്ക് ആകെ നാണം! ഞാൻ മതിലുമ്മൽ പറ്റി നിക്കുകയാണ്. പെട്ടന്നൊരു ശബ്ദം, "എന്തെ, എല്ലാരും കായ്ച്ച കാണ്ന്നത്? അയിനു കൊറച്ച് കാറ്റും വെളിച്ചോം കൊട്.. മ്ം പൊയ്ക്കൂട് എല്ലാ ഈറ്റിങ്ങളും." എല്ലാരും തിരിച്ചു പോയി അവരവരുടെ കാരംബോർഡു കളിയും, തിരുമ്പലും, പേൻ നോക്കലും, വായനയും തുടർന്നു. ഞാൻ പുതിയ താരത്തെ നോക്കി കണ്ടു. ഒരു മെലിഞ്ഞൊട്ടിയ ശരീരം, വലിച്ചു പുറകോട്ട് പിന്നിയിട്ട കുറച്ച് മുടി, മുറിപ്പാടുകൾ നിറഞ്ഞ കൈകൾ, ചെറിയ മുഖം...സുന്ദരമെന്നു പറയാനാവില്ല, പക്ഷെ ശക്തവും വളരെ ആകർഷകവും. ഏറ്റവും ആകർഷണീയം ഒരു പക്ഷെ അവളുടെ കണ്ണുകളായിരിക്കണം. അതൊരു പതിനാറുകാരിയുടേതായിരുന്നു, തെളിഞ്ഞതും തിളങ്ങുന്നതും.

ഞാൻ വണ്ടറടിച്ചു നിൽക്കുകയായിരുന്നു, "സാറിന്റെ പേരെന്താ?"

"ആയിശ" ഞാൻ പറഞ്ഞു.

"ഓ ഞമ്മടാളാ! ഇങ്ങളെ വീടെവിടാ?"

"കോഴിക്കോടു തന്നെ"

അങ്ങനെ വിസ്താരം നീണ്ടു പോയി.

"ഇന്റെ പേര് സൂറ... മുട്ടായി സൂറാന്ന് പറഞ്ഞാ എല്ലാർക്കും അറിയും. പിന്നെ വേറൊര്ത്തിണ്ട്, പഞ്ചാര സൂറ- ഓള് കഞ്ചാവേസാ. ഇപ്പം കോടതീപ്പോയതാ, ഓള ചെങ്ങായിനെ അപ്പറത്ത് പോവുമ്പം ഇങ്ങക്ക് കാണാ, കുയിലു സുരേസ്. ഇങ്ങക്ക് ചായ കിട്ടീനെയ്നൊ? ഇല്ലേ? ഇന്നാ എന്റെയിന്നും അര ക്ലാസ് എട്ത്തോ..."

അതെയ്നും എന്റെ ആദ്യത്തെ വെൽക്കം സ്പീച്ച്. കണ്ണടിച്ചു പോകുന്ന മധുരമുള്ള ചായ മൊത്തി ഞാൻ പരുങ്ങി ഇരുന്നു. ഒരു സ്റ്റാർട്ടിങ്ങ് ട്രബിൾ. എന്റെ റൂമൊക്കെ ഒരു മേശയും കസാലയും ഒരു ബൾബും ഇട്ട് മൊഞ്ചാക്കി ആണ്ങ്ങള ജയിലിന്നും കൊണ്ടോന്ന മത്തായിയും രാജനും പോയ ഉടൻ, കൈ നിറച്ചും കൊറേ മമ്മൂട്ടിന്റേയും മോഗൻലാൽന്റേയും വളരെ കഷ്ടപ്പെട്ട് അരികിൽ കൂടി വെട്ടിയ ചിത്രവും കൊണ്ട് വന്നിട്ട് ചോയിച്ചു, "സാറെ, ഇതു സാറിന്റെ ഓഫീസില് പറ്റിക്കട്ടെ? നമ്മള മുറീല് പറ്റിച്ചാല് ആ ജെമീലാ മേഡം തൊള്ളടും. സാറിനോടാവുമ്പം മൂപ്പത്തി മുണ്ടൂല... ഇങ്ക്ക് മമ്മൂട്ടിനിഷ്ടല്ലെ? പിർത്തിരായിന്റെ ഫോട്ടം മുയുമനും ആ തുള്ളിച്ചിയേള് ഫൈലൂസും സിത്താരേം എട്ത്താളഞ്ഞ്, ഇങ്ങാക്ക് വേണങ്കി ഞാൻ മാങ്ങി തരാം..."

ഒരു പത്തു മിനിട്ടിന്റെ ഉള്ളില് അവിടുത്തെയ് കാര്യസ്ഥ സൂറാത്താന്ന് മനസ്സിലാക്കാൻ എനിക്ക് വഹി എറങ്ങേണ്ട കാര്യമൊന്നും ഇല്ലെയ്നും... മൂപ്പത്തി ആ സബ്ദം ഒന്ന് കനപ്പിച്ചാല് ഒരൊറ്റൊരാള് അനങ്ങൂല...

ആദ്യത്തെ ദൌസം ജയിൽ വാസം കയിഞ്ഞ് വീട്ടിലെത്തിയ എനിക്ക് കൽബിലു തെളച്ച് മറീന്ന പിരിസോം കൊണ്ട് വീട്ടിലെ എല്ലാ മഹതികളും ചായേം കടീം ആക്കി ഇരിപ്പുണ്ട്. ചായക്ക് കടി തേങ്ങേം പഞ്ചാരേം ഇട്ട കോതമ്പുണ്ട! എന്തൊരു ഹ്യൂമർ സെൻസ്... ഈനെയൊന്നും ബരച്ച ബരമ്മല് നിർത്താത്ത പിയാപ്ലമാരെയ് പറഞ്ഞാ മതിയല്ലൊ? ഞാൻ വളരെ കൌരവത്തില് അനൌൻസ് ചെയ്തു, "നല്ലുസാറ് ചായേം പയം പൊരിച്ചതും ഞാൻ കുടിച്ചിക്ക്ണ്, എനിക്കിനി ചായ മേണ്ട. ഞാൻ പോയിസ്ക്കരിച്ച് കൊറച്ചേരം കെടക്കട്ടെ.." ജയിൽ ബിസയങ്ങൾ കേക്കാൻ മുട്ടി നിക്ക്ന്നോലെ മുയുമനും എന്റെ മൂടും കാണിച്ച് ഞാൻ ഔത്തേക്ക് നടന്നു. ബു ഹ ഹ ഹാ.. എന്നോട് കളീച്ചാൽ അങ്ങനെയിരിക്കും! പോന്ന പോക്കിൽ ഒരു "ഗ്ലൂ" ഇട്ട് കൊട്ക്കാൻ ഞാൻ ചോയിച്ചു, "ഇന്നത്തായത്തിനെന്താ?" മര്യാദക്ക് പല്ലിലു കുട്ങ്ങ്ന്ന വല്ലോം ഇണ്ടാക്കിയാല് ഇങ്ങക്ക് കിസ്സ കേക്കാം, ഇല്ലെങ്കിലേ "കാദിരിക്കോയന്റെ കെട്ടിയ്യോളെ അമ്മായിന്റെയ്..." കിസ്സ തന്നെ ഇന്നു ലാത്തിരീം 342-ആം എപ്പിസോടായി തൊടർന്നോളി...

പിറ്റേന്ന് രാവിലെ ജയിലിൽ പോയി ഇറങ്ങിയതും മുമ്പിലു നിക്ക്ന്ന് ലണ്ട് കാക്കികളും ചൌട്ടി സല്യൂട്ടടിച്ചപ്പം, ഷഡ്ഡീല് മുള്ളീലാന്നേള്ളൂ- വെരണ്ടു പോയി! ആദ്യം വിജാരിച്ചത് വെടി വെക്കാൻ്ള്ള പൊറപ്പാടാന്നാ. ഓഫീസിലു കേറി മതിലുമ്മല് പല തരത്തില് പറ്റി നിക്ക്ന്ന മമ്മൂട്ടിനേം

മീരാ ജാസ്മിന്നേം, എവ്ടേം പെടാത്ത ഒരു സ്പൈഡർമാനേം ("ഇന്റെ ചെറിയോന് ഈനെ വെലിയ ഇസ്റ്റാ" സൂറാത്ത പിന്നെ വെളിപ്പെടുത്തി) നോക്കി ഞാൻ അന്തം വിട്ട് നിക്ക്മ്പം സൂറാത്ത കേറി വന്നു, കൂടെ ഒരു വയസ്സത്തീണ്ട്, "നോക്കീന്ന്, ഇങ്ങള് പൊന്നമ്മേട്ത്തിന്റെ കേസ് ബിസ്ത്തരിക്കാൻ മേണ്ടി പനമരത്തിന്നും ആ പോലിസ് ചെക്കൻ പറഞ്ഞിട്ട് വന്നെ അല്ലെ? അല്ലെ?" കണ്ണിറുക്കി, പൊന്നമ്മേടത്തിനെ പറ്റിക്കാനാന്ന് ഗോഷ്ഠി കാണിച്ച് സൂറാത്താ ചോയിച്ചു.

"ആന്നോ, സാറെ?" പൊന്നമ്മേടത്തീം ചോയിച്ചു.

ഞാൻ അതേന്ന് തലയാട്ടി. സൂറാത്ത ഖുഷ് ഹുആ, മൂപ്പത്തിന്റെയ് കുരുത്തക്കേടിന് പറ്റിയ ഒരുത്തിനെയ് തന്നെ കിട്ടിയല്ലോ എന്നുള്ള ഖുഷി. നാടകം തൊടന്നോണ്ട് സൂറത്താ പറഞ്ഞു, "സാറെ, അതില്ലെ.. ഈ പൊന്നമ്മേടത്തില്ലെ അറിയാണ്ട് ചെയ്തോയതാന്ന് ഇങ്ങള് സൂപ്ര ണ്ടിനോട് പറഞ്ഞതല്ലെ? എല്ലെങ്കിലും കർതി ക്കൂട്ടീട്ട് ആരെങ്കിലും കെട്ടിയോനെ കൊന്ന് പൊയേലു മുക്കൊ? അയാക്ക് ദൌസോം മൂക്കറ്റം കുടിച്ച് എട്ത്തിട്ട് പൂസാം, അയിനു കോടതീം ചോയിക്കലും പറച്ചിലും ഇല്ല. ഗതി കെട്ടിട്ട് അവസാനം നമ്മളൊന്ന് നീർന്ന് നിന്ന് അങ്ങോട്ട് ഒന്നു കൊട്ത്തപ്പം ഓന്റെ കാറ്റും പോയി. ഇങ്ങള് ബേജാറാവണ്ട പൊന്നമ്മേട്ത്തീ, ഇപ്പത്ത ജഡ്ജി ഒരു മാതിരി സാമാനാണെങ്കിലും അയാക്ക് പറഞ്ഞാ മനസ്സിലാവും. ഈ സാറ് പറഞ്ഞോളും. ഇങ്ങള് കരച്ചിലും പീച്ചലും നിർത്തി നല്ലോണം തടി നന്നാക്കാൻ നോക്ക്. മ്ം പോയി ചായുടിച്ചൂട്, ഞമ്മളെ സാറിന്ള്ള ചായ കൊണ്ടേയി കൊട് ക്കട്ടെ."

ഒരു മൊത്തം കൗൺസെലിങ്ങ് തന്നെയ് ഞാൻ മുയിച്ച് നിക്കുമ്പം അവിടെ സൂറാത്ത പൂർത്തിയാക്കി. "പാവാന്ന്, അയാള മേല് വേദനാ ക്കലും കുടീം ഈ തള്ളക്കൊക്കെ നമ്മള പോലെ സയിക്കാൻ പറ്റുഒ? കൊറെ കൊണ്ടപ്പം ഒന്ന് തിരിച്ച് കൊട്ത്തതാ അയാള് ചത്തോയി. അയാള് ജീവനി ള്ളപ്പ കൊറേ കണ്ണീരുടിപ്പിച്ച്, ഇപ്പം അയാള് ചത്തിട്ടും അയാളെ പേരില് കൊറേ കുടിക്ക്ന്ന്. കേസും കൂട്ടോം കയിഞ്ഞ് വിധി വെരുമ്പളേക്ക് ഇയമ്മയും ചാവും, അത് വെരെ പാവം സമാധാ നത്തില് കയിഞ്ഞോട്ടെ. ഇങ്ങളോട് എന്തെങ്കിലും ചോയിച്ചാല്, ഇങ്ങള് പറഞ്ഞു പറ്റിച്ചാ മതി..."

എനിക്ക് സൂറാത്തനോട് ഭയങ്കരമായി ഇഷ്ടം തോന്നിത്തുടങ്ങി. രാവിലെ എനിക്കുള്ള ഓരോ ഗ്ലാസ് ചായന്റേം കൂടെ മൂപ്പത്തിന്റെ ചില്ലറ ശിപാ ർശകളും കാണും, "സാറെ, ഇന്നുച്ചക്ക് ഇങ്ങള് അപ്പറത്ത് പൊവ്വുമ്പം ആ രാജൻ സാറിനോട് ഒന്ന് ഈ ടിവി നന്നാക്കി തരാൻ പറയോ? ഐഡ്യാ സ്റ്റാർ സിങ്ങറ് കാണാനേ പറ്റ്ന്നില്ല! ആക കൂടി ഒര് മണിക്കൂറാ അയിന്റെയ് പക്തി നേരോം ആ സാമാനത്തില് ഒന്നും കാണൂലാ.."

"സാറെ ഒര് പുതിയൊര്ത്തി വന്നീന് വന്നത് മുതല് കരച്ചലും പീച്ചലുആ... കണ്ടിട്ട് പുതിയ താന്നാ തോന്നത്. ഇങ്ങള് ഒന്ന് മുണ്ടി നോക്കി" "ഇതാര വന്നേന്ന് കണ്ടോ സാറെ? കണ്ണൂർ നളിനി... ഇവളും ഞാനും കൂടി വിയ്യൂർ ജെയിലില് കെട ന്നപ്പം ഇണ്ടായ ഓരോ രസം..." "സാറെ, ഇങ്ങള് നാളെ വെരുമ്പം ഒരു മുല്ലന്റെ തൈ കൊണ്ടേയി തരുഒ?"

എല്ലാരേയും പരിചയപ്പെട്ത്തീം ചീത്ത പറഞ്ഞും നടക്ക്ന്ന സൂറന്റെ കിസ്സ മാത്രം ഞാൻ കേട്ടീല... ആരും പറഞ്ഞന്നതുമില്ല... എന്റെ ജന്മ സിദ്ധമായ ഫിത്ന സ്റ്റൈലിൽ ചോയ്ക്കാനും പറ്റീല. അങ്ങനൊരീസം സൂറ വളരെ "പേസണ ലായിട്ട് സാറിനോട് ഒരുപകാരം ഞാൻ ചോയി ക്കട്ടെ" എന്ന് ചായന്റെയ് കൂടെ ചോയിച്ചു. എനിക്ക് ഒര് ചെറിയ പേടി... വല്ല കള്ളും കഞ്ചാവും കടത്താനായിരിക്കും, എന്തായാലും ജെയില്പുള്ളിയല്ലെ? എന്നാലും മുഖത്തിന്റെയ് മസിലിന് യാതൊരു കോട്ടവും തട്ടിക്കാതെ ഞാൻ ചോയിച്ചു, "എന്താ?" "സാറൊന്ന് കുതിരവട്ടത്ത് എന്നെ കെടത്താൻ പറയോ?" എന്റെയ് എല്ലാ മസിലും തൂങ്ങി പോയി! അ അ ആ ഇതിനു പിരാന്തെയ്നോ? തൂങ്ങിയ മസിലൊക്കെ വാരി ക്കൂട്ടി ഒരു ചിരി ചിരിച്ചിട്ട് ഞാൻ സൂറനോട് കുശലം ചോദിച്ച്, "ഇങ്ങക്കെന്തിന്ന ഇപ്പം പിരാ ന്താസ്പ്പത്രി?"

"പിരാന്തായിട്ടല്ല സാറെ, പിരാന്താവാണ്ട് ക്കാനാ... ഇങ്ങക്ക് എന്റെ കയ്യ് കണ്ടാ മനസ്സിലാ യിട്ട്ണ്ടാകും, ഞാൻ നന്നായിട്ട് മയക്ക്മര്ന്ന് കുത്തിയെക്കും. ഇപ്പം അതില്ലാത്തോണ്ട് പൈക്കു ന്നൂല്ലാ ഒറൊക്കോല്ലാ പള്ളെയിന്നാണെങ്കില് വെല്ലാത്തൊര് ആന്തല്. മയക്ക് മരിന്നിനടിമ യായോല്ക്ക് കുതിരവട്ടത്ത് സികിത്സ ഇണ്ട്ന്ന് പേപ്പറില് ഞാൻ വായിച്ചീനും. ഏതായാലും ജെയിലിലാ പണിയൂല്ല, ഇങ്ങനെ മാറെങ്കില് പണ്ടാരം പിടിച്ച പിടി വിടുവല്ലോ? ഇങ്ങള് പറയൊ?"

ഒരായ്ച്ച കൈഞ്ഞ് ഞാൻ കുതിരവട്ടത്ത് സൂറനെ കാണാൻ പോയി, കാവലിന് രണ്ട് പോലീസൊക്കെ ഉണ്ട്. "സാറ് കയ്യും വീസിയാ ലോഗിനെ കാണാൻ മന്നത്?" പോലീസുകാരനോട് കണ്ണിറുക്കി എന്നെ പറ്റിക്കാനാ എന്ന് ഗോഷ്ഠി കാണിച്ച് മൂപ്പത്തി ചോയ്ച്ചു. "സൂറാത്തക്ക് എന്താ വേണ്ടേ എന്ന് ചോയിച്ചിട്ട് വാങ്ങാന്ന് വിജാരിച്ചിട്ടാ" ഞാനും കളിച്ചു. ഒര് അധികാരി + സന്ദർശക റോളിലേക്ക് മാറി, എന്റെ ഫയലൊക്കെ പുറത്തെ ടുത്ത് ഞാൻ ചോദിച്ചു, "ചികിത്സയൊക്കെ എങ്ങനെ സൂറാത്താ?"

**ആയിസ സാറിന്റെ എല്ലാ വെളവും അവിടെ, ആ നിമിഷം ചെലവായി പോയി. എല്ലാരും ആയിസ സാറിനെ ഉണ്ടക്കണ്ണിട്ട് നോക്കി. ആയിസ സാറിനെ വിളിക്കാൻ നാലു പേര് എന്റെ ഓഫീസിലേക്ക് പാഞ്ഞു, ഒന്ന് മൂളിയാ കേക്കുന്ന ദൂരെ ആയിസ സാറിന്റെ ഓഫീസിനുള്ളൂ എങ്കിലും. ആയിസ സാറ് കണ്ണിലേക്ക് ടോർച്ചടിച്ച് തവളനെ പോലെ ഇറങ്ങി വന്നു, "എന്താ സൂറാത്താ ഇങ്ങള്വ്ടെ? ഇങ്ങളെ ഡിസ്ച്ചാർജ് പതിനാലാം തീയ്യതിയാന്നാണല്ലോ ഡോക്ടറ് ഇന്നലെ എന്നോട് പറഞ്ഞത്.." എന്റെ തലന്റെ ബാക്കിലൂടെ എന്തായിരിക്കും ഞാൻ ചെയ്തത് എന്ന് ചോദ്യം സ്പീഡില് ഓട്ന്ന്ണ്ട് ഇനി ഞാൻ കേട്ട ഡേറ്റ് തെറ്റിയോ? ഞാൻ കൊട്ത്ത മെഡിക്കൽ റിപ്പോർട്ടിലു ആവശ്യല്ലാത്തേടത്ത് ഞാൻ ഒപ്പിട്ടോ? ഇനി ഞാൻ എഴുതി ചേർത്ത അബ്യൂസ് ഹിസ്റ്ററിയില് വല്ലതും കൂടേ കൊറയേ ചെയ്തോയോ?**

"സാറപ്പം ഈ ഫോറം മുയുമിക്കാനാ അല്ലെ മന്നത്? അല്ലാണ്ട് സൂറനെ കാണാനല്ല സികിത്സൊക്കെ മരുന്നു കുത്തിവെപ്പും കൌസിലിങ്ങും ആയി പോണ്ണ്ട് സാറെ, ഇബടത്തെ സിസ്റ്റെമ്മാരെയാ സയിച്ചൂടാത്തെ, ഞാൻ നല്ലൊന്ന് മൊഖടച്ച് കൊട്ക്കണംന്ന് കൊറെ ദൌസായി ബിജാരിക്ക്ന്ന്, അയിന് ഈ ലണ്ട് പഹയന്മാരും ഇബ്ട്ന്ന് മാറണ്ടെ. കണ്ണെറ്റിയാ എനിക്ക് തിന്നാൻ തരൂലാന്ന്! ഈ ആനനെ അടിച്ച് മയക്ക്ന്ന ജാതി മര്ന്നാ തര്ആ, നമ്മള് ഒറങ്ങി പൂവും എടക്ക്, പഹച്ച്യേള് ഒണർത്തൂലാന്ന്! നമ്മള് പിന്നെ ജെയിൽ പുള്ളിയല്ലെ, തിന്നില്ലേലും മരിക്കൂല്ലാന്നേറ്റാന്ന് ബിസാരം.. എനിക്കാണെങ്കി ഈ മര്ന്നൊക്കെ വലിച്ച് കേറ്റീറ്റ് പൈച്ചിട്ട് കന്ന് കാണൂല."

രണ്ട് മൂന്നീസം കയിഞ്ഞ് ഉച്ചക്ക് ചോറ് വെയ്ക്കാൻ പോന്നെയ്ന്റെ ഒരു അരമുക്കാ മണിക്കൂർ മുമ്പുള്ള സമയം. ഞാൻ ആരെയോ കാണിക്കാൻ വേണ്ടി ഫയലിൽ ആവശ്യമുള്ളെടത്തും ഇല്ലാത്തേടത്തും ഒക്കെ സൈനിടുന്ന തിരക്കിൽ. ആണ്ങ്ങളെ ജെയില്ള്ള എന്റെ ഓഫീസിന്നും കയ്ത്ത് നീട്ടി ഒന്ന് നോക്കിയാല് മുമ്പിത്തെ ഗേറ്റ് കാണും. അയില് ആരോ ഒറക്കനെ മുട്ടി "ഒന്ന് ഗേറ്റ് തൊറക്ക്, എനിക്ക് സൂപ്രണ്ടിന കാണണം എന്ന് പറീന്ന നേരിയ സമണ്ട് കേക്ക്ന്ന്ണ്ട്. "ഏതെങ്കിലും പുള്ളിന്റെ അമ്മേ കെട്ട്യോളോ ആയിരിക്കും," എന്റെയ് അസ്സി. സുധീഷ് പറഞ്ഞു. ഗേറ്റ്മാൻ വേലായുധൻ സാറിനോട് ഇപ്പം കേക്കും പുളിച്ചത്, ഞാൻ മനസ്സിലു കണക്കാക്കി. ഇവടെ ജോലിക്ക് ചേർന്നപ്പളാ എന്റെ മലയാളം ഒന്ന് പുഷ്ടിപ്പെട്ടത്... ആദ്യത്തെ ഒന്ന് രണ്ട് ആയ്ച്ച, പെണ്ണ്ങ്ങള് പറീന്നതിന്റെ പകുതിമുക്കാലും എനിക്ക് മനസ്സിലാവൂലെയ്നി, "എടി കൂത്തിച്ചി, സാറിരിക്കുമ്പളെങ്കിലും അന്റെയ് പുയുത്ത നാവ് തൊള്ളെയ്ലിട്ടൂടെ," എന്നും പറഞ്ഞ് സൂറാത്ത എല്ലെണ്ണത്തിനേയും വെരട്ടും.

വേലായുധൻ സാറ്, "നീയെന്താ ഇവടെ, അന്റെ കൂടെ ഗാർഡ്മാരൊന്നുമില്ലെ?" എന്നും പറഞ്ഞ് ഗേറ്റിന്റെ സാക്ഷകളും പൂട്ടും തൊറക്കുന്നത് ഞാൻ കേട്ടു, അയിന്റെ പിന്നാലെ സൂറാത്താന്റെ വെലിയ വായിലുള്ള ചോദ്യോം, "ആയിസ സാറില്ലെ ഇവടെ?"

ആയിസ സാറിന്റെ എല്ലാ വെളവും അവിടെ, ആ നിമിഷം ചെലവായി പോയി. എല്ലാരും ആയിസ സാറിനെ ഉണ്ടക്കണ്ണിട്ട് നോക്കി. ആയിസ സാറിനെ വിളിക്കാൻ നാലു പേര് എന്റെ ഓഫീസിലേക്ക് പാഞ്ഞു, ഒന്ന് മൂളിയാ കേക്കുന്ന ദൂരെ ആയിസ സാറിന്റെ ഓഫീസിനുള്ളൂ എങ്കിലും. ആയിസ സാറ് കണ്ണിലേക്ക് ടോർച്ചടിച്ച് തവളനെ പോലെ ഇറങ്ങി വന്നു, "എന്താ സൂറാത്താ ഇങ്ങള്വ്ടെ? ഇങ്ങളെ ഡിസ്ച്ചാർജ് പതിനാലാം തീയ്യതിയാന്നാണല്ലോ ഡോക്ടറ് ഇന്നലെ എന്നോട് പറഞ്ഞത്.." എന്റെ തലന്റെ ബാക്കിലൂടെ എന്തായിരിക്കും ഞാൻ ചെയ്തത് എന്ന് ചോദ്യം സ്പീഡില് ഓട്ന്ന്ണ്ട്. ഇനി ഞാൻ കേട്ട ഡേറ്റ് തെറ്റിയോ? ഞാൻ കൊട്ത്ത മെഡിക്കൽ റിപ്പോർട്ടിലു ആവശ്യല്ലാത്തേടത്ത് ഞാൻ ഒപ്പിട്ടോ? ഇനി ഞാൻ എഴുതി ചേർത്ത അബ്യൂസ് ഹിസ്റ്ററിയില് വല്ലതും കൂടേ കൊറയേ ചെയ്തോയോ?

"എന്റെ സാറെ... എന്നീം പൂട്ടിട്ട് ഓര് മുയുമനും കലാപരിവാടി കാണാൻ പോയി... ഓരെനിക്ക് ഇന്നലെ മുയുമനും തിന്നാൻ തന്നീല സാറെ. പൈച്ച് തല ചിറ്റിയപ്പം ഞാൻ മതില് ചാടി ഇങ്ങൊട്ട് വന്ന് സാറെ. പൊറത്ത് ഓട്ടോന്റെ കൂലി ആരെങ്കിലും ഒന്ന് കൊട്ക്കുഒ? എനിക്ക് പൈക്ക്ന്ന് സാറെ..." സൂറാത്താ ആദ്യമായി കരയുന്നത് അന്നാണ് ഞാൻ കണ്ടത്.

*(പ്രക്ഷോഭക, എഴുത്തുകാരി, നർമ്മം കൊണ്ട് ചിരിപ്പിക്കുന്നു. ചിന്തിപ്പിക്കുന്നു. സ്ത്രീവാദ കൈത്തുന്നൽ കൊണ്ട് പ്രകോപിപ്പിക്കുന്നു)*

■



**അനിത ശ്രീജിത്**
അദ്ധ്യാപിക, കവി,
ചെറുകഥാകൃത്ത്,
ചിത്രകാരി, തൃശ്ശൂർ

# അച്ഛൻ

**കൊ**ന്നതിനാണ് വന്നത്
അതെ,
ജയിലഴികൾക്ക് പഴകിയ
പൂത്ത ബ്രഡ്ഡിന്റെ
അതേ വാസന !
മരിച്ച അയാളുടെ
തണുത്ത വിരലുകൾ
മുറിച്ചെടുത്തതിന്
ഒരു ദിവസം കഴിഞ്ഞപ്പോൾ
ഇതേ തണുപ്പായിരുന്നു
ഈ അഴികളുടെ അതേ തണുപ്പ്!

എന്തിനാണ് കൊന്നതെന്ന്
കൂടപ്പിറപ്പുകൾ ആരും ചോദിച്ചില്ല
എല്ലാം പെണ്ണുങ്ങളല്ലേ!
അമ്മയുടെ മരച്ച കണ്ണുകളും ചോദിച്ചില്ല
അമ്മയല്ലേ!

പോലീസ് വന്നത്
ഒരു ദിവസം കഴിഞ്ഞാണ്.
അതുവരെ ഞങ്ങളെ
ആ ശവത്തെയും എന്നെയും
വീട്ടിലാരും കണ്ടതായേ
നടിച്ചില്ല!
വയറിട്ടുമുറുക്കിയ അയാളുടെ കഴുത്ത്
കട്ടിൽക്കാലിൽ കൊരുത്തിട്ടിരുന്നു ഞാൻ.
എന്റെ കാലുകൾക്കിടയിൽ
തിരുകിക്കയറ്റി എന്നെ പീഡിപ്പിച്ച
അയാളുടെ ചൂണ്ടാണിവിരൽ,
മുറിച്ചെടുത്തു ഞാൻ
പലതരം
കളികൾ കളിച്ചു കൊണ്ടാണ്
ആ ഒരു ദിവസം തള്ളി നീക്കിയത്.
ചോരയൊക്കെ ഉണങ്ങിക്കറുത്ത്
ഉറച്ചു പോയെന്നേ,
വെറും ഒറ്റ വിരലല്ലേ!

മടുത്തപ്പോൾ അച്ഛന്റെ
ഇപ്പോഴുമുള്ള പഴയ
ആ ലാന്റ്ഫോണെടുത്ത്
കറക്കി പോലീസിനെ വിളിച്ചു.

പോലീസെന്നെ അടിച്ചൊന്നുമില്ല
കൊന്നതിന് ഒന്നും പറഞ്ഞതുമില്ല.
ചോദിച്ചു:
കൊന്നോ?
കൊന്നു.
കൈ മുറിച്ചോ?
മുറിച്ചു.
ആരെങ്കിലും കൂടെയുണ്ടാരുന്നോ
ആരുമില്ലാരുന്നു.
നിങ്ങളെ റേപ്പ് ചെയ്തോ?
ചെയ്തു.
നിങ്ങളുടെ ആരാണിയാൾ?
എന്റെ അച്ഛൻ

അതെ,
കൊന്നതിനാണ് വന്നത്
ഈ ജയിലിലേക്ക്
അച്ഛനെ കൊന്നതിനാണ്
വന്നത്.

പെൺപക്ഷം



അജിത കെ.

# കണ്ണൻ ഗോപിനാഥൻ ഐ.എ.എസിന് ഐക്യദാർഢ്യം

**ക**ഴിഞ്ഞ പെൺപക്ഷം പ്രസ്സിൽ പോയശേഷമാണ് കാഷ്മീർ പ്രശ്നം ഉണ്ടായത്. ഭരണഘടന തന്നെ ഇക്കാലമത്രയും കാഷ്മീരിനു നൽകിയ 370-ാം വകുപ്പ് എന്ന പ്രത്യേകപദവി ഇന്ത്യാ ഗവൺമെന്റ് പെട്ടെന്ന് ഒരു ദിവസം കീറിക്കളഞ്ഞു. കാഷ്മീരിൽ സ്വത്തുക്കൾ വാങ്ങാൻ മറ്റ് ഇന്ത്യൻ പൗരന്മാരെ അനുവദിക്കാത്ത 35(എ) എന്ന വകുപ്പും അതോടൊപ്പം കീറിക്കളഞ്ഞു. ഇന്ത്യയെ ഹിന്ദുത്വപാതയിലേക്ക് അതിവേഗം കൊണ്ടുപോകുന്നതിന്റെ ഭാഗമായി ആദ്യംതന്നെ ഒരു ജനതയെ മുഴുവൻ പൂർണ്ണമായി തടങ്കലിലാക്കുന്ന, അവരുടെ മേൽ അതിക്രൂരമായ അടിച്ചമർത്തൽ നടപടികൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ ഫാഷിസ്റ്റ് നടപടിക്കെതിരെ ശബ്ദിക്കാൻ ഈ 'ജനാധിപത്യ'ത്തിൽ ആർക്കും സ്വാതന്ത്ര്യമില്ല! മാദ്ധ്യമങ്ങൾ മിക്കവാറും എല്ലാം കേന്ദ്രസർക്കാരിന്റെ സ്തുതിപാഠകരായി മാറിയിരിക്കുകയാണ്.

ഇതിന്നിടയിലാണ് കണ്ണൻ ഗോപിനാഥൻ ഐ.എ.എസ് എന്ന ഒരു മലയാളി ഐ.എ.എസ്. ഓഫീസർ കാഷ്മീർ ജനതയുടെ മനുഷ്യവകാശങ്ങൾ ലംഘിക്കപ്പെട്ടതിന്നെതിരെ ശബ്ദമുയർത്താൻ അനുവാദമില്ലാത്തതിന്റെ കാരണത്താൽ സർവ്വീസിൽ നിന്ന് രാജിവെച്ചത്. ഇപ്പോഴത്തെ കടുത്ത നിയമങ്ങൾ അനുസരിച്ച് ഇദ്ദേഹത്തെ എത്രവർഷം വേണമെങ്കിലും തുറങ്കിലടയ്ക്കാം! ഈ ധീരതയ്ക്ക് എന്റെ ഹൃദയംഗമമായ അഭിവാദ്യങ്ങളും ഐക്യദാർഢ്യവും അർപ്പിക്കുന്നു.

ഈ നടപടി ഇന്ത്യയൊട്ടാകെ ശക്തമായ സന്ദേശം നൽകുന്നു. ഇനിയും ഇന്ത്യ പഴയതുപോലെ ജനാധിപത്യമോ, അഭിപ്രായ സ്വാതന്ത്ര്യമോ മനുഷ്യാവകാശങ്ങളോ ഉയർത്തിപ്പിടിക്കുന്ന ഒരു രാജ്യമായിരിക്കില്ല എന്നതാണത്. ഹിറ്റ്ലറുടെ ശബ്ദം നാം കേൾക്കാൻ തുടങ്ങിയിരിക്കുന്നു. ജനാധിപത്യവാദികൾക്കും ഇടതുപക്ഷത്തിനും മനുഷ്യാവകാശ പ്രവർത്തകർക്കും പാതാളത്തിലെങ്കിലും ഇടം ഉണ്ടാവുമോ?

ചർച്ചാവിഷയം

മൊഴി മാറ്റം: അശ്വതി സേനൻ

**ഫ്ലെക്ത ഫീലൻ**
അയർലൻഡുകാരിയായ ഫ്ലെക്ത കുറച്ചുകാലം ഇൻഡ്യയിൽ പഠിക്കുകയും ജോലി ചെയ്യുകയും ചെയ്തിട്ടുണ്ട്



# അബോർഷൻ ജയിലോ ജീവനോ

പന്ത്രണ്ടു ആഴ്ചവരെ ഉള്ള ഗർഭം ടെർമിനേറ്റു ചെയ്യുവാനുള്ള സ്ത്രീകളുടെ അവകാശത്തിനു മേൽ അയർലൻഡ് റിപ്പബ്ലിക്കിൽ ഉണ്ടായിരുന്ന നിയമപരമായ വിലക്ക് കഴിഞ്ഞ വർഷം നടന്ന ജനപ്രിയ റെഫറണ്ടം തള്ളി. അറുപതു ശതമാനം പേർ ആ അവകാശത്തിനു അനുകൂലമായി വോട്ടു രേഖപ്പെടുത്തിയാണ് ഈ ചരിത്ര പ്രധാന നിമിഷം സാധ്യമായത്. ലോകത്തിന്റെ പല ഭാഗത്തും ഇന്നും ക്രിമിനൽ കുറ്റമായി കണക്കാക്കപ്പെടുകയും, അമേരിക്കയിൽ പല സംസ്ഥാനങ്ങളിൽ ഈ അവകാശം റദ്ദാക്കാനുള്ള നീക്കങ്ങൾ നടക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പൂർവ കത്തോലിക്കാ രാജ്യമായിരുന്ന അതീവ യാഥാസ്ഥിതിക ചിന്താഗതി പുലർത്തിയിരുന്ന അയർലൻഡിന്റെ ഉദാഹരണം ശ്രദ്ധയാർജ്ജിക്കുന്നു. സ്വന്തം ശരീരത്തിന് മേലുള്ള അവകാശങ്ങളും, അത് സംബന്ധിക്കുന്ന തീരുമാനങ്ങളെടുക്കാനുള്ള അധികാരവും സ്ത്രീകൾക്ക് നല്കുന്ന ഒരു രാജ്യമായി അയർലൻഡ് എങ്ങിനെ മാറി എന്നത് ഈ അവസരത്തിൽ പരിശോധിക്കേണ്ടിയിരിക്കുന്നു.

കൂടുതൽ കൂടുതൽ രാജ്യങ്ങൾ സ്ത്രീകളുടെ സുരക്ഷിത ആരോഗ്യ സംരക്ഷണത്തിനും, ഗർഭധാരണം തുടരാനും അതല്ല വിഛേദിക്കാനും ഉള്ള ഏതൊരു സ്ത്രീയുടെയും അവകാശത്തെയും അംഗീകരിക്കുന്നതിന് ഉതകുന്ന പൊതുവായി ആഗോളതലത്തിലുള്ള ഒരു പ്രവണതയാണ് അയർലണ്ടിൽ പ്രതിഫലിച്ചു കാണുന്നത്. 2014ലെ സെന്റർ ഫോർ റീപ്രൊഡക്ടീവ് റൈറ്റ്സ് അഥവാ പ്രത്യുൽപാദന അവകാശങ്ങൾക്കായുള്ള കേന്ദ്രത്തിന്റെ റിപ്പോർട്ട് പ്രകാരം ആഫ്രിക്ക, ഏഷ്യ, ലാറ്റിൻ അമേരിക്ക എന്നിവിടങ്ങളിൽ 'കഴിഞ്ഞ ഇരുപത് വർഷങ്ങൾക്കുള്ളിൽ മുപ്പതിൽപരം രാജ്യങ്ങൾ സ്ത്രീകൾക്ക് സുരക്ഷിതവും നിയമപരവുമായ ഗർഭഛിദ്ര സേവനം ലഭ്യമാക്കുന്നതിനായുള്ള നിയമ നിർമാണം നടത്തിയിട്ടുണ്ട്.' എന്നാൽ ലോകത്തെ ഒട്ടനവധി രാജ്യങ്ങളിൽ ഇപ്പോഴും അബോർഷനെ ഒരു ക്രിമിനൽ കുറ്റമായി കാണുന്ന കർക്കശമായ നിയമങ്ങൾ നിലനിൽക്കുന്നു. വിശേഷിച്ച് സെൻട്രൽ, ലാറ്റിൻ രാജ്യങ്ങളിലും, ഡൊമിനിക്കൻ റിപ്പബ്ലിക്കിലും ഹോണ്ടുറസിലും. ഉദാഹരണമായി ഹോണ്ടുറസ്സിൽ റേപ്പ്, ഇൻസെസ്റ്റ്, ഗർഭസ്ഥയായ സ്ത്രീയുടെ ജീവന് അപായം, ഭ്രൂണത്തിന് പുറത്തു പോലും ജീവന് അപായം എന്നീ സാഹചര്യങ്ങളിൽ പോലും അബോർഷൻ നിയമവിരുദ്ധമാണ്. എൽ സാൽവദോറിൽ ആവട്ടെ പതിനഞ്ചു വർഷത്തെ ജയിൽ വാസത്തിനു ശേഷം കഴിഞ്ഞ വർഷം ഒരു സ്ത്രീ ജയിലിൽ നിന്ന് മോചിതയായി; മുപ്പതു വർഷത്തെ ശിക്ഷ വെട്ടി കുറച്ചാണ് പതിനഞ്ചു ആയത്. ജീവനില്ലാത്ത ഒരു ശരീരം അഥവാ സ്റ്റിൽ ബോൺ ആണ് താൻ പ്രസവിച്ചതെന്നും അബോർഷൻ നടത്തിയിട്ടില്ല എന്നും താൻ നിരപരാധി ആണെന്നുമുള്ള അവരുടെ വാദം വിലയ്ക്കെടുക്കാതെയാണ് അവരെ ജയിലിലടച്ചു ശിക്ഷിച്ചത്.



പ്രതിലോമമായി ഈ നിയമം ബാധിച്ചതായി കാണുന്നു. ഇവിടെ സ്ത്രീയുടെ ജീവന് അപകടം എന്ന കാരണം ഒഴികെ എന്ത് കാരണത്താലും അബോർഷൻ ചെയ്താൽ പതിനാലു വർഷം കഠിന തടവാണ് ശിക്ഷ. എന്നാൽ അമേരിക്കയുടെ നയത്തിലെ മാറ്റം ആഫ്രിക്കയിലും മറ്റും ലൈംഗിക ആരോഗ്യ അവബോധ പരിപാടികളും കുടുംബാസൂത്രണവും നടത്തി വരുന്ന എൻജിഓകളുടെ പ്രവർത്തനങ്ങളെയും കാര്യമായി ബാധിച്ചിരിക്കുന്നു.

അതേസമയം പുരോഗമനപരമായ സാമൂഹ്യമാറ്റത്തിന് ഫെമിനിസ്റ്റ് ക്യാമ്പെയിനുകളെ ജനപ്രിയമാക്കുകയും ചെയ്യുന്ന സ്ത്രീകളുടെ അവകാശ പോരാട്ടങ്ങളുടെ വിജയമായാണ് അയർലണ്ടിലെ വിജയത്തെ കാണേണ്ടത്. അയർലണ്ടിൽ അബോർഷൻ ഒരിക്കലും നിയമാനുസൃതമായിരുന്നില്ല. ബ്രിട്ടീഷ് അധിനിവേശത്തിൽ നിന്ന് സ്വാതന്ത്രയായ ശേഷം തൊണ്ണൂറുകൾ വരെ ഈ രാജ്യം കത്തോലിക്കാ സഭയുടെ പ്രഭാവത്തിലും വലയത്തിലും ആയിരുന്നു. 1922ൽ സ്വാതന്ത്ര്യം ലഭിക്കുമ്പോൾ തൊണ്ണൂറ് ശതമാനം ജനതയും കാത്തോലിക്കരായിരുന്നെങ്കിലും 2016 ആകുമ്പോഴേക്കും അത് എഴുപത്തെട്ടു ശതമാനമായി കുറഞ്ഞു. അത് കൊണ്ട് തന്നെ അയർലണ്ട് ഒരു സഭയാൽ പ്രഭാവിതമായ ഒരു രാജ്യമായിരുന്നു, അവിടുത്തെ രാഷ്ട്രീയ പ്രവർത്തകർ കത്തോലിക്കാ സഭയുടെ ആചാര സിദ്ധാന്തങ്ങളെ മുറുകെ പിടിച്ചിരുന്നവരും. 1983-ൽ ഈ നിയമത്തെ കൂടുതൽ കർക്കശമാക്കാനുള്ള ഒരു നിർദ്ദേശം ഉയർന്നു, അബോർഷൻ അനുവദിച്ചു കൊണ്ടുള്ള അയർലൻഡ് സുപ്രീം കോടതി ഉത്തരവ് തടയിടാനായുള്ള ഒരു നീക്കമായിരുന്നു അത് (അയർലണ്ടിന്റെ ഭരണഘടനാ പ്രകാരം ഒരു പൊതു റെഫെറൻഡം വഴി മാത്രമേ ഏതു തരത്തിലുള്ള ഭരണഘടനാ ഭേദഗതിയും സാധ്യമാവുകയുള്ളു). ഗർഭസ്ഥ ശിശുവിന്റെ ജന്മാവകാശത്തെ അംഗീകരിക്കുന്ന, അതിനെ ഗർഭം ധരിക്കുന്ന അമ്മയുടെ ജീവാവകാശത്തിനു തുല്യമായി കാണുന്ന ഐറിഷ് ഭരണഘടനയിലെ എട്ടാം ഭേദഗതിയെ പിന്തുണച്ചു കൊണ്ടാണ് അന്നത്തെ അറുപത്തേഴു ശതമാനം ഐറിഷ് ജനതയും വോട്ടു ചെയ്തത്. ഒട്ടനവധി സ്ത്രീ സംഘടനകൾ ഈ സംഭവവികാസങ്ങൾ

സ്ത്രീ സംഘടനകളുടെ നിരന്തരവും ശക്തവുമായ പ്രവർത്തനങ്ങൾ ഉണ്ടായിട്ടു പോലും ഈ രാജ്യങ്ങളിൽ മാറ്റത്തിനുള്ള സാധ്യതകൾ വളരെ കുറവാണ്. ഇത് കൂടാതെ ഡൊണാൾഡ് ട്രംപിന്റെ പ്രോത്സാഹനത്തിൽ അബോർഷനും പ്രതുൽപാദന അവകാശങ്ങൾക്കും എതിരെ അമേരിക്കയിൽ ഇന്ന് പ്രശസ്തി ആർജ്ജിച്ചു വരുന്ന പിന്തിരിപ്പൻ 'പ്രൊ ലയിഫ്' മൂവ്മെന്റും ഈ പ്രവണതയെ സൂചിപ്പിക്കുന്നു. ഇതിന്റെ ബലത്തിൽ 2019ൽ ഇതിനോടകം തന്നെ അമേരിക്കയിലെ ആറ് സംസ്ഥാനങ്ങളിൽ അബോർഷൻ പൂർണമായോ ഭാഗികമായോ നിർത്തലാക്കാനുള്ള നിയമങ്ങൾ നിലവിൽ വന്നു കഴിഞ്ഞു. ഇതിൽ അലബാമയിലെ നിയമമാണ് ഏറ്റവും കർക്കശമായത്. ഇരുപത്തഞ്ച് വെള്ളക്കാരായ ആൺ സെനെറ്റു അംഗങ്ങളുടെ വോട്ടിൻമേലാണ് ഇത് പാസായത്. സെനറ്റിൽ അംഗങ്ങളായ നാല് സ്ത്രീകളും ഇതിനെതിരെ വോട്ടു ചെയ്തിരുന്നു എന്നത് മറ്റൊരു വസ്തുത. ഈ നിയമപ്രകാരം ഗർഭിണിയായ സ്ത്രീയുടെ ആരോഗ്യത്തിനു കാര്യമായ അപകടം ഒഴികെ എന്ത് കാരണത്താലും അബോർഷൻ നിയമവിരുദ്ധമാണ് (റേപ്പോ, ഇൻസെസ്റ്റോ ഇതിൽ ഉൾപ്പെടുന്നില്ല). ആഗോളതലത്തിൽ അമേരിക്ക എന്ന ശക്തവും സ്വാധീനവുമുള്ള രാജ്യത്തിന്റെ ഇത്തരം നീക്കത്തിനു വലിയ പ്രഭാവമാണ് ഉള്ളത്. ആഫ്രിക്കയിലെ മലവി എന്ന രാജ്യത്തു നടന്നു വന്ന കുടുംബാസൂത്രണ പ്രവർത്തനങ്ങളെയും അബോർഷൻ നിയമങ്ങളെ നവീകരിക്കാനുള്ള ശ്രമങ്ങളെയും

ക്കെതിരെ പ്രവർത്തിക്കുന്നു ണ്ടായിരുന്നെങ്കിൽ പോലും കത്തോലിക്കാ അയർലണ്ടിൽ അവ പ്രതിരോധിക്കുക എളു പ്പമായിരുന്നില്ല.

പിന്നീടുള്ള വർഷങ്ങ ളിലും അയർലൻഡിൽ അബോർഷൻ സങ്കീർണവും ആവേശപരമായ പല രാഷ്ട്രീ യ, നിയമ, ആചാര വാഗ്വാദ ങ്ങൾക്കും കാരണമായി. അബോർഷൻ വേണ്ടുന്ന ഐറിഷ് സ്ത്രീകൾ അത് നിയമസമ്മതമായ ബ്രിട്ടനിൽ പോയി ചെയ്യുകയായിരുന്നു പതിവ്. പക്ഷെ സ്വന്തം വീട്ടിൽ നിന്നും ദൂരെ എന്നതും, ഇത്രയും യാത്ര ചെയ്യണം എന്നതും, ചിലവേറിയ പ്രക്രിയ ആണ് എന്നതും അവർക്കു ബുദ്ധിമുട്ടു ഉണ്ടാക്കി. ഇംഗ്ല ണ്ടിൽ ലഭ്യമായ ഈ സേവനത്തെക്കുറിച്ച് അറിവ് ഐറിഷ് സ്ത്രീകൾക്ക് നൽകിയിരുന്ന സംഘടന കൾക്കെതിരെ 1980-കളിൽ 'പ്രൊ ലയിഫ്' (അബോർഷന് എതിരെ നിൽക്കുന്ന) സംഘടന കൾ നിയമ നടപടികൾ ആരംഭിച്ചു. 1992ൽ അബോർഷൻ നടത്താൻ ബ്രിട്ടനിലേക്ക് യാത്ര ചെയ്യുന്നതിൽ നിന്ന് ഒരു പതിനാല് വയസുള്ള 'എക്സ്' പെൺകുട്ടിയെ (അവരുടെ വിശദാംശ ങ്ങൾ പുറത്തു അറിയാതിരിക്കാനാണ് 'എക്സ്' എന്ന് ഉപയോഗിച്ചിരുന്നത്) വിലക്കി കൊണ്ടുള്ള ഐറിഷ് അറ്റോർണി ജനറൽ പുറപ്പെടുവിച്ച ഉത്തരവുമായി ബന്ധപ്പെട്ട കേസ് കുപ്രസിദ്ധ 'എക്സ് കേസ്' എന്നാണു അറിയപ്പെട്ടിരുന്നത്. റേപ്പ് ചെയ്യപ്പെട്ടത്തിലൂടെ ഗർഭം ധരിച്ച പെൺകുട്ടി ഐറിഷ് സർക്കാരിന്റെ സംരക്ഷണത്തിൽ ആക്ക പ്പെട്ടു. ഒട്ടും താല്പര്യമില്ലാത്ത ഗർഭം കാരണം ആത്മഹത്യാ പ്രവണതകൾ കാണിക്കുവാൻ തുടങ്ങിയ പെൺകുട്ടിയെ ഇംഗ്ലണ്ടിൽ എത്തി ച്ചു അബോർഷൻ നടത്താൻ വീട്ടുകാർ ശ്രമിക്കുക യുണ്ടായി. ഈ കേസ് അറ്റോർണി ജനറലിനു കീഴിൽ വന്നപ്പോൾ അയർലൻഡ് ഹൈക്കോടതി മേല്പറഞ്ഞ 'ഗർഭസ്ഥ ശിശുവിന്റെ ജന്മാവകാശ' ത്തിൻ പേരിൽ അവളെ യാത്ര ചെയ്യുന്നതിൽ നിന്ന് വിലക്കി. എന്നാൽ അടുത്ത മാസം സുപ്രീം കോട തി പെൺകുട്ടിയുടെ ജീവന് ഉണ്ടാകാൻ ഇടയുള്ള സാരമായ അപകട സാധ്യത മുന്നിൽ കണ്ട് ഈ ഉത്തരവ് റദ്ദാക്കി. ഇതേ തുടർന്ന് അടുത്ത വർഷം നടന്ന റെഫെറണ്ടം പ്രകാരം പുറം രാജ്യങ്ങളിലെ അബോർഷൻ സേവനങ്ങളെ കുറിച്ച് അറിയാനുള്ള അവകാശവും, അബോർഷൻ നടത്തുന്നതിനായി




യിക്കുകയും അയർലണ്ടിൽ അബോർഷനുമേലുള്ള നിയമവിലക്ക് ഒഴിവാക്കാൻ ഉതകുകയും ചെയ്തു. കർണാടകയിൽ നിന്നുള്ള മുപ്പത്തൊന്നുകാരിയായ പതിനേഴ് ആഴ്ച ഗർഭിണിയായിരുന്ന സവിത ഹലപ്പനവർ എന്ന സ്ത്രീ 2012 ഒക്ടോബർ 28 ന് അയർലണ്ടിലെ ഗാൽവേയിലെ ഒരു ആശുപത്രി യിൽ വച്ച് അന്തരിച്ചു. അവളും ഭർത്താവും ആകാംക്ഷയോടെയായിരുന്നു ആ കുഞ്ഞിന്റെ വരവ് ആഗ്രഹിച്ചിരുന്നത്. വളരെ അസ്വസ്ഥത യോടും വേദനയോടും കൂടി അവരെ ആശു പത്രിയിൽ പ്രവേശി പ്പിച്ചു. ദിവസങ്ങൾ കഴിയവേ അവരുടെ ആരോഗ്യം മോശ മായി. കുട്ടിയെ വേണ മെന്ന് അത്യന്തമായ ആഗ്രഹമുണ്ടെങ്കിലും അവളും ഭർത്താവും അവളുടെ ജീവന് അപായം ഉണ്ടാകു മെന്നു ഭയന്ന് അബോ ർഷൻ ചെയ്യാൻ ആശു പത്രി അധികൃതരോട് അഭ്യർത്ഥിച്ചു. എന്നാ ൽ ആശുപത്രിയിലെ ഡോക്ടർമാർ അതിനു വിസമ്മതിച്ചു. അയർ ലണ്ടിലെ നിയമനട പടിയും, കുട്ടിക്ക് അപ്പോഴും ഹൃദയത്തുടിപ്പുണ്ട് എന്നതും, അത്തരം ഒരു സാഹചര്യത്തിൽ അബോ ർഷൻ ചെയ്താൽ അത് ചെയ്ത ഡോക്ടറും ഹോസ്പിറ്റൽ അധികൃതരും വെട്ടിലാകും എന്നതും കൊണ്ട് അവർ ആ ആവശ്യം നിരസിച്ചു.






സവിത ഹലപ്പനവർ ദാരുണമായി മരണപ്പെട്ടു. രാജ്യത്തുടനീളം പ്രക്ഷോഭങ്ങളും, മീറ്റിങ്ങുകളും, ഓർമയോഗങ്ങളും പൊട്ടിപ്പുറപ്പെട്ടു. അയർലണ്ടിൽ അബോർഷൻ നിയമ വിരുദ്ധമാണെന്ന ഒറ്റ കാരണം കൊണ്ട് സ്വന്തം നാട്ടിൽ നിന്ന് ഇത്ര അകലെ ഒരു സ്ത്രീ, ഇങ്ങനെ മരണപ്പെട്ടത് ഐറിഷ് ജനതയെ വിഷമിപ്പിച്ചു.

ഇതേ തുടർന്ന് ഈ ദുർഘടമായ രാഷ്ട്രീയ പ്രശ്നം പരിഹരിക്കാൻ പല പ്രവർത്തനങ്ങളും രൂപപ്പെട്ടു. നൂറു പേർ അടങ്ങുന്ന ഒരു സിറ്റിസൺ അസംബ്ലി വിളിച്ചുചേർക്കുകയും വിശദമായ വാദങ്ങൾ കേൾക്കുകയും ചെയ്തു. “പ്രോ-ലൈഫ്”, “പ്രോ-ചോയ്സ്” വക്താക്കൾ കൂടാതെ നിരവധി ആരോഗ്യ സംരക്ഷണ, നിയമ പ്രൊഫഷണലുകളും വിദഗ്ധരും ഇതിൽ പങ്കു ചേർന്നു. ഈ അസംബ്ലി, വാദത്തിന്റെ എല്ലാ വശങ്ങളും കേട്ട ശേഷം, എല്ലാവരേയും അത്ഭുതപ്പെടുത്തിക്കൊണ്ട് ഏതു സാഹചര്യങ്ങളിലും അബോർഷൻ




അനുവദനീയമാക്കണമെന്ന് വോട്ടു ചെയ്തു. അന്ന് ഇത്തരം ഒരു ശുപാർശ ഒട്ടും ചിന്തിക്കാൻ കഴിയുന്നതായിരുന്നില്ല. ഇതിന്റെ ബലത്തിൽ അയർലൻഡ് നിയമനിർമ്മാണം നടത്തണമെന്ന് പരസ്യമായി സ്വവർഗ്ഗാനുരാഗിയായ ഒരു ഡോക്ടറുടെ (ഇൻഡ്യാക്കാരനാണ് അച്ഛൻ) നേതൃത്വത്തിൽ യുവതലമുറ രാഷ്ട്രീയക്കാരുടെ കേന്ദ്ര-വലത് സർക്കാർ ഈ നിയമനിർമ്മാണത്തിനായി ഒരു റഫറണ്ടം നടത്താൻ തീരുമാനിച്ചു; പന്ത്രണ്ട് ആഴ്ച വരെ ഗർഭം ടെർമിനേറ്റു ചെയ്യാൻ അനുവദിക്കുന്ന നിയമത്തിനായി.

ഈ റഫറണ്ടത്തിൽ ‘യെസ്’ എന്ന പോസിറ്റിവ് വോട്ട് രേഖപ്പെടുത്താൻ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രചാരണം വളരെ ശക്തമായിരുന്നു. രാജ്യമൊട്ടാകെ ഇതിനായി പല തലത്തിലുള്ള രാഷ്ട്രീയക്കാർ, അക്കാദമിക്കുകൾ, എല്ലാ മേഖലകളിലെയും പ്രൊഫഷണലുകൾ, ഐറിഷ് സമൂഹത്തിലെ പ്രമുഖർ, എൻജിഒകൾ, കൂടാതെ കമ്മ്യൂണിറ്റി ഗ്രൂപ്പുകൾ, എല്ലാ പ്രായത്തിലുമുള്ള സ്ത്രീകൾ, ചെറുപ്പക്കാർ എന്നിവരും ‘യെസ്’ വോട്ടിനായി പ്രചാരണത്തിൽ സജീവമായും ഊർജ്ജസ്വലമായും ഏർപ്പെടുന്നു. അയർലൻഡ്, ആത്യന്തികമായി, ഒരു ചെറിയ രാജ്യമാണ്, വളരെയധികം പ്രചാരണവും രാഷ്ട്രീയവും ഏറ്റവും പ്രാദേശിക തലത്തിൽ നടക്കുന്ന ഒരിടം: അതിനാൽ പ്രചാരകർ അക്ഷരാർത്ഥത്തിൽ ഓരോ വീടിന്റെ വാതിലിൽ മുട്ടി ആൾക്കാരോട് സംസാരിച്ചു, പ്രാദേശിക മീറ്റിംഗുകൾ ക്രമീകരിച്ചു, മഴത്ത് നിന്നു ചെറിയ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ആൾക്കാരോട് ഈ വിഷയത്തെ പറ്റി ആഴത്തിൽ സംസാരിച്ചു. മറ്റ് സ്ത്രീകൾ പരസ്യമായി അവരുടെ അബോർഷൻ കഥകൾ പറഞ്ഞു: അതിനായി ബ്രിട്ടനിലേക്കുള്ള യാത്ര എത്ര ബുദ്ധിമുട്ടുള്ളതും ചെലവേറിയതും ആയിരുന്നു എന്ന്. പഴയ തലമുറ സ്ത്രീകൾക്ക് ഇത് പക്ഷെ പതിറ്റാണ്ടുകളായി കാത്തു സൂക്ഷിച്ച രഹസ്യ കഥകളായിരുന്നു. ചരിത്രപരമായി ആഴത്തിൽ ഭിന്നിപ്പുണ്ടായിരുന്നതും രാഷ്ട്രീയവും ജനപ്രിയവുമായ ഇടങ്ങളിൽ പലപ്പോഴും സംവേദനത്തിനു ഹേതുവായ വിഷയമായതിനാൽ മാധ്യമങ്ങൾ ഈ വിഷയം വളരെ സെൻസിറ്റിവ് ആയും നിഷ്പക്ഷമായുമാണ് റിപ്പോർട്ടുചെയ്തത്. വ്യത്യ

**സ്വന്തം ശരീരത്തിനെ അപകടപ്പെടുത്തുന്നതോ, മാനസികമായി തളർത്തുന്നതോ, സ്വന്തം താല്പര്യത്തിനു എതിരായി സംഭവിച്ചതോ, തന്നിൽ ക്രൂരമായി ബലമായി അടിച്ചേല്പിക്കപ്പെട്ടതോ ആയ ഒന്നിനെ വേണ്ടെന്നു വെയ്ക്കാനുള്ള സ്ത്രീയുടെ സ്വാതന്ത്ര്യം നിഷേധിക്കുക മാത്രമല്ല, അതിനെതിരെ മുതിർന്നാൽ ക്രിമിനൽ കുറ്റമാരോപിച്ചു, ജയിലിൽ വരെ അടയ്ക്കാവുന്ന നിയമങ്ങൾ ഇന്നും നില നിൽക്കുന്ന ലോകത്ത്, ലോകമെമ്പാടുമുള്ള പല രാജ്യങ്ങളും കൂടുതൽ കൂടുതൽ യാഥാസ്ഥിതികവും ദേശീയ രാഷ്ട്രീയ വ്യവഹാരത്തിന്റെ അടിസ്ഥാനത്തിൽ പിന്നിലേക്ക് നീങ്ങുന്ന അവസരത്തിൽ, പിന്തിരിപ്പൻ ഭരണകൂടങ്ങൾ പിന്തിരിപ്പൻ നയങ്ങൾ പാസാക്കുന്ന ഈ ഭീതിജനകമായ കാലത്ത് തീർത്തും ഗുണപരവും പുരോഗമനപരവുമായ ഒരു വികസനമാണ് അയർലണ്ടിലെ ഈ നിയമം.**

സ്തമായ അഭിപ്രായം പുലർത്തിയിരുന്ന രാഷ്ട്രീയക്കാർ പോലും വളരെ മാന്യവും സെൻസിറ്റീവും ആയാണ് ഈ വിഷയത്തിൽ സംവദിച്ചത്. അങ്ങനെ നീണ്ട ക്യാംപെയിനിനു ശേഷം ഐറിഷ് ജനസംഖ്യ അറുപത്താറു ശതമാനം വോട്ടോടു കൂടി അയർലണ്ടിൽ അബോർഷൻ അനുവദിച്ചു കൊണ്ടുള്ള നിയമം പാസ്സാക്കി. വിരോധാഭാസമെന്നു പറയട്ടെ, മുപ്പത്തഞ്ചു വർഷം മുമ്പ് ഇതേ അറുപത്താറു ശതമാനമാണ് ഇത് നിയമവിരുദ്ധമാക്കാൻ വോട്ടു ചെയ്തത്. ഈ ക്യാംപെയിനിന് ഗുണകരമായ പ്രധാന ഘടകങ്ങൾ: വിശാലമായ സിവിൽ സൊസൈറ്റി സഖ്യങ്ങൾ രൂപപ്പെട്ടത് (മൂന്ന് വ്യത്യസ്ത പ്രോ-ചോയ്സ് കാമ്പെയ്നുകൾ റെഫറണ്ടത്തിനായി ഒരു കൂട്ടായ സഖ്യം രൂപീകരിക്കുന്നതിന് ഒരുമിച്ചു), പ്രാദേശിക കമ്മ്യൂണിറ്റി തലത്തിലുള്ളതും നയിക്കപ്പെടുന്നതുമായ ആക്ടിവിസം, സ്ത്രീകൾ അവരുടെ അബോർഷൻ കഥകൾ പരസ്യമായി പറഞ്ഞത്, രാജ്യമെമ്പാടുമുള്ള ആളുകൾ പ്രതിപക്ഷ ബഹുമാനത്തോടെ ഇടപെട്ടു ചർച്ച ചെയ്യുന്നത്. ഇതൊന്നും കുറച്ചു കാലംമുൻപ് വരെയുള്ള യാഥാസ്ഥിതിക അയർലണ്ടിൽ സാധ്യമായിരുന്നില്ല. ലോകത്തിന്റെ പല ഭാഗങ്ങളിലും പിന്തിരിപ്പൻ നയങ്ങളും നിലപാടുകളും ഉയർന്നുവരുന്ന ഒരു സമയത്ത് കത്തോലിക്കാ അയർലൻഡിൽ ഇത്തരം ഒരു മാറ്റം വളരെ പോസിറ്റീവായിരുന്നു. സ്ത്രീയ്ക്ക് സ്വന്തം ശരീരത്തിന് മേൽ ഉള്ള അവകാശം അനുവദിക്കുന്ന, തീരുമാനങ്ങൾക്കു സ്വാതന്ത്ര്യം നൽകുന്ന ഒരു നിയമനിർമിതി തീർച്ചയായും സ്വാഗതാർഹമാണ്.


ഇനിയും വളരെയധികം കാര്യങ്ങൾ ചെയ്യാനുണ്ട്. റിപ്പബ്ലിക് ഓഫ് അയർലൻഡ് സ്വാതന്ത്ര്യം



നേടിയതിനുശേഷവും ദ്വീപിന്റെ വടക്കൻ ഭാഗമായ വടക്കൻ അയർലൻഡ് ബ്രിട്ടന്റെ ഭാഗമായി തുടർന്നു. അബോർഷൻ നിയമപരവും ഈ സേവനം



സൗജന്യവുമായി ലഭ്യമാകുന്ന ബ്രിട്ടനിന്റെ ഭാഗമായിരിക്കുമ്പോൾ തന്നെ നോർത്തേൺ അയർലൻഡിൽ ഇത് നിയമവിരുദ്ധമായി തന്നെ തുടരുന്നു, അവിടെ പ്രാദേശിക രാഷ്ട്രീയക്കാർ, പ്രൊട്ടസ്റ്റന്റ്, കത്തോലിക്കാ സഭകളും, ഈ വിഷയത്തിൽ ഒത്തൊരുമിച്ചു! അടുത്ത കാലത്തായി



അബോർഷൻ മരുന്നുകൾ ഓൺലൈനിൽ വാങ്ങുകയും സ്വയം നിയന്ത്രിക്കുകയും ചെയ്ത സ്ത്രീകൾ പ്രോസിക്യൂട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഒരു കേസിൽ, അബോർഷനായി ഇംഗ്ലണ്ടിലേക്ക് പോകാൻ ആവശ്യമായ പണം സ്വരൂപിക്കാൻ കഴിയാത്ത പത്തൊമ്പതുകാരിയായ യുവതിയെ അലസിപ്പിക്കൽ ഗുളികകൾ ഉപയോഗിച്ചു എന്ന കുറ്റത്തിന് പ്രോസിക്യൂട്ട് ചെയ്തു മൂന്ന് മാസത്തേക്കു ജയിൽ ശിക്ഷയ്ക്ക് വിധിച്ചു. മറ്റൊരു കേസിൽ പതിനഞ്ചു വയസുള്ള തന്റെ മകൾക്കായി ഓൺലൈനിൽ അലസിപ്പിക്കൽ മരുന്നുകൾ വാങ്ങിയതിന് പെൺകുട്ടിയുടെ അമ്മ വിചാരണ നേരിടുന്നു. 1861 ലെ നിയമപ്രകാരം "മനുഷ്യത്വരഹിതമായ പെരുമാറ്റം" എന്ന ക്രിമിനൽ കുറ്റമാരോപിച്ചു പത്തു വർഷം വരെ ഇവരെ തടവിലിടാൻ പ്രോസിക്യൂഷൻ വാദിക്കുന്നു. എന്നാൽ നോർത്തേൺ അയർലണ്ടിൽ അടുത്ത കാലത്തായി റിപ്പബ്ലിക്കിലെന്നപോലെ, ശക്തമായ ഫെമിനിസ്റ്റ് ക്യാമ്പെയിനുകൾ രൂപപ്പെട്ടു വരുന്നു. വരും വർഷങ്ങളിൽ ഈ പ്രശ്നം എങ്ങനെ രൂപപ്പെടുന്നു എന്നത് രസകരമായിരിക്കും. എന്തായാലും, റിപ്പബ്ലിക് ഓഫ് അയർലണ്ടിൽ പാസ്സായ അബോർഷൻ നിയമം ഗോളതലത്തിൽ സുപ്രധാനമായ ഒരു നേട്ടം തന്നെയാണ്. സ്വന്തം ശരീരത്തിനെ അപകടപ്പെടുത്തുന്നതോ, മാനസികമായി തളർത്തുന്നതോ, സ്വന്തം താല്പര്യത്തിനു എതിരായി സംഭവിച്ചതോ, തന്നിൽ ക്രൂരമായി ബലമായി അടിച്ചേല്പിക്കപ്പെട്ടതോ ആയ ഒന്നിനെ വേണ്ടെന്നു വെയ്ക്കാനുള്ള സ്ത്രീയുടെ സ്വാതന്ത്ര്യം നിഷേധിക്കുക മാത്രമല്ല, അതിനെതിരെ മുതിർന്നാൽ ക്രിമിനൽ കുറ്റമാരോപിച്ചു, ജയിലിൽ വരെ അടയ്ക്കാവുന്ന നിയമങ്ങൾ ഇന്നും നില നിൽക്കുന്ന ലോകത്ത്, ലോകമെമ്പാടുമുള്ള പല രാജ്യങ്ങളും കൂടുതൽ കൂടുതൽ യാഥാസ്ഥിതികവും ദേശീയ രാഷ്ട്രീയ വ്യവഹാരത്തിന്റെ അടിസ്ഥാനത്തിൽ പിന്നിലേക്ക് നീങ്ങുന്ന അവസരത്തിൽ, പിന്തിരിപ്പൻ ഭരണകൂടങ്ങൾ പിന്തിരിപ്പൻ നയങ്ങൾ പാസാക്കുന്ന ഈ ഭീതിജനകമായ കാലത്ത് തീർത്തും ഗുണപരവും പുരോഗമനപരവുമായ ഒരു വികസനമാണ് അയർലണ്ടിലെ ഈ നിയമം. ഊർജ്ജസ്വലമായ ഫെമിനിസ്റ്റ് ആക്ടിവിസത്തിന് ലോകമെമ്പാടും ഇത് പ്രചോദനമാവുക തന്നെ ചെയ്യും. ഈ ഐറിഷ് വിജയ കഥയെ തുടർന്ന് സ്ത്രീയുടെ അവകാശങ്ങളെ കുറിച്ചും, ശരീര സ്വാതന്ത്ര്യത്തെക്കുറിച്ചും ഒക്കെയുള്ള ഇത്തരം കൂടുതൽ കഥകൾ ഉണ്ടാകുമെന്നു നമുക്ക് പ്രതീക്ഷിക്കാം.

■



**സിന്ധു ജോസ്**
എഡിറ്റർ
(റിസർച്ച് പ്രൊപ്പോസൽസ്),
എ & എം യൂണിവേഴ്സിറ്റി
ടെക്സാസ്

# തടവറയെക്കാൾ ഭേദം മരണം: പ്രീതിലത വഡേഡാർ (1911 - 1932)



പ്രീതിലതാ വഡേഡാർ

**സ്വാ**തന്ത്ര്യ സമരചരിത്ര ചർച്ചകളിലോ, വായനകളിലോ അധികം കടന്നുവരാറില്ലാത്ത പേരാണ് പ്രീതിലതാ വഡേഡാരുടെത്. സമരചരിത്രത്തിൽ വായിച്ചും കേട്ടുമറിഞ്ഞ സ്ത്രീകളിൽ നിന്നെല്ലാം വ്യത്യസ്തയായിരുന്നു പ്രീതിലത. 1911 മെയ് 5നു ജനിച്ച പ്രീതിലത 1932 സെപ്റ്റംബർ 23നു സയനൈഡ് കഴിച്ച് ആത്മഹത്യ ചെയ്യുകയായിരുന്നു. "നായകൾക്കും ഇന്ത്യക്കാർക്കും പ്രവേശനമില്ലെ"ന്നെഴുതിവെച്ച പഹാർതലി യൂറോപ്യൻ ക്ലബ്ബ് ആക്രമിക്കാൻ, സമരസഖാക്കളെ നയിച്ച വന്ന പ്രീതിലത, പിടിക്കപ്പെട്ടാൽ ബ്രിട്ടീഷ് തടങ്കലിനേക്കാൾ ഭേദം മരണമാണെന്ന് മുൻകൂട്ടി നിശ്ചയിച്ചിരുന്നു. പഹാർതലി യൂറോപ്യൻ ക്ലബ്ബ് ആക്രമണത്തിനും മുൻപ്, ബംഗാളി വിപ്ലവകാരി സൂര്യസെൻ നേതൃത്വം നൽകിയ കുപ്രസിദ്ധമായ "ചിറ്റഗോങ്ങ് ആർമറി റെയ്ഡിലും" പ്രീതിലതയുടെ പങ്കാളിത്തം ഉണ്ടായിരുന്നു. കായികാദ്ധ്വാനം വേണ്ട സായുധ പ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് ശോഭിക്കുവാനാകില്ല എന്ന സൂര്യ സെന്നിന്റെയും സഹവിപ്ലകാരികളുടെയും മുൻവിധി പൊളിച്ചെഴുതിയാണ് സുഹൃത്ത് കല്പന ദത്തയോടൊപ്പം പ്രീതിലത, വിപ്ലവ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചത്. ഇന്ന്, പ്രീതിലതയെക്കുറിച്ച് ലഭ്യമായ വിവരങ്ങളിലേറെയും കല്പന ദത്തയുടെ "ചിറ്റഗോങ്ങ് ആർമറി റെയ്ഡെഴ്സ്" എന്ന ജീവിതകഥയിൽ നിന്നാണ്.

"അകം-പുറം ഭേദം" കൃത്യമായി നിഴലിച്ചിരുന്ന ഒന്നായിരുന്നു ഇന്ത്യൻ സ്വാതന്ത്ര്യ സമര പദ്ധതി. സമര പദ്ധതിയുടെ സൈദ്ധാന്തിക അടിത്തറ പണിയപ്പെട്ടത് ഇന്ത്യൻ കലാസാംസ്കാരികരംഗം നവീനമായി പരിഷ്കരിച്ചും ഭാരതീയ സംസ്കാരം ബ്രിട്ടീഷ് സംസ്കാരത്തെക്കാൾ സമുന്നതവും വ്യതിരിക്തവുമാണെന്ന് അടിവരയിട്ടു പറഞ്ഞും സ്വയംഭരണത്തിന് പ്രാപ്തരായ ഒരു സമൂഹമാണ് ഇന്ത്യൻ ജനതയെന്ന് ലോകത്തെ ബോധ്യപ്പെടുത്തിയും ആണ്. കുലീനയും കുടുംബിനിയുമായ, കുടുംബം എന്ന സമൂഹത്തിലെ ഏറ്റവും ചെറിയ യൂണിറ്റിനെ പരിപാലിച്ചു പോരുന്ന, മാതൃരൂപിണിയായിരുന്നു ഈ സങ്കല്പത്തിലെ സ്ത്രീ. രാഷ്ട്രതന്ത്രവും സമരവുമടക്കമുള്ള പുറംലോകത്തെ പുരുഷനും കയ്യാളി. ഈ ദ്വന്ദ്വയുക്തി മറികടന്ന് അനേകം സ്ത്രീകൾ സമരരംഗത്തേക്കിറങ്ങി വന്നു. എന്നാൽ സ്വാതന്ത്ര്യത്തിനായി ആയുധമെടുത്തു പോരാടാൻ തയ്യാറായ അപൂർവ്വം സ്ത്രീകളേയുണ്ടായിരുന്നുള്ളൂ -അവരിലൊരാളും ആദ്യത്തെയാളുമായിരുന്നു പ്രീതിലത വഡേഡാർ.

ചിറ്റഗോങ്ങ് ആർമറി റെയിഡ് പകുതി പരാജയമായിരുന്നു. സമരത്തിന് നേതൃത്വം നൽകിയ രാമകൃഷ്ണ ബിശ്വാസും കാളിപാദ ചക്രവർ

ത്തിയും ബ്രിട്ടീഷ് സൈന്യത്തിന്റെ പിടിയിലായി. ബിശ്വാസിനെ തൂക്കിക്കൊല്ലാൻ വിധിച്ച സൈന്യം ചക്രവർത്തിയെ സെല്ലുലാർ ജയിലിലേക്ക് നാട് കടത്തി. ഇതോടെ പ്രീതിലതയുടെ ജയിലുമായുള്ള ബന്ധം തുടങ്ങുന്നു. ബിശ്വാസിന്റെ സന്ദർശകയായി പ്രീതിലത നിയോഗിക്കപ്പെടുന്നു. സഹോദരി എന്ന വ്യാജേന നാല്പതിലധികം തവണ പ്രീതിലത ആലിപ്പൂർ സെൻട്രൽ ജയിലിൽ ബിശ്വാസിനെ കാണാൻ ചെല്ലുകയും ചർച്ചകളിൽ ഏർപ്പെടുകയും ചെയ്യുന്നു. പ്രീതിലതയുടെ തുടർന്നുള്ള ജീവിതത്തെ വളരെയധികം സ്വാധീനിച്ചു ഈ



ജയിൽ സന്ദർശനങ്ങളും ചർച്ചകളും, തുടർന്നുള്ള ബിശ്വാസിന്റെ രക്തസാക്ഷിത്വവും. ഒരു വർഷത്തിനിപ്പുറം ബ്രിട്ടീഷ് സൈന്യത്തിന്റെ പിടിയിലായ പ്രീതിലത, യാതന നിറഞ്ഞ ജയിൽജീവിതത്തിനു പകരം മരണം തിരഞ്ഞെടുത്തു. കയ്യിൽ കരുതിയ സയനൈഡ് കഴിച്ച് അഭിമാനിയായി മരിക്കുന്നതിനും മുൻപ് പ്രീതിലത തന്റെ അമ്മയ്ക്കെഴുതിയ കുറിപ്പിലെ ലഭ്യമായിട്ടുള്ള ഭാഗങ്ങളുടെ മലയാള പരിഭാഷ ചുവടെ.

"പ്രിയപ്പെട്ട അമ്മേ, കരയാതിരിക്കൂ. നോക്കൂ, ഞാൻ മരിക്കുന്നത് സത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയാണ്. അമ്മയ്ക്കതിൽ സന്തോഷം തോന്നുന്നില്ലേ? മറ്റെന്താണ് നമുക്ക് ചെയ്യാനാവുക? ഈ രാജ്യം തടങ്കലിലാണ്. വിദേശാധിപത്യത്തിന് കീഴിൽ ഈ രാജ്യത്തെ ജനങ്ങൾ ഞെരിഞ്ഞമരുകയാണ്. വിലങ്ങുകളുടെ ഭാരം മൂലം ഈ രാജ്യത്തിന്റെ നടു വളഞ്ഞിരിക്കുന്നു. നമ്മുടെ മാതൃരാജ്യം അവഹേളിക്കപ്പെടുന്നു, നിന്ദിക്കപ്പെടുന്നു. ഇതൊക്കെ നിശ്ശബ്ദമായി സഹിക്കാനാണോ അമ്മയുടെ തീരുമാനം? സ്വാതന്ത്ര്യത്തിനു വേണ്ടി ഒരു മകളെ ബലികൊടുക്കാൻ അമ്മ തയ്യാറല്ലേ? കരയുക എന്നത് മാത്രമാണോ അമ്മയ്ക്ക് മുന്നിലുള്ള ഒരേയൊരു പോംവഴി?"

"ഈ രാജ്യത്തെ ജനങ്ങളോട് എനിക്ക് ചിലത് പറയാനുണ്ട്. നിങ്ങളിൽ പലരും ചിന്തിച്ചേക്കാം, എങ്ങനെയാണ് ഒരു ഇന്ത്യക്കാരിയായ എനിക്ക്, പാരമ്പര്യമായി കൈമാറിക്കിട്ടിയ അറിവും സാംസ്ക്കാരവുമൊക്കെ കാറ്റിൽപ്പറത്തി, ക്രൂരയായ "കൊലപാതകി"യായി മാറാൻ കഴിയുക എന്ന്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ പോലും സ്ത്രീ-പുരുഷ വിവേചനം കടന്നുവരുന്നത് എന്നെ അത്ഭുതപ്പെടുത്തുന്നു. നിസ്സഹകരണ പ്രസ്ഥാനത്തിൽ സ്ത്രീകൾക്കും പുരുഷനും തോളോടുതോൾ ചേർന്ന് പൊരുതാമെങ്കിൽ, എന്തുകൊണ്ട് സ്ത്രീക്ക് പുരുഷനോടൊപ്പം വിപ്ലവപ്രസ്ഥാനങ്ങളിൽ ചേർന്ന് പ്രവർത്തിച്ചുകൂടാ? പ്രവർത്തനരീതിയിലുള്ള വ്യത്യാസം കാരണമോഅതോ സ്ത്രീ അനുയോജ്യയല്ലാത്തതിനാലോ? സ്ത്രീകൾ ആയുധമെടുത്ത് പോരാടുന്നത് പുതുമയുള്ള കാര്യമൊന്നുമല്ല. ഏതൊക്കെ രാജ്യങ്ങളിൽ വിപ്ലവം വിജയമായിരുന്നുവോ അവിടങ്ങളിലൊക്കെ നൂറുകണക്കിന് സ്ത്രീകൾ അണിനിരന്നിട്ടുണ്ട്. ഇന്ത്യയിൽ മാത്രമെങ്ങനെ ഇതിത്ര അപലപനീയമായി? യോഗ്യതയാണ് വിധിക്കാനുള്ള നിങ്ങളുടെ അളവ്കോലെങ്കിൽ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൽ ആകമാനം സ്ത്രീയെ പുരുഷനെക്കാൾ കഴിവു കുറഞ്ഞവളായി കാണുന്നത് നീതീകരിക്കാനാവുന്നതെങ്ങനെയാണ്? ഇത്തരം തെറ്റായ ധാരണകളെ കുടഞ്ഞുകളയേണ്ട സമയമായിരിക്കുന്നു. എന്റെ സഹോദരിമാരെ, ദൗർബല്യങ്ങൾ അവഗണിച്ച്, നിങ്ങൾ വിപ്ലവപ്രസ്ഥാനങ്ങളിൽ ആയിരക്കണക്കായി അണിചേരുമെന്ന് ഞാൻ വിശ്വസിക്കുന്നു"


1. Chatterjee, Partha. "The Nationalist Resolution of the Women's Qestion." Recasting Women: Essays in Indian Colonial History. Ed. Kumkum Sangari and Sudesh Vaid. New DelhiO Kali for Women, 1989. n.p. Web.

2. Gupta, Sarmistha Dutta. "Death and Desire in Times of Revolution." Economic and Political Weekly, vol. 48, no. 37, 2013, pp. 59-68.

3. https://bangladeshletters.wordpress.com/2018/01/19/letter-of-pritilata-waddedar/


■




**റാഷിദ പി.ടി.**
ബി.എഡ്. വിദ്യാർത്ഥിനി
ശോഭാ കോളേജ് ഓഫ്
ടീച്ചർ എഡ്യൂക്കേഷൻ
മാരാരിക്കുളം, ആലപ്പുഴ


# തടവറയിൽ നിന്നുള്ള വെല്ലുവിളികൾ

*'The history of liberty is a history of resistance'*
*Woodrow Wilson*

**ഫെ**മിനിസ്റ്റ് പ്രസ്ഥാനത്തിന്റെ രാഷ്ട്രീയം അംഗീകരിക്കുന്ന ഒരു ഫെമിനിസ്റ്റ് എന്ന നിലയിൽ ശ്രദ്ധേയയായ ഈജിപ്ഷ്യൻ എഴുത്തുകാരി നെവൽ എൽ സദാവിയുടെ 'വുമൺ അറ്റ് പോയിന്റ് സീറോ' എന്ന കൃതി പുരുഷ കേന്ദ്രീകൃത സമൂഹത്തിന്റെ ആധിപത്യ ഘടനയിൽ സാമൂഹികമായി പാർശ്വവൽക്കരിക്കപ്പെട്ട ഈജിപ്ഷ്യൻ സ്ത്രീകളുടെ ചെറുത്തുനിൽപ്പുകളെ ഓർമ്മിപ്പിക്കുന്നു. വർഷങ്ങളായി ജയിലിൽ കഴിയുന്ന സ്ത്രീകളെയും അവരുടെ അനുഭവങ്ങളെയും കുറിച്ച് പഠനം നടത്തുന്നതിനിടയിൽ ഈജിപ്തിലെ ക്വാണ്ടയർ ജയിലിൽ വെച്ച് കണ്ടുമുട്ടിയ ഫിർദൗസിന്റെ ജീവിതത്തെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ് ഈ പുസ്തകം. ഈ പുസ്തകം എഴുതുന്നതിന് മുമ്പ് സദാവി വനിതാ തടവുകാർക്ക് ജയിൽ അനുഭവങ്ങളിൽ നിന്നുണ്ടാകുന്ന മാനസിക പ്രത്യാഘാതത്തെക്കുറിച്ച് പഠിക്കുകയുണ്ടായി. 1967 ൽ ഈ പഠനം 'Women and Neurosis in Egypt' എന്നപേരിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ജീവിത വിവരണത്തിന്റെ വിഭാഗത്തിൽ ഉൾപ്പെടുന്ന ഈ കൃതി ഈജിപ്റ്റിലെ സ്ത്രീകളുടേയും ലൈംഗിക തൊഴിലാളികളുടേയും ജീവിതം അവതരിപ്പിക്കുക വഴി സ്ത്രീ അടിച്ചമർത്തലിനെ സദാവി രാജ്യത്ത് നിലനിൽക്കുന്ന അസമമായ വർഗ്ഗ വ്യവസ്ഥയുമായും, പാശ്ചാത്യ സാമ്രാജ്യത്വവുമായും ബന്ധിപ്പിക്കുന്നു.


നെവൽ എൽ സാദവി

ജീവിതമെഴുത്ത് പ്രത്യക്ഷത്തിൽ വളരെ ലളിതമായ ഒരു പ്രക്രിയയാണെന്ന് തോന്നുന്നുവെങ്കിലും, അവ സങ്കീർണമായ ഒരു ആഖ്യാനമാണ്. ഇവിടെ സദാവി തന്റെ എഴുത്തിലൂടെ വാക്കുകൾക്കും വാചകങ്ങൾക്കുമപ്പുറത്തേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടുപോകുന്നു. ചരിത്ര സംഭവത്തെ വിശകലനം ചെയ്യുന്നതിനാൽ ജീവിതമെഴുത്തുകൾ ചരിത്ര രേഖയായി വായിക്കപ്പെടുന്നു. ഇവിടെ സദാവി ഒരു കാലഘട്ടത്തെ പര്യവേഷണം ചെയ്യുന്നതിലൂടെ ചരിത്രത്തെ നിർമ്മിക്കുക കൂടി ചെയ്യുന്നു. ഈ പുസ്തകം ഫിർദൗസിന്റെ ജീവിതത്തെ അടിസ്ഥാനമാക്കി എഴുതപ്പെട്ടതാണെങ്കിലും ഇതിനൊരു ഫിക്ഷന്റെ സ്വഭാവം ഉണ്ട്. ഇവിടെ ആഖ്യാന ഫ്രേമുകളിൽ വായനക്കാരന് രണ്ട് സ്ത്രീകളുണ്ട്. ഫിർദൗസും, ആഖ്യാതാവും. പുസ്തകത്തിലുടനീളം ഫിർദൗസിനെ പോലെ തന്നെ നോവലിൽ ആഖ്യാതാവ് നിറഞ്ഞ് നിൽക്കുന്നുണ്ട്. ക്വാണ്ടയർ ജയിൽ സന്ദർശനത്തിനിടയിൽ ഒരു ഡോക്ടറുടെ അടുത്ത് നിന്നാണ് വധശിക്ഷക്ക് വിധിക്കപ്പെട്ട ഫിർദൗസിനെ കുറിച്ച് സദാവി കേൾക്കാനിടയായത്. ഫിർദൗസിനെ കാണാൻ നെവൽ ഒരുപാട് ശ്രമം നടത്തിയെങ്കിലും ഫിർദൗസ് സദാവിയെ കാണാൻ വിസമ്മതിക്കുകയാണ് ചെയ്തത്. അവസാനം ഫിർദൗസിനെ തൂക്കിലേറ്റുന്നതിന്റെ തലേ ദിവസം




ഫിർദൗസ് നെവലിനെ കാണാൻ സമ്മതിക്കുന്നു. നോവൽ ആരംഭിക്കുന്നത് ഫിർദൗസ് സദാവിയോട് തറയിൽ ഇരിക്കാൻ ആവശ്യപ്പെടുകയും തന്റെ ജീവിതം പറയുന്നതിലൂടെയുമാണ്.

ഈജിപ്റ്റിലെ ഒരു ദരിദ്ര കുടുംബത്തിൽ ജനിച്ച ഫിർദൗസ് അച്ഛൻ അമ്മയെ ക്രൂരമായി മർദ്ദിക്കുന്നത് കണ്ടുകൊണ്ടാണ് വളരുന്നത്. ചെറുപ്പത്തിൽ കളിക്കൂട്ടുകാരൻ മുഹമ്മദീയനിൽ നിന്ന് അവൾക്ക് ആദ്യത്തെ ലൈംഗിക ഉണർവ്വ് അനുഭവപ്പെടുന്നുണ്ടെങ്കിലും ലിംഗ പരിച്ഛേദനത്തിന് വിധേയയാകേണ്ടി വന്ന ഫിർദൗസിന് പിന്നീടൊരിക്കലും ലൈംഗികാനന്ദം അനുഭവപ്പെടുന്നില്ല. അറബ് രാജ്യങ്ങളിൽ പരിച്ഛേദനരീതി ഇപ്പോഴും ഒരു സാധാരണ പ്രതിഭാസമാണ്. ഈജിപ്റ്റിലെ ഭൂരിഭാഗം ജീവിതം തുടങ്ങുന്നത് ചെറുപ്പത്തിലെ ലിംഗ പരിച്ഛേദനത്തിലൂടെയാണ്. സ്ത്രീകളുടെ ജീവിതം രൂപപ്പെടുത്തുന്നതിൽ മതം വലിയ പങ്ക് വഹിക്കുന്നു. സ്ത്രീകളുടെ വിധേയത്വം ആരംഭിക്കുന്നത് മതത്തിൽ നിന്നാണ്. കന്യകാത്വത്തിന് കൊടുക്കുന്ന പ്രാധാന്യമാണ് പരിച്ഛേദനം ഇത്രയും സാധാരണ പ്രതിഭാസമാക്കുന്നത്. പെൺകുട്ടികളുടെ ലൈംഗിക അവയവത്തിന്റെ ഒരു ഭാഗം മുറിച്ച് മാറ്റുന്നതിലൂടെ സ്ത്രീകളുടെ ലൈംഗിക ആനന്ദം കുറയുന്നു എന്ന വിശ്വാസമാണ് ഇതിനു പിന്നിൽ. പരിച്ഛേദനം കൂടുതലായി നടത്തുന്നത് പെൺകുട്ടികൾക്ക് ഏഴോ എട്ടോ വയസ്സാകുന്ന സമയത്താണ്. ഇത് പിൽക്കാലത്ത് ജീവിതത്തിലുട നീളം കുട്ടികളിൽ ലൈംഗിക ഭീതി ഉണ്ടാക്കുകയും, അത് അവരുടെ വ്യക്തിത്വത്തെ ശിഥിലമാക്കുകയും ചെയ്യുന്നു. ഇവിടെ ഫിർദൗസിനെ പരിച്ഛേദനത്തിന് വിധേയയാക്കുന്നത് അവളുടെ അമ്മയാണ്. ഇതിലൂടെ സ്ത്രീകൾ എങ്ങനെ പുരുഷാധിപത്യത്തിന്റെ ഏജൻസിയായി പ്രവർത്തിക്കുന്നു

**പുരുഷാധിപത്യ സമൂഹത്തിന്റെ കർക്കശമായ ഘടനയെ കുറിച്ചുള്ള അന്വേഷണമാണ് ഫിർദൗസിന്റെ ജീവിതം. ഫിർദൗസ് തന്റെ സാഹചര്യങ്ങളോട് ശക്തമായി ചെറുത്ത് നിൽക്കുന്നു. സ്ത്രീകൾ പ്രത്യേകിച്ച് മൂന്നാം ലോകരാഷ്ട്രങ്ങളിലെ സ്ത്രീകൾ എങ്ങനെയാണ് മുതലാളിത്ത സാമ്രാജ്യത്വത്തിന്റെ ഇരകളായി തീരുന്നു എന്നും, മതം എങ്ങനെ സാമ്രാജ്യത്വത്തിന്റെ ആധിപത്യ ഉപകരണമാകുന്നു എന്നും സദാവി ഈ പുസ്തകത്തിലൂടെ പറഞ്ഞു വെക്കുന്നു. ഫിർദൗസിന്റെ ജീവിതം ഒരു പ്രതിരോധമാണ്. ഈജിപ്റ്റിലെ സ്ത്രീകളുടെ ജീവിത യാഥാർത്ഥ്യത്തെ ചിത്രീകരിക്കുന്നതിനാലും മതവും പുരുഷത്വവും ശാക്തീകരിച്ച പുരുഷാധിപത്യ സമൂഹത്തിന്റെ ആധിപത്യത്തെ വെല്ലുവിളിക്കുന്നതിനാലും ഈ പുസ്തകം കാലിക പ്രസക്തമായ ഒന്നായി നില നിൽക്കുന്നു.**

എന്നും, എങ്ങനെയാണ് പുരുഷാധിപത്യം ഒരു സ്ത്രീക്കുള്ളിൽ സൂക്ഷ്മമാവുന്നു എന്നതും, സ്ത്രീ സ്വയം മറ്റുള്ള സ്ത്രീകളുടെ ശരീരത്തിന് മേലുള്ള നിയന്ത്രണ ശക്തിയായി മാറുന്നു എന്നും കാണാം. കന്യകാത്വവുമായി ബന്ധപ്പെട്ട മൂല്യങ്ങളെ കുറിച്ചുള്ള ധാരണയുടെ ഫലമായി ലോകത്തിന്റെ പലയിടങ്ങളിലും പെൺകുട്ടികൾ ഇതിന്റെ ഇരകളായി തീരുന്നു.

അമ്മയുടേയും അച്ഛന്റെയും മരണത്തിന് ശേഷം കെയ്റോയിലുള്ള അമ്മാവന്റെ സംരക്ഷണത്തിൽ ജീവിച്ച ഫിർദൗസിന് അയാളുടെ നിർബന്ധത്തിന് വഴങ്ങി വൃദ്ധനായ ഷെയ്ക്ക് മഹ്മൂദിനെ കല്ല്യാണം കഴിക്കേണ്ടി വരുന്നു. പുരുഷാധിപത്യ സമൂഹത്തിലെ മറ്റ് സ്ത്രികളെ പോലെ ഫിർദൗസിനും സ്വന്തം വിവാഹത്തിൽ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നു. ലൈംഗിക അടിമത്തം എന്ന് വിളിക്കാവുന്ന വിവാഹബന്ധത്തിന്റെ ഇരയായി തീരുന്നുണ്ട് ഫിർദൗസ്.



ഷെയ്ക്ക് മഹ്മൂദിൽ നിന്ന് രക്ഷപ്പെട്ട് ലൈംഗിക തൊഴിലാളിയായ ഷെരീഫയുടെ അടുത്തെത്തുന്ന ഫിർദൗസ് പിന്നീട് ലൈംഗിക തൊഴിൽ ഏറ്റെടുക്കുന്നു. എന്നാൽ തന്റെ ശരീരം വിറ്റ് ഷെരീഫ പണമുണ്ടാക്കുന്നു എന്ന തിരിച്ചറിവ് അവിടെ നിന്നും ഓടിപ്പോവാൻ അവളെ പ്രേരിപ്പിക്കുന്നു. ഇടക്കെപ്പോഴോ തന്നോട് ലൈംഗിക ബന്ധത്തിലേർപ്പെട്ട ഇബ്രാഹിമുമായി അവൾ പ്രണയത്തിലാവുന്നതോടെ ജീവിതത്തെക്കുറിച്ചുള്ള അവളുടെ കാഴ്ചപ്പാടുകൾ മാറുന്നു. എന്നാൽ ഇബ്രാഹിം വേറൊരാളെ വിവാഹം കഴിക്കുന്നു എന്ന വാർത്ത അവളെ വീണ്ടും നൈരാശ്യത്തിലാഴ്ത്തുകയാണ് ചെയ്യുന്നത്. ഇബ്രാഹിമുമായുള്ള അകൽച്ച വീണ്ടും ലൈംഗിക തൊഴിൽ സ്വീകരിക്കാൻ ഫിർദൗസിനെ പ്രേരിപ്പിക്കുന്നു. പിന്നീട് അവൾ ഒരു കൂട്ടിക്കൊടുപ്പുകാരന്റെ അധികാരത്തിന് കീഴടങ്ങുന്നുണ്ടെങ്കിലും സ്വതന്ത്രമായി ജീവിക്കാനുള്ള അവളുടെ തീക്ഷ്ണമായ ആഗ്രഹം അയാളുമായി വഴക്ക് കൂടുന്നതിലും, അബദ്ധത്തിൽ അയാളെ കൊല്ലുന്നതിലും കലാശിക്കുന്നു. ഇതോടെ ജീവിതത്തേയും മരണത്തേയും കുറിച്ചുള്ള ഭയം അവളിൽ നിന്ന് പാടെ വിട്ടുപോവുകയാണ് ചെയ്യുന്നത്. ഫിർദൗസ് തന്റെ ജീവിതം പറഞ്ഞ് തീരുന്നതോടെ പോലിസ് വന്ന് ഫിർദൗസിനെ കൊണ്ടു പോകുകയും തൂക്കിലേറ്റുകയും ചെയ്യുന്നു.

ഫിർദൗസ് അവളുടെ തീരുമാനങ്ങളുടെ നീതിയിൽ ഉറച്ച് വിശ്വസിച്ചിരുന്നു. അവളുടെ ജീവിതത്തിലെ കയ്പ്പേറിയ അനുഭവങ്ങൾ അവളെ ഉറച്ച സ്ത്രീയാക്കി മാറ്റുന്നു. മരണത്തെ പോലും അവൾ ധൈര്യപൂർവ്വം അഭിമുഖീകരിക്കുന്നുണ്ട്. മരണം അവൾക്ക് എല്ലാ പ്രതിസന്ധികളിൽ നിന്നുമുള്ള സ്വാതന്ത്ര്യമാണ്. അവളുടെ തന്നെ പ്രതിരോധത്തിന്റെ അവസാനവുമാണ്. ഫിർദൗസ് ലൈംഗിക തൊഴിൽ നിർബന്ധിതാവസ്ഥയിൽ ഏറ്റെടുക്കുന്നതാണെങ്കിലും അവളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെട്ടിട്ടും അവൾ ഈ തൊഴിൽ ഉപേക്ഷിക്കുന്നില്ല. ലൈംഗിക തൊഴിലിലൂടെ അവൾ സ്വയം ശാക്തീകരിക്കുന്നു. കൂടാതെ ഫിർദൗസിന്റെ ജീവിതം പറഞ്ഞുവെക്കുന്നതിലൂടെ സദാവി മതം മുന്നോട്ടു വെക്കുന്ന പവിത്രമായ ലൈംഗിക സങ്കൽപ്പത്തെ അപനിർമ്മിക്കുന്നു. ഈജിപ്റ്റിൽ നിയമപ്രകാരം ഒരു പുരുഷൻ ഒരു ലൈംഗിക തൊഴിലാളിയുടെ കൂടെ പിടിക്കപ്പെട്ടാൽ അയാളെ അവൾക്കെതിരെയുള്ള സാക്ഷിയായിട്ട് ഉപയോഗിക്കുന്നു. അയാളെ വെറുതെ വിടുകയും അവൾക്ക് തടവ് ശിക്ഷ വിധിക്കുകയും ചെയ്യുന്നു. ഇവിടെ എല്ലാ നിയമങ്ങളും പുരുഷാധിപത്യ വ്യവസ്ഥയുടെ ചട്ടക്കൂടിനുള്ളിൽ പ്രഖ്യാപിക്കപ്പെടുന്നു.

പുരുഷാധിപത്യ സമൂഹത്തിന്റെ കർക്കശമായ ഘടനയെ കുറിച്ചുള്ള അന്വേഷണമാണ് ഫിർദൗസിന്റെ ജീവിതം. ഫിർദൗസ് തന്റെ സാഹചര്യങ്ങളോട് ശക്തമായി ചെറുത്ത് നിൽക്കുന്നു. സ്ത്രീകൾ പ്രത്യേകിച്ച് മൂന്നാം ലോകരാഷ്ട്രങ്ങളിലെ സ്ത്രീകൾ എങ്ങനെയാണ് മുതലാളിത്ത സാമ്രാജ്യത്വത്തിന്റെ ഇരകളായി തീരുന്നു എന്നും, മതം എങ്ങനെ സാമ്രാജ്യത്വത്തിന്റെ ആധിപത്യ ഉപകരണമാകുന്നു എന്നും സദാവി ഈ പുസ്തകത്തിലൂടെ പറഞ്ഞു വെക്കുന്നു. ഫിർദൗസിന്റെ ജീവിതം ഒരു പ്രതിരോധമാണ്. ഈജിപ്റ്റിലെ സ്ത്രീകളുടെ ജീവിത യാഥാർത്ഥ്യത്തെ ചിത്രീകരിക്കുന്നതിനാലും മതവും പുരുഷത്വവും ശാക്തീകരിച്ച പുരുഷാധിപത്യ സമൂഹത്തിന്റെ ആധിപത്യത്തെ വെല്ലുവിളിക്കുന്നതിനാലും ഈ പുസ്തകം കാലിക പ്രസക്തമായ ഒന്നായി നിലനിൽക്കുന്നു. ■






അംബിക പ്രഭാകരൻ

# ഇലവീശി

ചെറുപ്പകാലത്ത് അയാൾ വെയിലത്തു നടന്നു നടന്ന് ഞങ്ങളെ,
ചെറുവിത്തുകളെ പെറുക്കിക്കൂട്ടി
വഴിയരികിൽ വളവിൽ നട്ടു.
നനച്ചു വളമായി ചാണകവും തന്നു
ഇപ്പോൾ ഞങ്ങളെല്ലാം
കയ്യെത്താദൂരത്ത് ചില്ലകളുള്ള മരങ്ങൾ
അതിൻ താഴെ തണൽ
കുറെ ആളുകൾ കൂട്ടം കൂട്ടമായി വന്ന്
കൊമ്പുകൾ മുറിക്കുന്നു
എനിക്കെന്റെ ചില്ലകളെ ഉയർത്താൻ കഴിഞ്ഞില്ല.
അവർ വെട്ടിയെടുത്ത ചില്ലയിൽ ഒരു തുണി കെട്ടിയുറപ്പിച്ചു.
അപ്പോൾ അത് ഒരു പത്തലായി മാറി
അതുകൊണ്ട് അവർ ഒരാളെ ആഞ്ഞ് ആഞ്ഞ്
അടിച്ചു വീഴ്ത്തി
അയാൾ ഞങ്ങളെ നനച്ചു വളർത്തിയോൻ
അവർ അയാളെ എന്റെ മേൽചേർത്തു കെട്ടി
എന്തോ പറയിപ്പിക്കാൻ ഉറക്കെ ഉറക്കെ അലറുന്നുണ്ട്
ഞാൻ ഒരു തണൽമരം അയാൾക്ക് ഒരിറ്റ്
തണൽ കൊടുക്കാൻ മാത്രമേ എനിക്ക് കഴിഞ്ഞുള്ളൂ
ഞങ്ങൾ വേരുകളെ മണ്ണിൽ ഉറപ്പിച്ച് അനങ്ങാതെ നിന്നു
കയറു മുറുകുമോ എന്ന് പേടിച്ചു
അലറി വിളിച്ചവർ പോയ ശേഷം
ഞങ്ങൾ കൂട്ടത്തോടെ ഇലകൾ വീശി വീശി
അയാൾക്കു ശ്വാസം കൊടുത്തു.

വിവർത്തനം: അശ്വതി സേനൻ



**അപർണ ഈശ്വരൻ**
റിസർച്ച് അസിസ്റ്റന്റ്
ഇന്റർ യൂണിവേഴ്സിറ്റി
സെന്റർ ഫോർ ഇന്റലക്ചൽ
പ്രോപ്പർട്ടി റൈറ്റ്സ്, കുസാറ്റ്

# ഇതരനിർമിത തടവറകൾ

**1983** ലെ തമിഴ് വിരുദ്ധ വംശഹത്യ ശ്രീലങ്കയിലെ തമിഴരുടെ ജീവിതത്തെ നിർണ്ണായകമായി മാറ്റിമറിക്കുകയും ഒരു തമിഴ് രാഷ്ട്രമായ 'ഏലം' തീവ്രവാദത്തിലൂടെ മാത്രമേ നേടാനാകൂ എന്ന രാഷ്ട്രീയ വിശ്വാസം ശക്തിപ്പെടുത്തുകയും ചെയ്തു. ദ്വീപിന്റെ ചരിത്രത്തിൽ ആഴത്തിൽ പതിഞ്ഞിട്ടുള്ള രക്തരൂക്ഷിതമായ ഈ സംഭവത്തെ ലോകമെമ്പാടുമുള്ള തമിഴർ 'കറുത്ത ജൂലൈ' എന്നാണ് വിശേഷിപ്പിക്കുന്നത്.

അക്കാലത്ത് തമിഴ് വിരുദ്ധ കലാപത്തിന്റെ പരമ്പരയിൽ ഏറ്റവും പുതിയത് മാത്രമായിരുന്നുവെങ്കിലും 1950 കളിൽ ആരംഭിച്ച ബ്ലാക്ക് ജൂലൈ, വേറിട്ടുനിൽക്കുന്നത് തമിഴ് കുടുംബങ്ങളെ കൃത്യമായി ആസൂത്രണം ചെയ്തു ഉന്മൂലനാശം ചെയ്യാൻ ഈ അറും കൊലയിൽ സിംഹള സ്റ്റെയ്റ്റിന്റെയും, സൈന്യത്തിന്റെയും പോലീസ് സേനയുടെയും സജീവ പങ്കാളിത്തമാണ്. ശ്രീലങ്കയിലെ കൊളംബോയിൽ സ്ഥിതി ചെയ്യുന്ന വെല്ലികേഡ് ജയിൽ ഏറ്റവും വലിയ സുരക്ഷാസ്ഥാനവും ക്രൂരമായ നിയമനിർമ്മാണത്തിനുള്ള ഒരു സ്ഥലവും എന്നതിലുപരി ഭീകരമായ ഭൂരിപക്ഷ ദേശീയതയുടെ കേന്ദ്രംകൂടിയായിരുന്നു. കൊളംബോ തെരുവുകളിൽ തീവെയ്പ്പും കൊലപാതകവും നടക്കുമ്പോൾ മുപ്പത്തിയഞ്ച് രാഷ്ട്രീയ തടവുകാർ ഉൾപ്പെടെ അൻപത്തി മൂന്ന് തമിഴ് തടവുകാർ അതിന്റെ ഉയർന്ന മതിലുകൾക്കുള്ളിൽ കൊല്ലപ്പെട്ടു. 1978 ൽ താൽക്കാലിക നിയമമായി പാസാക്കിയ കുപ്രസിദ്ധമായ 'തീവ്രവാദ നിരോധന നിയമം' അഥവാ പി.ടി.എ ആക്ട് തമിഴ് വിമോചന സമരത്തെ പിന്തുണയ്ക്കുന്നുവെന്ന സംശയത്തിൽ ആരെയും പരിശോധിക്കാനും, അന്വേഷണം നടത്താനും, തടഞ്ഞുവയ്ക്കാനും, അറസ്റ്റ് ചെയ്യാനുമുള്ള അധികാരങ്ങൾ പോലീസ് സേനയ്ക്ക് നൽകി. 1982 ൽ ഈ നിയമത്തിനു സ്ഥിരം സവിശേഷത നൽകി സ്ഥിരപ്പെടുത്തുകയും ചെയ്തു.

ദുർഭാഗ്യമെന്നു പറയട്ടെ സർക്കാർ കസ്റ്റഡിയിലിരിക്കെ തമിഴ് രാഷ്ട്രീയ തടവുകാരെ കൊല്ലുന്നത് ഈ സംഭവത്തോടെയാണ് ആരംഭിച്ചത്. ശ്രീലങ്കയിലെ ആഭ്യന്തരയുദ്ധത്തിന്റെ ചരിത്രത്തിലുടനീളം പൊതു മനസ്സാക്ഷിയെ ഞെട്ടിക്കുന്ന ഇത്തരം പല കേസുകളും ഉണ്ടായിട്ടുണ്ട്. 2000ത്തിൽ സിംഹള ഗ്രാമീണരുടെ സായുധ സംഘം ബിന്ധുനുവേവ പുനരധിവാസ കേന്ദ്രം ആക്രമിച്ചു ഏതാണ്ട് 28 തമിഴ് യുവാക്കളെ ദാരുണമായി കൊലപ്പെടുത്തി. സുരക്ഷാ സേന ഇത് നോക്കി നിൽക്കുകയും ചിലർ അതിൽ പങ്കു ചേരുകയും ചെയ്തു.

പിടിഎ നിയമപ്രകാരം എൽടിടിഇ അനുഭാവികളാണെന്ന സംശയത്തിന്മേലാണ് പുനരധിവാസത്തിനായി ഈ തമിഴ് യുവാക്കളെ തടവിൽ വെച്ചിരുന്നത്. പി.ടി.എയുടെ ചാർജിൽ ഇത്തരം കേന്ദ്രങ്ങളിൽ കഴിയുന്ന തടവുകാരുടെ മേൽനടക്കുന്ന അതിക്രമങ്ങൾ എന്ന വിഷയത്തിൽ അന്താരാഷ്ട്ര മനുഷ്യാവകാശ ഏജൻസികളായ ഹ്യൂമൻ റൈറ്റ്സ് വാച്ച്, ആംനസ്റ്റി ഇന്റർനാഷണൽ എന്നിവ ഈ വിഷയത്തിൽ ഒന്നിലധികം റിപ്പോർട്ടുകൾ പുറത്തു കൊണ്ട് വന്നിട്ടുണ്ട്. ഉദാഹരണത്തിന്, 2013 ൽ ഈ കേന്ദ്രങ്ങളിൽ പാർപ്പിച്ചിരുന്ന എഴുപത്തഞ്ച് തമിഴ് സ്ത്രീകളെയും പുരുഷന്മാരെയും സൈന്യം, പോലീസ് സേന, രഹസ്യാന്വേഷണ ഉദ്യോഗസ്ഥർ എന്നിവർ തുടർച്ചയായി ബലാത്സംഗം ചെയ്യുകയും ലൈംഗികമായി പീഡിപ്പിക്കുകയും ചെയ്തു എന്ന് ഹ്യൂമൻ റൈറ്റ്സ് വാച്ച് റിപ്പോർട്ട് ചെയ്തിരുന്നു. ഇത്തരം അതിക്രൂര പീഡനമാണ് അറസ്റ്റ് ചെയ്യപ്പെട്ടാൽ സയനേയ്ഡ് ഗുളികകൾ ഉപയോഗിക്കാൻ അവരെ പ്രേരിപ്പിച്ചത് എന്ന് പറയപ്പെടുന്നു. മരണമാണ് ഈ കേന്ദ്രങ്ങളുടെയും ജയിലുകളുടെയും പീഡനത്തിനേക്കാൾ എന്ത് കൊണ്ടും ഭേദമായി അവർക്കു തോന്നിയിരുന്നത്. പ്രമുഖ നരവംശശാസ്ത്രജ്ഞനായ പ്രദീപ് ജഗന്നാഥൻ പറയുന്ന പോലെ വ്യാപകമായ ഇത്തരം അറസ്റ്റും തടങ്കൽ പാർപ്പിക്കലും ശ്രീലങ്കയിലെ തമിഴ് സമൂഹത്തെ ഇപ്പോഴും വയലൻസ് ഉത്ക്കണ്ഠ മുൻകൂട്ടി കാണുന്ന ഒരു ജനതയാക്കി മാറ്റിയിരിക്കുന്നു. ആഭ്യന്തരയുദ്ധത്തിന്റെ വർഷങ്ങളിൽ അവിടുത്തെ സ്ത്രീകൾ എഴുതിയ കവിതയെക്കുറിച്ചുള്ള എന്റെ വായനയിൽ ഒരു തമിഴ് തീവ്രവാദിയായി എപ്പോൾ വേണമെങ്കിലും തെറ്റിദ്ധരിക്കപ്പെടാം എന്ന ഭയം, ഒരുപക്ഷേ ഏതെങ്കിലും ചെക്ക് പോയിന്റിൽ അറസ്റ്റ് ചെയ്യപ്പെടാമെന്ന നിരന്തരമായ ഭീതി, അവരെ സ്വന്തം നീക്കങ്ങളെ കുറിച്ച് ഇപ്പോഴും ജാഗ്രതയുള്ളവരാക്കുന്നു. അനിയന്ത്രിതമായ തടവ്, പ്രിയപ്പെട്ടവരുടെ തിരോധാനം എന്നിവയാണ് ഏറ്റവും വേദനാജനകമായ ഓർമ്മകൾ. ഇതിലുപരി നഷ്ടം വ്യക്തമാക്കുന്നതിനോ സാക്ഷ്യം വഹിക്കുന്നതിനോ ഉള്ള വഴികളുടെ അഭാവവും അവരെ വേദനിപ്പിച്ചു. ഈ ജീവിതം എന്നാൽ ജയിലിൽ കിടക്കുന്ന അവസ്ഥയിൽ നിന്ന് വളരെ വ്യത്യസ്തമായിരുന്നില്ല.

1990 കളിൽ ഉർവശി എഴുതിയ "അവരുടെ സായാഹ്നം" എന്ന തമിഴ് കവിത അത്തരം ഒന്നാണ്. അവരുടെ കാമുകനെ പോലീസ് സേന നിർബന്ധിച്ച് അറസ്റ്റ് ചെയ്യുമ്പോൾ, ആ നിർബന്ധിത തിരോധനം 'സമയം വീണ്ടെടുക്കൽ' എന്ന ഉപമ വഴിയാണ് അറിയിക്കുന്നത്.

'അഞ്ച് ജീപ്പുകൾ ഒരുമിച്ച് പൊടി പടർത്തി
തെക്ക് പടിഞ്ഞാറൻ കാറ്റ് ശക്തമായി വീശുന്നു –
അവർ അവനെ ദൂരേക്ക് വലിച്ചിഴച്ചു, എന്റെ ഹൃദയത്തിൽ ആഴത്തിൽ ഭയം കൂടിവന്നു.
ചുമരിലെ പല്ലി മാത്രം എന്തോ ഉച്ചരിച്ചു.
ഭയത്താൽ, മേൽക്കൂരയുടെ ഷീറ്റുകൾ മൃദുവായി ശബ്ദമുണ്ടാക്കി.
എന്റെ കാൽക്കലുള്ള കുട്ടി നിലവിളിച്ചു –
അയൽക്കാർ ജിജ്ഞാസയോടെ ഒത്തുകൂടി.
അവൻ അവരോടൊപ്പം നടന്നകന്നു –
നീട്ടിയ റൈഫിളുകൾ അവന്റെ പുറകിൽ അമർന്നു.
അമ്പത് റൈഫിളുകൾ താങ്ങുന്ന ആ കൈകളിലെ അടയാളം
എന്റെ ഉള്ളിൽ അഴലിന്റെ ഒരു ചുമടുതാങ്ങായി.'

ഒരു വിഷ്വൽ സാക്ഷ്യപത്രം പോലെ തോന്നുന്ന കവിതയിലെ ഈ ഭാഗം, ആ സമയത്തെ ഓരോ സംഭവവും, ഓരോ നിമിഷവും, അതിന്റെ ശബ്ദം, ദൃശ്യം ഒക്കെ നമ്മുടെ ഭാവനയിലേക്കു ആഴ്ന്നിറങ്ങുന്നു. സ്റ്റെയ്റ്റിന്റെ വയലൻസിന്റെ പ്രതീകമായി. "ആ സായാഹ്നം അവരുടേതായി തീർന്നിരുന്നു" എന്ന് പറഞ്ഞു കൊണ്ടാണ് കവിത അവസാനിക്കുന്നത്. ശിവരമണി എന്ന മറ്റൊരു കവി, പേരില്ലാത്ത ഒരു കവിതയിൽ രാത്രികൾ തനിക്ക് പ്രധാനമാണെന്നും എന്തെന്നാൽ ചോദ്യം ചെയ്യലിനായി പി.ടി.എ ചുമഴ്ത്തി പോലീസ് കസ്റ്റഡിയിലെ



ടുത്തു കൊണ്ടുപോകുന്ന പ്രിയപ്പെട്ടവർ രാത്രിയുടെ മറവിൽ മറഞ്ഞു പോകുമെന്ന ഭീതിയിലാണ് ഇരുട്ട് തള്ളിനീക്കുന്നത് എന്നും പറയുന്നു.

'രാത്രി എനിക്ക് പ്രധാനമാണ്.
ഈ ഇരുട്ടിൽ
ഇത് ഇന്നലെ രാത്രിയിലേതു പോലെ–
മറ്റൊരു സുഹൃത്ത് അപ്രത്യക്ഷമായേക്കാം–
ഈ ഇരുട്ട് എനിക്ക് ഏറ്റവും വിലപ്പെട്ടതാണ്.'

അതുപോലെ, ഇപ്പോൾ ഓസ്ട്രേലിയയിൽ താമസിക്കുന്ന ആസിയാൽ എന്ന കവി, 'അമ്മയും രാത്രി ദേവിയും' എന്ന കവിതയിൽ അപ്രത്യക്ഷമായ മകൾക്ക് വേണ്ടി അമ്മ നടത്തുന്ന തിരച്ചിലിനെ പറ്റി എഴുതുന്നു. വംശീയ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ പെർസെഫോണി മിത്തുപയോഗിക്കുന്ന കവിത, മകളെ കാണാതായി ഭൂമി

അതെ സമയം ചരിത്രത്തിലെ ഇരുണ്ട ഏടായ തമിഴ് ദേശീയതയുടെ മറ്റൊരു കാലഘട്ടവും നമുക്ക് മറക്കാൻ സാധിക്കില്ല. സ്വന്തം തല തിന്നുന്ന ഒരു രാക്ഷസനെപ്പോലെ മറ്റ് തമിഴ് സംഘടനകളുമായി ആസൂത്രിതമായി യുദ്ധത്തിൽ ഏർപ്പെട്ടു അവരെ കൊന്നൊടുക്കി, തമിഴ് പോരാട്ടത്തിൽ ഏറ്റവും ലെജിറ്റിമറ്റ് ആയ പ്രതിനിധി ആണെന്ന് വരുത്തുവാനുള്ള ഒരു ഭ്രാന്തൻ യത്നത്തിൽ LTTE ഏർപ്പെട്ടിരുന്നു. ഈ കാലഘട്ടത്തിൽ 'രാജ്യദ്രോഹിയുടെ ജയിൽ' എന്ന പേരിൽ സ്ത്രീകൾക്ക് മാത്രമായുള്ള ജയിലുകൾ LTTE നടത്തിപ്പോന്നു.

യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഫോർ ഹ്യൂമൻ റൈറ്റ്സിന്റെ (യുടിഎച്ച്ആർ) റിപ്പോർട്ട് പ്രകാരം ഈ ജയിലുകളിൽ മധ്യവയസ്കരും പ്രായമുള്ളവരുമായ 200 ഓളം സ്ത്രീകളെ തടവുകാരായി



മുഴുവൻ തിരഞ്ഞു എല്ലാവരേയും "തരിശുഭൂമികൾ" ആശംസിക്കുന്ന അമ്മയായി ഡിമീറ്ററും, മകളെ കണ്ടെത്താൻ സഹായിക്കുന്ന രാത്രിയുടെ ദേവിയായി, ഹെകേറ്റും, അപ്രത്യക്കാരായവരുടെ അമ്മമാരുടെ ദുരവസ്ഥ ശക്തമായി കാണിക്കുന്നു. അപ്രത്യക്ഷരായവരെയും തടങ്കൽ കേന്ദ്രങ്ങളിൽ പാർപ്പിച്ചിരിക്കുന്നവരെയും കുറിച്ച് പറയുവാനുള്ള ഭയം, കഴിവില്ലായ്മ എല്ലാം ഈ കവിതയിൽ പ്രതിഫലിക്കുന്നു.

അവൾക്കുവേണ്ടി ആരും സംസാരിച്ചില്ല,
ഒരു കണ്ണിൽ നിന്നും കണ്ണീർ ഒഴുകിയില്ല,
ഒരു ജീവിയും മുന്നോട്ട് വന്നില്ല
സാക്ഷിയായി

പാർപ്പിച്ചിരുന്നു. എതിരാളികളായ തീവ്രവാദ പ്രസ്ഥാനങ്ങളിൽ ബന്ധുക്കളുണ്ടെന്നതിനാലോ മറ്റ് തീവ്രവാദ ഗ്രൂപ്പുകളുമായി സംസാരിച്ചതിനാലോ ആണ് ഈ സ്ത്രീകളെ ഈ തടങ്കിൽ പാർപ്പിച്ച് അവരുടെ മേൽ അക്രമം അഴിച്ചു വിട്ടിരുന്നത് എന്ന് അവർ സാക്ഷ്യപത്രങ്ങളിൽ വിശദീകരിക്കുന്നു. മറ്റു ക്യാമ്പുകളിൽ ഉള്ള സ്വന്തം സഹോദരനോ മകനോ ഒക്കെ സംസാരിക്കുകയോ, അവർക്കു ഭക്ഷണം പാകം ചെയ്തു കൊടുക്കുകയോ ഒക്കെ ചെയ്യുന്നത് ഈ സ്ത്രീകളെ അവരുടെ കണ്ണിൽ വിശ്വാസ വഞ്ചകരാക്കി. അവരുടെ ലൈംഗികതയിന്മേൽ കർശനമായ നിയന്ത്രണമു

**അതിജീവനത്തിനായി തീവ്രത കുറഞ്ഞതും, എന്നാൽ പ്രധാനപെട്ടതുമായ മറ്റ് രീതികളും ഉണ്ടായിരുന്നു. ചെക്ക്പോസ്റ്റുകളിലെ അറസ്റ്റ് ഒഴിവാക്കാൻ കുട്ടികൾക്ക് സിംഹളനാമം നൽകുക, സിംഹള സംസാരിക്കാൻ പഠിക്കുക, എൽടിടിഇയും ശ്രീലങ്കൻ സർക്കാരും നൽകിയ ഒന്നിലധികം തിരിച്ചറിയൽ കാർഡുകകൾ കയ്യിൽ വെയ്ക്കുക എന്നിങ്ങനെ പലതും. അതായത് വ്യത്യസ്ത ചെക്ക്പോസ്റ്റുകളിൽ വ്യത്യസ്ത ഐഡന്റിറ്റികളും ഒന്നിലധികം വ്യക്തിത്വങ്ങളും സ്വീകരിക്കുക എന്നത് സാധാരണമായിരുന്നു.**

ണ്ടായിരുന്നു എന്നതിലുപരി സ്ത്രീകളുടെ അടുത്തിടപ്പഴകാനുള്ള ഏതു പ്രവർത്തിയും സംശയത്തോടെ ആണ് വീക്ഷിക്കപ്പെട്ടത്. ശ്രീലങ്കയുടെ തെക്ക് ഭാഗത്തേക്ക് യാത്ര ചെയ്തിരുന്ന സ്ത്രീകളെ 'അഴിഞ്ഞാട്ടക്കാരികൾ' എന്ന് മുദ്രകുത്തുകയും, ശ്രീലങ്കൻ സൈന്യത്തിൽ ക്ലയന്റുകൾ ഉണ്ടായിരുന്ന ജാഫ്നയിലെ ലൈംഗികത്തൊഴിലാളികളെ ഇവർ വധിക്കുകയും ചെയ്തിരുന്നു എന്നത് ഓർക്കേണ്ടതുണ്ട്. ശാരിക തിരനാഗാമയുടെ പ്രധാന പഠനം 'വിശ്വാസവഞ്ചകർ' എന്ന ഈ ബിംബത്തെ കുറിച്ചാണ്. LTTE മുന്നോട്ടു വെച്ച ദേശീയതയുടെ നിർവചനത്തെ ചെറുക്കുവാനും വിമർശിക്കുവാനും ആ പട്ടം എങ്ങിനെ ചിലർ സ്വയം ചാർത്തി എന്നതും, അതിജീവനത്തിന്റെ തന്ത്രമായി, നിലനിൽപ്പിനായി, സ്വന്തം ജീവിതത്തിലെ പ്രധാന രാഷ്ട്രീയ ആയുധമായി ആ പദം എങ്ങിനെ ഉപയോഗിച്ചു എന്നതും അദ്ദേഹം പറയുന്നു.

അതിജീവനത്തിനായി തീവ്രത കുറഞ്ഞതും, എന്നാൽ പ്രധാനപ്പെട്ടതുമായ മറ്റ് രീതികളും ഉണ്ടായിരുന്നു. ചെക്ക്പോസ്റ്റുകളിലെ അറസ്റ്റ് ഒഴിവാക്കാൻ കുട്ടികൾക്ക് സിംഹളനാമം നൽകുക, സിംഹള സംസാരിക്കാൻ പഠിക്കുക, എൽടിടിഇയും ശ്രീലങ്കൻ സർക്കാരും നൽകിയ ഒന്നിലധികം തിരിച്ചറിയൽ കാർഡുകൾ കയ്യിൽ വെയ്ക്കുക എന്നിങ്ങനെ പലതും. അതായത് വ്യത്യസ്ത ചെക്ക്പോസ്റ്റുകളിൽ വ്യത്യസ്ത ഐഡന്റിറ്റികളും ഒന്നിലധികം വ്യക്തിത്വങ്ങളും സ്വീകരിക്കുക എന്നത് സാധാരണമായിരുന്നു.

2009 മെയ് മാസത്തിൽ ശ്രീലങ്കയിൽ ഔദ്യോഗികമായി യുദ്ധം അവസാനിച്ചെങ്കിലും, നിർബന്ധിത തിരോധാനത്തിന്റെ ഇരുണ്ട ചരിത്രവും, തടങ്കിലാക്കപ്പെട്ടവരുടെ അവസ്ഥയും, പല പല രാഷ്ട്രീയ തടവുകാരുടെ ഭാവിയെ കുറിച്ചുള്ള ആശങ്കയും ഇന്നും ആ ജനതയെ വേട്ടയാടുന്നു. അതേസമയം, സിംഹള ഭൂരിപക്ഷക്കാർ അവർക്കു ഇരകളാക്കാനായി പുതിയ 'ശത്രുക്കളെ' കണ്ടെത്തിയിരിക്കുന്നു. എൽടിടിഇയുടെ കീഴിൽ യാതനകൾ അനുഭവിച്ചിരുന്ന മുസ്ലിം ന്യൂനപക്ഷം ഇന്ന് ഭൂരിപക്ഷ ബുദ്ധമത ദേശീയതയുടെ പുതിയ ശത്രുക്കളായി മാറിക്കഴിഞ്ഞു.

ഇതിന്റെ പ്രത്യാഘാതങ്ങൾ ഭയാനകവും നീതിക്കു നിരക്കാത്തതുമായ ഇക്കഴിഞ്ഞ ഈസ്റ്റർ ബോംബ് സ്ഫോടനത്തിൽ കാണാൻ കഴിയും. രാഷ്ട്രീയ വിശകലന വിദഗ്ധർ ഇതിനകം തന്നെ ഇതിനെ ശ്രീലങ്കയുടെ രക്തരൂക്ഷിതമായ മുൻകാല ചരിത്രവുമായി താരതമ്യപ്പെടുത്തുകയും, ദ്വീപിന്റെ തമിഴ് തീവ്രവാദത്തിന്റെ ഉയർച്ചയുടെ സാഹചര്യങ്ങൾ അക്രമത്തിന് എങ്ങനെ കാരണമാകുമെന്ന് നമ്മെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. വയലൻസിനു വയലൻസ് മാത്രമേ ഉത്പാദിപ്പിക്കാൻ കഴിയു എന്ന പാഠം ഇതിൽ നിന്ന് സ്പഷ്ടമാണ്!

ഈ സംഭവത്തിന് ശേഷം ലറീന അബ്ദുൽ ഹഖ് എന്ന മുസ്ലീം കവിയുടെ ഫേസ്ബുക്കിനെ പ്പറ്റി വായിച്ചതു പറഞ്ഞു നിർത്തട്ടെ! ഈസ്റ്റർ ബോംബാക്രമണത്തെത്തുടർന്ന് തന്റെ അഞ്ചു വയസ്സുള്ള മകൾ, ഐസ്ക്രീം വിൽപ്പനക്കാരൻ അവളുടെ പേര് ചോദിച്ചപ്പോൾ തന്റെ യഥാർത്ഥ പേരിന് പകരം ഒരു സിംഹള നാമം പറഞ്ഞതിനെ പറ്റി ആയിരുന്നു അത്. അയാൾ തന്നെ വെറുക്കാതിരിക്കാനാണ് അങ്ങനെ പറഞ്ഞതു എന്നാണ് ആ കുട്ടി പറഞ്ഞത്. അതിജീവനത്തിന്റെ അത്തരം തന്ത്രങ്ങൾ ചെറുപ്പക്കാരുടെ, പ്രത്യേകിച്ചു സ്ത്രീകളുടെ, മനസ്സിലേക്കും ശരീരത്തിലേക്കും കുടിവെയ്ക്കപ്പെടുമ്പോൾ സാംസ്കാരിക സ്വത്വത്തിന്റെ മാർക്കറ്റുകൾക്കു മേലുള്ള നിയന്ത്രണങ്ങൾ അവരുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുമ്പോൾ (അടുത്തിടെ നടന്ന ബുർഖ നിരോധനം അടക്കമുള്ള സംഭവം) അതിനേക്കാൾ വലിയ തടവറകൾ സൃഷ്ടിക്കാൻ കഴിയില്ല എന്ന് തന്നെ പറയാം!

(ലേഖിക ഡൽഹിയിലെ ജെ എൻ യു സർവകലാശാലയിൽ നിന്നും 'വിറ്റ്നസിങ് വാർ: പോയട്രി റിട്ടൺ ബൈ തമിഴ് വിമൺ ഇൻ ശ്രീലങ്ക' പി എച്ച് ഡി ബിരുദം നേടി)

■



ശ്രേയ സലിം
എം.ബി.ബി.എസ്.

# ഇന്ത്യൻ സ്ത്രീ ജയിലുകൾ: ഒരു ചെറു റിപ്പോർട്ട്



**മാ**ലതി റാവോ 2017-ൽ സംവിധാനം ചെയ്ത 'Born Behind Bars'എന്ന ഡൊക്യുമെന്ററിയിൽ ജയിലിലെ മർദ്ദനദൃശ്യങ്ങളോർത്തെടുക്കുന്ന ഒരു നാല് വയസ്സുകാരന്റെ രംഗമുണ്ട്. തൊട്ടുപിറകിൽ ആശങ്കകളും അരക്ഷിതത്വവുമൂറിക്കൂടിയ കുറേ അമ്മക്കണ്ണുകളും കാണാം. ഗർഭിണികളും മുലയൂട്ടുന്നവരുമുൾപ്പെടെ പതിനേഴായിരത്തിലേറെ സ്ത്രീകളെ പാർപ്പിച്ചിട്ടുള്ള, കുറ്റവാളികളായ അമ്മമാരോടൊപ്പം ആയിരത്തിലേറെ കുട്ടികൾ വളരുന്ന ഇന്ത്യൻ ജയിലുകളുടെ നേർക്കാഴ്ചകളാണ് ഈ രംഗങ്ങൾ.

ഇന്ത്യയിലെ ജയിലുകളിലെ വനിതാതടവുകാരുടെ എണ്ണം 17,834 ആണെന്നാണ് ഔദ്യോഗിക കണക്കുകൾ. ഇരുപത് വ്യുമൺ ജയിലുകളുണ്ടെങ്കിലും 80ശതമാനത്തോളം പേരെ പാർപ്പിച്ചിരിക്കുന്നത് പുരുഷന്മാരുടെ ജയിലിന്റെ ഒരു ഭാഗം വേർതിരിച്ചെടുത്താണ്. തടവിലുള്ള സ്ത്രീകളിൽ ഭൂരിഭാഗം പേരും 24-നും 30-നും മധ്യേ പ്രായമുള്ളവരാണ്. അതായത് തങ്ങളെയാശ്രയിക്കുന്ന ചെറിയ കുട്ടികളും കുടുംബങ്ങളുമുള്ള അമ്മമാർ. ജയിലിലെത്തിപ്പെടുന്ന സ്ത്രീകൾ ചെയ്യുന്ന കുറ്റങ്ങളും അവരെ അതിന് പ്രേരിപ്പിക്കുന്ന ഘടകങ്ങളും പുരുഷന്മാരുടേതിൽ നിന്ന് ഏറെ വ്യത്യസ്തമാണ്. ശിക്ഷയനുഭവിക്കുന്ന സ്ത്രീകളിൽ നല്ലൊരു ശതമാനം പേർക്കും ഉറ്റവരിൽ നിന്നും പങ്കാളിയിൽ നിന്നും നേരിട്ടിട്ടുള്ള ലൈംഗികാതിക്രമണങ്ങളുടെയും ഗാർഹിക പീഡനത്തിന്റെയുമൊക്കെ കഥ പറയാനുമാകും. ജയിലെത്തിക്കഴിഞ്ഞാലും വിരളമായേ സ്ത്രീകൾക്ക് ശരിയായ രീതിയിൽ നിയമസഹായം ലഭിക്കാറുള്ളൂ.

കടുത്ത മാനസിക സമ്മർദ്ദമനുഭവിക്കുന്ന പലർക്കും വേണ്ട വിധത്തിൽ ചികിത്സയോ കൗൺസെലിങ്ങോ കിട്ടാറില്ല. ജയിൽ ശിക്ഷ കഴിഞ്ഞാൽ സാധാരണജീവിതത്തിലേക്ക് മടങ്ങി വരാൻ പുരുഷന് താരതമ്യേന എളുപ്പമാണ്. എന്നാൽ സ്ത്രീകൾ അവിടെയും കടുത്ത വിവേചനം നേരിടാറുണ്ട്. ചുരുക്കിപ്പറഞ്ഞാൽ പ്രത്യേക ശ്രദ്ധ ലഭിക്കേണ്ട ഒരുപാട് മാനസികവും ശാരീരികവുമായ പ്രശ്നങ്ങളിലൂടെയാണ് ജയിലിലെ സ്ത്രീകൾ കടന്ന് പോകുന്നത്.

2016-ൽ പ്രസിദ്ധീകരിച്ച കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മോഡൽപ്രിസൺ മാനുവൽ വനിതാതടവുകാരുടെ സംരക്ഷണത്തിനായി പ്രത്യേക നിർദ്ദേശങ്ങൾ നിരത്തുന്നുണ്ട്. ഇതനുസരിച്ച് ജയിലിൽ കഴിയുന്ന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രത്യേക ആഹാര ക്രമീകരണങ്ങളും ലേഡി ഡോക്ടറുടെ സേവനമുൾപ്പെടെയുള്ള സൗകര്യങ്ങളും ഏർപ്പെടുത്താൻ അധികാരികൾക്ക് ബാധ്യതയുണ്ട്.

എന്നാൽ ചുരുക്കം ചില ജയിലുകളിൽ മാത്രമെ ഇത്തരം സൗകര്യങ്ങൾ ലഭ്യമാകാറുള്ളൂ.

ജയിലിലെ മെഡിക്കൽ ജീവനക്കാരുടെ എണ്ണം മുപ്പത്തെട്ട് ശതമാനം കുറവാണെന്നാണ് കണക്കുകൾ. വനിതാ തടവുകാർക്ക് ലേഡി ഡോക്ടറുടെ സേവനം മിക്കയിടത്തും ലഭ്യമല്ല. സ്ത്രീകളുടെ ജയിലിലേക്ക് പ്രത്യേക ഭക്ഷണം പാകം ചെയ്യണം എന്ന നിർദ്ദേശവും പേപ്പറിൽ മാത്രമായൊതുങ്ങുന്നു. സ്ത്രീകൾക്കായുള്ള ജയിലുകളുടെ എണ്ണക്കുറവ് മൂലം പലപ്പോഴും തടവുകാർ തിങ്ങിപ്പാർക്കേണ്ട അവസ്ഥയാണ്. 2018 ജൂലായ് മാസത്തിൽ ബോംബെയിലെ ബൈക്കുള (Byculla) ജയിലിൽ നിന്ന് എൺപതോളം സ്ത്രീകൾ വൃത്തിഹീനമായ ചുറ്റുപാടുകൾ കാരണം അസുഖബാധിതരായിരുന്നു. പ്രിസൺ മാനുവൽ പ്രകാരം പത്തു തടവുകാർക്ക് ഒരു കുളിമുറി എന്ന നിലയിൽ സൗകര്യമേർപ്പെടുത്തണമെന്ന് നിർദ്ദേശമുണ്ടെങ്കിലും ഇത് പലപ്പോഴും പാലിക്കപ്പെടാറില്ല.

2016-ൽ ആംനസ്റ്റി ഇന്റർനാഷണൽ നടത്തിയ പഠനത്തിൽ ജയിലിൽ വളരുന്ന കുട്ടികൾക്കും ശിക്ഷയനുഭവിക്കുന്ന ഗർഭിണികൾക്കും പോഷകാഹാരവും ആരോഗ്യകരമായ ചുറ്റുപാടുകളും വിരളമായേ ലഭിക്കാറുള്ളൂ എന്ന് കണ്ടെത്തിയിരുന്നു. നിലവിൽ ആറ് വയസ് വരെ പ്രായമുള്ള കുഞ്ഞുങ്ങൾക്കാണ് തടവുകാരായ അമ്മമാർക്കൊപ്പം ജയിലിൽ കഴിയാൻ അനുവാദമുള്ളത്. 'തടവറകൾ കുട്ടികൾ വളരാൻ പറ്റിയ ഇടങ്ങളല്ലെങ്കിലും ആറ് വയസ് വരെ ഒരു കുഞ്ഞിന് അമ്മയുടെ സാമീപ്യം വളരെ പ്രധാനമാണ്' എന്നാണ് 2006-ൽ സുപ്രീം കോടതി ഇതേപ്പറ്റി നിരീക്ഷിച്ചത്. ഇങ്ങനെ വളരുന്ന കുട്ടികൾക്ക് പുറം ലോകവുമായി ബന്ധപ്പെടാനും പഠിക്കാനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും നിയമനിർദ്ദേശമുണ്ട്.



2009-ലെ BPR & D റിപ്പോർട്ട് പ്രകാരം വിരളമായേ ഇതും പാലിക്കപ്പെടാറുള്ളൂ. ക്രഷ്, നഴ്സറി തുടങ്ങിയവ ഉള്ള തടവറകളിൽ പോലും അവ വേണ്ട രീതിയിൽ പ്രവർത്തിക്കാറില്ല. പല ജയിലുകളിലും വെളിച്ചം പോലും കടക്കാത്ത മുറികളിലാണ് കുട്ടികളെ പാർപ്പിക്കുന്നതെന്ന് ആംനസ്റ്റി ഇന്റർനാഷണൽ റിപ്പോർട്ട് ചെയ്തിരുന്നു. ജയിലിൽ വളരുന്ന കുട്ടികൾ പിന്നീട് ക്രിമിനലുകളാകാനും വിഷാദരോഗമുൾപ്പെടെയുള്ള മാനസിക രോഗങ്ങളിലകപ്പെടാനും സാധ്യതയുണ്ട്.

അമ്മമാരുടെ ഭക്ഷണം തന്നെ കുട്ടികൾ പങ്കുവെക്കേണ്ട അവസ്ഥയും പലയിടത്തുമുണ്ട്. ആറ് വയസ് കഴിഞ്ഞ കുഞ്ഞുങ്ങളെ അനാഥാലയത്തിലേക്കോ ബന്ധുവീടുകളിലേക്കോ മാറ്റുകയാണ് പതിവ്. ഇത് അമ്മക്കും കുഞ്ഞിനും കടുത്ത മാനസിക സമ്മർദ്ദമാണുണ്ടാക്കുക. ഇന്ത്യയിലെ ജയിലുകളിൽ കഴിയുന്ന സ്ത്രീകളിൽ അറുപത് ശതമാനത്തിലേറെ വിചാരണത്തടവുകാരാണ്. ചെറിയ കുഞ്ഞുങ്ങളുള്ളവരെയും ഗർഭിണികളെയും ദീർഘകാലം വിചാരണ കഴിയാതെ തടവിൽ പാർപ്പിക്കുന്നതിന്റെ നൈതികത പല തവണ നീതിപീഠത്തിന് മുന്നിൽ തന്നെ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല, പല സ്ത്രീകൾക്കും നിയമസഹായം ലഭിക്കാനുള്ള മാർഗ്ഗങ്ങളോ തങ്ങളുടെ അവകാശങ്ങളെന്തെന്ന് അവബോധമോ ഇല്ല. ഈ പശ്ചാത്തലത്തിലാണ് ഇങ്ങനെയുള്ളവരുടെ കേസുകൾ വേഗതയിൽ തീർപ്പാക്കണമെന്ന് സുപ്രീം കോടതി നിർദ്ദേശം മുന്നോട്ട് വച്ചത്. പുതിയ പ്രിസൺ നിയമങ്ങൾ സ്ത്രീകളുടെ അവകാശങ്ങൾക്കും പുനരധിവാസത്തിനും ഊന്നൽ നൽകുന്ന രീതിയിലാണ് രൂപപ്പെടുത്തിയിട്ടുള്ളത്. പല മാറ്റങ്ങളും ചുവപ്പ് നാടക്കപ്പുറത്തേക്ക് കടന്ന് വന്നിട്ടില്ലെങ്കിലും ആശാവഹമായ ഒരുപാട് നടപടികൾ അടുത്തിടെയുണ്ടായിട്ടുണ്ട്.

ബീഹാറിലെ ഓപ്പൺ ജയിൽ സംവിധാനത്തിൽ സ്ത്രീകളെക്കൂടി 2018-ൽ ഉൾപ്പെടുത്തിയിരുന്നു. തടവുകാരുടെ പുനരധിവാസത്തിൽ ഓപ്പൺ ജയിലുകൾ വഹിക്കുന്ന പങ്ക് ചെറുതല്ല. ഈയിടെ ജയിലുകളിൽ സ്ഥാപിച്ച ഇൻസിനറേറ്ററും കേരളത്തിലെ മിക്ക ജയിലുകളിലും നടന്നുകൊണ്ടിരിക്കുന്ന യോഗ, സാക്ഷരത മുതലായ ക്ലാസുകളും ആശാവഹമായ മാർഗ്ഗങ്ങളാണ്.

ജയിലിൽ വളരുന്ന കുട്ടികളുടെ സംരക്ഷണത്തിന് ഇന്ന് NGO-കളാണ് മിക്കവാറും മുൻകൈയെടുക്കാറുള്ളത്. ഇതിനായി മെച്ചപ്പെട്ട സർക്കാർ സംവിധാനങ്ങളേർപ്പെടുത്തേണ്ടതുണ്ട്. തടവുകാരുടെ പുനരധിവാസത്തിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് ഇനിയും വേണ്ടത്. സ്വതന്ത്ര ഇന്ത്യയിലെ ജയിലുകളിൽ വരുത്തേണ്ട മാറ്റങ്ങളെപ്പറ്റി മഹാത്മാഗാന്ധിയെഴുതിയത് ജയിലുകൾ ആശുപത്രികളാകണമെന്നാണ്. കുറ്റവാളിയുടെ മനസ്സിനെയും കുറ്റം ചെയ്യാനുണ്ടായ സാഹചര്യത്തെയുമാണ് ചികിത്സിക്കേണ്ടത്. പുതുക്കിയ നിയമങ്ങളും മനുഷ്യാവകാശ സംഘടനകൾ നടത്തുന്ന ഇടപെടലുകളും പ്രതീക്ഷ നൽകുന്നവയാണ്. കുറ്റവാളികളെ പൂട്ടിയിടുന്ന ഇരുട്ടുമുറികളിൽ നിന്ന് സമൂഹത്തിന്റെ മുറിവുണക്കുന്ന ഇടനാഴികളിലേക്ക് നമുക്കിനിയും ഒരുപാട് നടക്കാനുണ്ടെന്ന് സാരം.

*(ലേഖിക ജൻഡർ, സയൻസ് എന്നീ വിഷയങ്ങളിൽ ലേഖനങ്ങളെഴുതാറുണ്ട്)*

■

ചർച്ചാവിഷയം



# സ്ത്രീ, സ്വത്വം, പേരടയാളം: രഹന ഫാത്തിമയുടെ സന്ദർഭം



**ഹമീദ സി.കെ.**
ഗവേഷക, അദ്ധ്യാപിക,
സ്ത്രീ പഠന വിഭാഗം
കാലിക്കറ്റ് സർവകലാശാല

ശബരിമല സ്ത്രീ പ്രവേശവുമായി ബന്ധപ്പെട്ടു സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയുടെയും, അതേ തുടർന്ന് യാഥാസ്തിക വലതുപക്ഷ രാഷ്ട്രീപാർട്ടികൾ  അഴിച്ചുവിട്ട ആക്രമണങ്ങളുടേയും പശ്ചാത്തലത്തിൽ നിന്ന് കൊണ്ട് രഹന ഫാത്തിമയുടെ രാഷ്ട്രീയ തടങ്കലിനെ മനസ്സിലാക്കാൻ ശ്രമിക്കുന്നതിനോടൊപ്പം സ്ത്രീ, സമത്വം, സ്വത്വം, മതം, മതനിരപേക്ഷത, രാഷ്ട്രം, അധികാരം എന്നീ കാര്യങ്ങളെ സമാനമല്ലെങ്കിലും ഇതുമായി കൂട്ടി മനസ്സിലാക്കാവുന്ന മറ്റു ചില സംഭവങ്ങളുമായി ചേർത്തു വായിക്കുകയും അതിന്റെ ചരിത്രപരത അന്വേഷിക്കുകയും ആണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

സ്ത്രീകൾക്കു പ്രവേശനം അനുവദിച്ചു കൊണ്ടുള്ള സുപ്രീം കോടതി വിധിയെ തുടർന്നാണ് ശബരിമല കയറാൻ രഹന ഫാത്തിമ ശ്രമിക്കുന്നത്. ശക്തമായ പ്രതിഷേധത്തെ തുടർന്ന് അവർക്ക് ആ ഉദ്യമത്തിൽ നിന്നും പിൻമാറേണ്ടി വന്നെങ്കിലും അതിന് അവർ നൽകിയ വില വളരെ അപകടം നിറഞ്ഞതായിരുന്നു. BSNL ഉദ്യോഗസ്ഥയായിരുന്ന അവരെ ജോലിയിൽ നിന്നും സസ്പെൻഡ് ചെയ്യുകയും, രഹന താമസിച്ചിരുന്ന വീടും വസ്തുക്കളും യാഥാസ്ഥിതിക മത രാഷ്ട്രീയക്കാരാൽ തീയിട്ടു നശിപ്പിക്കപ്പെടുകയുമുണ്ടായി എന്ന് മാത്രമല്ല പിന്നീടുള്ള അവരുടെ പൊതു ജീവിതത്തേയും വ്യക്തി ജീവിതത്തേയും സാരമായ രീതിയിൽ ഈ കൂട്ടർ പിന്തുടരുകയുണ്ടായി. അതിനുദാഹരണമായിരുന്നു എറണാകുളത്തു  'ആർപ്പോ ആർത്തവം' തിരശീല ഉയർത്തൽ ചടങ്ങിൽ അവർ സംസാരിച്ചു കൊണ്ടിരിക്കെ ബിജെപി പ്രവർത്തകർ നടത്തിയ പ്രതിഷേധ പ്രകടനവും അതെ തുടർന്ന് രഹനയുടെ മുൻപെങ്ങോ ഉള്ള ഫേസ്ബുക് പോസ്റ്റ് ചൂണ്ടിക്കാട്ടി  മതവികാരം വ്രണപ്പെടുത്തുന്നു എന്ന് ചാർത്തപ്പെട്ട പോലീസ് കേസും, തടങ്കലും.

'സ്ത്രീകൾക്ക് ഇടമുള്ള ജയിലുകൾ' എന്നാണ് തന്റെ ജയിലനുഭവത്തെ കുറിച്ചുള്ള ഒരു

വീഡിയോയിൽ രഹന പറയുന്നത്. വീട്ടിൽ നിന്നും വേറിട്ടൊരു ഇടമായതിനാൽ സ്ത്രീകൾക്ക് തങ്ങളെ കുറിച്ച് തന്നെ ചിന്തിക്കാൻ കൂടുതൽ ഇടം ലഭിക്കുന്നുണ്ടെന്നും, വനിത പോലീസുകാരും മറ്റു അന്തേവാസികളും തന്നോട് വളരെ സ്നേഹത്തോടെയാണ് പെരുമാറിയതെന്നും അവർ അഭിപ്രായപ്പെടുന്നുണ്ട്. അതെ സമയം പുരുഷ പോലീസിന്റെ മുൻപിൽ പോകുമ്പോൾ മാറ് ഒരു തട്ടം കൊണ്ട് മറച്ചേ പോകാവൂ എന്നുള്ള നിർദ്ദേശങ്ങൾ ലഭിച്ചിരുന്നതായി അവർ പറയുന്നുണ്ട്. ശരീരം ഒരു രാഷ്ട്രീയ ആയുധമാക്കിയ രഹനയെ പുരുഷാധികാരത്തിന്റെ അച്ചടക്കവരുതിയിലാക്കാനുള്ള ഇത്തരം ശ്രമങ്ങൾ സമൂഹത്തിൽ സ്ത്രീ നേരിടുന്ന സ്ത്രീവിരുദ്ധ നോട്ടങ്ങളിൽ നിന്നും സർക്കാർ അധികാര കേന്ദ്രങ്ങൾ ഒട്ടും പിറകിലല്ല എന്ന് തെളിയിക്കുന്നതാണ്.

പുരുഷ നോട്ടങ്ങൾ സ്ത്രീയെ അടിച്ചമർത്താനുള്ള ഒരു മാരകായുധമാകുമ്പോൾ അത് സ്ത്രീയുടെ ചലന സ്വാതന്ത്ര്യത്തെയും അതോടൊപ്പം പൊതുമണ്ഡലത്തിൽ അവൾ നടത്തുന്ന വ്യവഹാരങ്ങളെയും സാരമായി ബാധിക്കുന്നു. രഹനയുടെ അറസ്റ്റിനെതിരെ നടന്ന പ്രതിഷേധ പോസ്റ്ററുകൾ മുന്നോട്ടു വയ്ക്കുന്ന ചോദ്യങ്ങൾ അതുകൊണ്ടു തന്നെ വളരെ പ്രസക്തമാണ്. 'പുരുഷന്മാരുടെ തുട കണ്ടാൽ വ്രണപ്പെടാത്ത എന്താണ് സ്ത്രീകളുടെ കാലുകൾ കണ്ടാൽ വൃണപ്പെടുന്നത്?' പ്രബുദ്ധ സാക്ഷര കേരളത്തിന്റെ പൊതുമണ്ഡലത്തിൽ ഉയരുന്ന ഇത്തരം ചോദ്യങ്ങൾ കേരളത്തിന്റെ സാമൂഹ്യ രാഷ്ട്രീയ പരിസരങ്ങളിൽ നിലനിൽക്കുന്ന നോട്ടങ്ങളുടെ രാഷ്ട്രീയത്തേയും അധികാരകേന്ദ്രങ്ങളേയും പറ്റിയാണ് നമ്മോടു പറയാതെ പറയുന്നത്. അധികാരമുള്ളവനെ നോക്കാൻ അവകാശമുള്ളൂ. നോക്കുന്നവന്റെ കണ്ണിൽ സ്ത്രീ ഒരു വസ്തുവാണ്. അത് കൊണ്ട് തന്നെയാണ് 'ദാ നോക്ക് ഒരു ചരക്കതാ പോകുന്നു' എന്ന് തുടങ്ങിയ വാക്കുകൾ വഴിയോരങ്ങളിൽ സ്ത്രീകൾക്ക് കേൾക്കേണ്ടി വരുന്നത്. പുരുഷന്റെ കണ്ണിൽ അവൾ വെറും വസ്തുവല്ല മറിച്ചു ഒരു ലൈംഗിക വസ്തുവാണ്, അതായതു പുരുഷന് യഥേഷ്ടം ഭോഗിക്കാനും നിയന്ത്രിക്കാനും ഉള്ള ഒരു ജൈവവസ്തു. തനിക്കു നിയന്ത്രിക്കാവുന്ന ഭോഗവസ്തു എന്ന പുരുഷ ചിന്തയാണ് മതത്തിന്റേയും ജാതിയുടേയും സാമ്പ്രദായികചട്ടക്കൂടിനുള്ളിൽ സ്ത്രീയെ തളച്ചിടുന്നത്. ഇത്തരം ചട്ടക്കൂടുകൾ എല്ലാം തന്നെ ഭേദിച്ചു കൊണ്ടാണ് രഹനയുടെ പൊതു രംഗത്തേക്കുള്ള പ്രവേശനം എന്ന് കാണാം.

സ്വകാര്യമെന്നു നമ്മൾ പലപ്പോഴും നോക്കിക്കാണുന്ന കുടുംബ ജീവിതത്തിൽ പോലും മതത്തിന്റേയോ രാഷ്ട്രത്തിന്റേയോ നിയമ വ്യവസ്ഥകൾക്ക് കീഴടങ്ങാതെ തന്റെ പങ്കാളിയെ സ്വയം കണ്ടെത്താനും വിവാഹം കഴിക്കാതെ ഒപ്പം ജീവിക്കാനുമുള്ള ആർജ്ജവം അവർ കാട്ടിയിരുന്നു. അങ്ങനെ നിലവിലുള്ള സ്ത്രീ പുരുഷ സങ്കൽപ്പങ്ങൾക്കെതിരെയും, സദാചാര ലൈംഗിക സങ്കല്പങ്ങൾക്കെതിരെയും ഉള്ള സമൂലമായ തുറന്ന പോരാട്ടം തന്നെ ആയിരുന്നു രഹനയുടെ ജീവിതം. ശബരിമല പ്രവേശനം രഹന നടത്തുന്ന ആദ്യ ഇടപെടൽ അല്ല. പുരുഷന്മാരുടെ മാത്രം കൂത്തരങ്ങായിരുന്ന തൃശൂർ പുലിക്കളിയിൽ പുലി വേഷം കെട്ടിയ സ്ത്രീകളിൽ ഒരാളായിരുന്നു അവർ. ജൗഹർ മുനവ്വർ എന്ന ഒരു കോളേജ് അദ്ധ്യാപകൻ സ്ത്രീകളുടെ മാറിടത്തെ തണ്ണിമത്തനോടുപമിച്ചു നടത്തിയ പരസ്യമായ സ്ത്രീ വിരുദ്ധ ലൈംഗിക പരാമർശത്തിനെതിരെയും അവർ നടത്തിയ പ്രതിഷേധം വൻ ഒച്ചപ്പാടുകൾ ഉണ്ടാക്കിയ ഒന്നായിരുന്നു. കൂടാതെ ചുംബന സമര രംഗത്തും ഇവർ നടത്തിയ ഇടപെടൽ ശ്രദ്ധിക്കപ്പെടുകയുണ്ടായി. കേരളത്തിൽ സജീവമായ ഒരു സ്ത്രീ സംഘടനയായ 'വിങ്സ്' കേരളയുടെ സജീവ പ്രവർത്തകയുമാണവർ.

രഹന ഫാത്തിമ മാത്രമല്ല ശബരിമലയിൽ കയറാൻ ശ്രമിച്ച സ്ത്രീ. ബിന്ദു തങ്കം കല്യാണി അടക്കം ഒരു പാട് സ്ത്രീകൾ അതിനു വേണ്ടി ശ്രമിച്ചിട്ടുണ്ട്. കൂടാതെ ലക്ഷ്മി രാജീവ് താൻ തന്ത്രിയുടെ അനുവാദത്തോടു കൂടി ശബരിമലയിൽ പ്രവേശിച്ചതായി പരസ്യമായി പറഞ്ഞിട്ടുമുണ്ട്. എന്നിട്ടും രഹന ഫാത്തിമ മാത്രമെങ്ങനെ പോലിസ് തടവിലാക്കപ്പെട്ടു? ബിന്ദു തങ്കം എങ്ങിനെ നാമജപവേഷത്തിലെത്തിയ സംഘപരിവാറുകാരാൽ നിർദ്ദയം വേട്ടയാടപ്പെട്ടു? ലക്ഷ്മി രാജീവ് എന്ത് കൊണ്ട് ആക്രമിക്കപ്പെട്ടില്ല? ഇവിടെയാണ് സ്ത്രീ എന്നത് ഒരു ഏകതാനമായ ഒന്നല്ല എന്നും വൈവിദ്ധ്യവും വൈപരീത്യവുമായ സ്വത്വങ്ങളുടെ ഒരു സമ്മിശ്രണമാണ് എന്നും മനസ്സിലാക്കേണ്ടത്. വിശ്വാസി, കുലസ്ത്രീ അടയാളങ്ങളെ രേഖപ്പെടുത്തുന്ന ലക്ഷ്മി രാജീവെന്ന സ്ത്രീയോട് കാണിക്കുന്ന സഹിഷ്ണുത എന്തേ കേരള ജനത ബിന്ദുവിനോടും രഹനയോടും കാണിച്ചില്ല?

സാമ്പ്രദായിക ചട്ടക്കൂടുകൾ ഭേദിച്ച് പുറത്തു വന്നാൽ ഒരു സമുദായത്തിന്റേയും പരിരക്ഷ സ്ത്രീകൾക്ക് കിട്ടില്ല എന്നും അവളെ വേഗത്തിൽ തന്നെ വിച്ച് ഹണ്ടിങ്ങിനെ ദ്യോതിപ്പിക്കും വിധം ആക്രമിക്കാനും കഴിയും എന്നുള്ളത് ചരിത്ര സത്യമാണ്. ഇവിടെയാണ് രഹന ഫാത്തിമ എന്ന സ്ത്രീയുടെ സ്വത്വത്തിലേക്കുള്ള അന്വേഷണം പ്രസക്തമാകുന്നത്. കാലങ്ങളായി മതനിരപേക്ഷമായ ഒരു തീർത്ഥാടന കേന്ദ്രമായാണ് ശബരിമല അറിയപ്പെടുന്നത്. ആ മതനിരപേക്ഷ ഇടത്തേക്കാണ് സാമ്പ്രദായിക മത ചട്ടക്കൂടുകൾ തകർത്തെറിഞ്ഞ രഹന ഫാത്തിമ ചെല്ലുന്നത്. അയ്യപ്പ



ഭക്ത ചിഹ്നങ്ങളായ ഇരുമുടി കെട്ട്, കറുത്ത വസ്ത്രം തുടങ്ങിയ ഭക്തി ചിഹ്നങ്ങളുമായാണ് അവർ ശബരിമലയിലേക്ക് പുറപ്പെടുന്നത്. ഭക്തരായ 10 നും 50 നും ഇടയിൽ പ്രായമുള്ള സ്ത്രീകൾ ശബരിമല ചവിട്ടില്ല എന്നായിരുന്നു യാഥാസ്ഥിതിക മതരാഷ്ട്രീയക്കാരാൽ സംഘടിക്കപ്പെട്ട വലതുപക്ഷ കാഴ്ചപ്പാടുള്ള സ്ത്രീകൾ മാധ്യമങ്ങളിലൂടെ പരസ്യമായി പ്രഖ്യാപിച്ചത്. അതിനാൽ തന്നെ നാമജപ വേഷത്തിലെത്തപ്പെട്ട ഭക്തരെന്ന് അവകാശപ്പെടുന്ന സ്ത്രീകൾ നിഷ്കളങ്കമായ ഒന്നല്ല എന്നും യാഥാസ്ഥിതിക മതരാഷ്ട്രീയക്കാരുടെ കുതന്ത്രത്തിൽ വീണുപോയവരാണെന്നുമാണ് അനുമാനിക്കേണ്ടത്. മതങ്ങൾ പുരുഷനിർമ്മിതവും പുരുഷാധിപത്യ മൂല്യങ്ങളെ സംരക്ഷിക്കുന്നതുമായ വിശ്വാസ സംഹിതകളാണ്. ഹിന്ദു മതം, ഇസ്ലാം, ക്രിസ്ത്യാനിറ്റി, ജൂതായിസം എന്നു തുടങ്ങിയ വ്യത്യസ്ത പേരുകൾ ഉണ്ടെന്നേ ഉള്ളു പ്രത്യക്ഷത്തിൽ ഇവയെല്ലാം പുരുഷാധിപത്യ കാഴ്ചപ്പാടുകളെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഇതിനുള്ളിൽ തുല്യത ഉണ്ടാക്കിയെടുക്കുക ശ്രമകരമാണ്.

ഇനി മതനിരപേക്ഷതയിലേക്ക് തിരിച്ചു വരാം. എന്താണ് മതനിരപേക്ഷത എന്നത് കൊണ്ട് നമ്മൾ ഉദ്ദേശിക്കുന്നത്? നാനാത്വത്തിൽ ഏകത്വം എന്ന ബ്രഹത് ആശയമായാണ് മതനിരപേക്ഷതയെ ഇന്ത്യ മഹാരാജ്യം കണക്കാക്കുന്നത്. എല്ലാ ജാതികളേയും മതങ്ങളേയും ഒരേ പോലെ അത് ഉൾക്കൊള്ളുന്നു. ഇത്തരം മഹത്തായ മതനിരപേക്ഷ ആശയങ്ങളെ, ഇടങ്ങളെ ഇല്ലായ്മ ചെയ്യുക എന്നതാണ് വിശ്വാസികൾ/അവിശ്വാസികൾ എന്ന വിപരീത ദ്വന്ദനിർമ്മിതിയിലൂടെ ബിജെപി/ സംഘപരിവാറുകാർ ഉദ്ദേശിക്കുന്നതും പ്രാവർത്തികമാക്കി കൊണ്ടിരിക്കുന്നതും. ഈ യുക്തി തന്നെയാണ് ഹൈന്ദവ ദേശീയതയിലും കാണാൻ സാധിക്കുന്നത്. അവിടെ ഹൈന്ദവ വിശ്വാസികൾ അല്ലാത്തവർ പൗരന്മാർ അല്ല. അത് കൊണ്ട് തന്നെയാണ് 'ഘർവാപ്പസി' പോലുള്ള കാര്യങ്ങൾ രാജ്യത്ത് തകൃതിയായി നടക്കുന്നത്. ഹൈന്ദവ ദേശീയതയ്ക്ക് ഒറ്റ മതത്തെ താങ്ങാവുന്ന ശേഷിയേയുള്ളു. അതിനാൽ മതനിരപേക്ഷത അതിന്റെ ശത്രുവാണ്. അത് കൊണ്ട് തന്നെ ശബരിമല വിഷയത്തിലുയർന്ന് കേട്ട വിശ്വാസി/അവിശ്വാസി വിഭജനം അപകടം നിറഞ്ഞ ഒന്നാണ്. ഈ ദ്വന്ദ്വമാണ് രഹന ഫാത്തിമയെ വർഗീയത തൊടുത്തു വിടുന്നവളാക്കി മുദ്രകുത്തുന്നതിന്ന് വഴിവെച്ചു കൊടുത്തത്. ഫെമിനിസ്റ്റ് കൂട്ടായ്മകളിൽ പോലും ആശയ കുഴപ്പങ്ങൾക്കും തെറ്റിധാരണയ്ക്കും ഇത് വഴിവെച്ചു.

വ്യക്തി ജീവിതത്തിലും പൊതുജീവിതത്തിലും സാമൂഹിക മത ചട്ടക്കൂടുകൾ തകർത്ത് പുറത്ത് വന്നാലും രഹനാ ഫാത്തിമയെന്ന മുസ്ലീം നാമധേയം മാത്രം മതി ഇത്തരം വർഗ്ഗീയ ശക്തികൾക്ക് നാട്ടിൽ കലാപം അഴിച്ചുവിടാൻ. അത് കൊണ്ട് തന്നെയാണ് രഹന ഫാത്തിമയെ ജയിലിൽ സന്ദർശിക്കാൻ പോയ സമയത്ത് കൂടെ ഉണ്ടായിരുന്ന പോലീസുകാരി പറഞ്ഞത് ഗൗരവമുള്ളതാണെന്ന് തോന്നിയത്. അവർ പറഞ്ഞതിതാണ് 'രഹന ജയിലിലായതിന് ശേഷം ചില മാധ്യമക്കാർ വിളിച്ചു ചോദിച്ചിരുന്നു നിങ്ങൾ രഹനയ്ക്ക് ജയിലിൽ ദിവസവും ബീഫും മറ്റുമാണ് വിളമ്പുന്നത് എന്ന് കേട്ടല്ലോ ശരിയാണോ?' ഉള്ളിൽ ഭയം പിടയ്ക്കുന്ന ശബ്ദത്തിലാണ് അവരാകാര്യം പറഞ്ഞത്. ■



**റീം ഷംസുദീൻ**
ഇംഗ്ലീഷ് അദ്ധ്യാപിക,
മഹാരാജാസ് കോളേജ്
എറണാകുളം

# ഒരു കുഞ്ഞു ഡീറ്റെൻഷൻ യാത്ര

ജയിൽ സൃഷ്ടിക്കുന്ന ഭീകരതയും ജയിൽ എന്ന ആശയത്തിൽ അധിഷ്ഠിതമായ രാഷ്ട്രീയവും ഭാവനയ്ക്ക് അതീതമാണെന്നു തിരിച്ചറിഞ്ഞ ചില നിമിഷങ്ങളിലേക്കു, മങ്ങലേറ്റ ഭൂതകാലത്തിലെ ചില തെളിമയാർന്ന ഓർമകളുടെ അടരുകളി ലേക്കു വിചാരങ്ങളെ തിരിച്ചു വിടുകയാണിവിടെ.




വിദ്യാർത്ഥി പ്രസ്ഥാനങ്ങളും, അവർ നയിക്കുന്ന നീതി ബോധത്തിൽ അധിഷ്ഠിതമായ സമരങ്ങളും ക്യാമ്പസ്സുകളെ മാത്രമല്ല, ഒരു സമൂഹത്തെ തന്നെ പുനരുദ്ധരിക്കുകയും അതിന്റെ വളർച്ചക്കും വികസ നത്തിനും കാതലാവുകയും ചെയ്യും എന്ന വിശ്വാ സത്തിനു യാതൊരു കോട്ടവും തട്ടിയിട്ടില്ല എന്ന തിനാൽ ഇങ്ങനെ ഒരു ഓർത്തെടുക്കലിന് പ്രസക്തി കുറവല്ല എന്ന് കരുതുന്നു.

വിദ്യാർത്ഥികളെ അന്യവൽക്കരിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം അവരെ ചൂഷണം ചെയ്യുന്ന നിയമാവലിയും വിചാരണയും സർവ്വ കലാശാലകൾ കൈമുതലാക്കിയപ്പോഴാണ് ഇവിടെ രോഹിത് വെമുല ഉണ്ടാ യത്. ഒരു സമരമുഖം മലർക്കെ തുറന്നു കൊണ്ട്, പുതു ചലനങ്ങൾക്ക് തീ കൊളുത്തി കൊണ്ട്, ഒരു തലമുറയ്ക്ക് മുഴുവനായും സ്വയം സമർപ്പിച്ചു കൊണ്ട് രോഹിത് സമരങ്ങൾ അഗ്നിനാളങ്ങളായി പടർ ന്നപ്പോൾ അത് ഡൽഹി എന്ന തലസ്ഥാന നഗരി യിൽ ഭിന്നങ്ങളായ പല സമരങ്ങൾക്കും കനലാട്ട മായി. 2017 ഫെബ്രുവരി യിൽ ഡൽഹി സർവക ലാശാലയിലെ രാംജസ് കോളേജിൽ ഉണ്ടായ പ്രക്ഷോഭം പെട്ടെന്നു ണ്ടായ ഒരു മിന്നൽപ്പിണർ അല്ല. നീതിക്കു വേണ്ടി, തുല്യാവസരങ്ങൾക്കു വേണ്ടി നടന്ന നിരവധി 'ചലോ ദില്ലി'കളുടെ ഒരു ബാക്കി പത്രം പോലെ ആണ് അന്ന് കോളേജ് അങ്കണത്തിൽ ഒരുമിച്ചു ചേർന്ന വിദ്യാർത്ഥികൾ തങ്ങളുടെ അവകാശ സമരങ്ങൾ ഉയർത്തി മുദ്രാവാക്യം മുഴക്കിയത്.




**ഏകദേശം ഒന്നര മണിക്കൂറോളം ബസ്സിൽ ഡൽഹി നഗരത്തിലൂടെ കറങ്ങിയതിനു ശേഷം ഡൽഹി യൂണിവേഴ്സിറ്റി നോർത്ത് ക്യാമ്പസിൽ നിന്ന് ഏതാണ്ട് ഇരുപതു കിലോമീറ്റർ അകലെ ഹോസ് ഖാസ് മെട്രോ സ്റ്റേഷനിൽ അവർ നിർത്തി ഇവിടെ നിന്ന് എങ്ങിനെ എങ്കിലും പൊയ്ക്കോളൂ എന്ന് പറഞ്ഞു. വിദ്യാർത്ഥികളിൽ പലരുടെയും കയ്യിൽ മെട്രോ കാർഡോ തിരിച്ചു പോകാനുള്ള വണ്ടിക്കൂലിയോ  ഉണ്ടായിരുന്നില്ല. അങ്ങനെ പല ബസ്സുകളിൽ കയറ്റിയവരെ നഗരത്തിന്റെ പല ഭാഗത്തു ഇറക്കി വിട്ടു. ഒരു ലഹള ഉണ്ടാക്കി ഗൗരവം ഉള്ള വിഷയത്തെ വഴി തിരിച്ചു വിടുക എന്നത് മാത്രമായിരുന്നു കോലാഹലങ്ങളുടെ പീഡിപ്പിക്കലിന്റെ ഉദ്ദേശം.**

പിന്തുണ പ്രഖ്യാപിച്ചുള്ള സോളിഡാരിറ്റി കുറിപ്പുകൾക്കും അപ്പുറം, ഇനി കൈകൾ കോർത്ത് പിടിച്ചു ഒരുമിച്ചു നിൽക്കുകയാണ് വേണ്ടത് എന്ന് തോന്നിയ ഒരു സായന്തനമായിരുന്നു അത്.

പ്രിയപ്പെട്ട കൂട്ടുകാരിയുടെ പി എച്ച് ഡി സബ്മിഷന് ഒരു മാനസിക പിന്തുണ, ഒപ്പം ചില്ലറ ആഘോഷങ്ങൾ, ഇതൊക്കെ വിചാരിച്ചാണ് അന്ന് കുറച്ചു മധുരവും വാങ്ങി ഞാൻ നോർത്ത് ക്യാമ്പസിൽ എത്തിയത്. നിരത്തിൽ നിറയെ വിദ്യാർത്ഥികൾ, അധ്യാപകരെയും വിദ്യാർത്ഥികളെയും നിർദ്ദയം തല്ലുകയും അസഭ്യം പറയുകയും ചെയ്യുന്ന കൈയ്യൂക്ക് കൊണ്ട്, ധാർഷ്ട്യം കൊണ്ട്, കരുത്ത് കാട്ടുന്ന ഒരു കൂട്ടർ, ആളുകൾ പല ഇടങ്ങളിൽ കുടുങ്ങി പോകുന്ന അവസ്ഥ, അക്രമം പൂർണമായും നിരത്തിലേക്ക് അഴിച്ചു വിടുന്ന ഒരു സാഹചര്യം കോലാഹലങ്ങളുടെ ഒത്ത നടുവിലേക്കാണ് കൂട്ടുകാരിയുടെ തീസിസ് സബ്മിഷനു ശേഷം അവളുടെ കൈ പിടിച്ചു കൊണ്ട് ഞാൻ ചെന്ന് പെടുന്നത്. ബസ്തറിനെ പറ്റി ഗവേഷണം ചെയ്യുന്ന ജെ എൻ യു വിദ്യാർത്ഥിയായ ഉമർ ഖാലിദിനെ മുഖ്യ പ്രഭാഷണത്തിൽ നിന്ന് ഉപരോധിച്ചു കൊണ്ട് എ ബി വി പി അരങ്ങേറിയ ആക്രമണം സകല അതിരുകളും ലംഘിച്ചിരുന്നു. ഒരാളുടെ ജനാധിപത്യപരമായ അഭിപ്രായ സ്വാതന്ത്ര്യം ഹനിക്കുന്നതിനു എതിരെ അയാളെ ഒറ്റപ്പെടുത്തിയതിനു എതിരെ ഒരുമിച്ചു ചേർന്ന ഒരു പറ്റം വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒപ്പം നിൽക്കുകയാണ് വേണ്ടത് എന്ന ഉത്തരവാദിത്യപരമായി തോന്നി. വലിയ കല്ലുകളും കുപ്പിച്ചില്ലുകളും ഒക്കെ പ്രതിഷേധ സംഘത്തിനെതിരെ ആയുധമായി പ്രയോഗിക്കപ്പെട്ടപ്പോഴും മുദ്രാവാക്യം കൊണ്ട് മാത്രമാണ് ഞങ്ങൾ പ്രതിരോധിച്ചത്. ഏതാണ്ടു സന്ധ്യയോടു അടുത്തപ്പോൾ, ഇരുട്ടായപ്പോഴാണ് പോലീസ് സമരക്കാരിലേക്കു ഇറങ്ങിയത്.

*(ശേഷം 52-ാം പേജ്)*



വാസ്തവം



ഡോ.ജാൻസി ജോസ്

# വളർത്തുദോഷം

ആണിനേയും പെണ്ണിനേയും ഒരേ പോലെ വളർത്തുന്നുണ്ട് എന്ന് അച്ഛനമ്മമാർ ഉറപ്പിച്ചു പറയുന്നുണ്ടെങ്കിലും ഒരേ കണ്ണുകൊണ്ട് കാണാൻ തുടങ്ങിയോ എന്നു പരിശോധിക്കേണ്ടതുണ്ട്. സ്വന്തം മക്കളിൽ മാത്രമല്ല കടന്നു വരുന്ന മക്കളിലും തരംതിരിവ് കാണിക്കുന്നുണ്ട് പലരും. പെണ്ണുങ്ങളെത്തന്നെ രണ്ടു തരത്തിൽ മാത്രം കാണുന്നവരാണ് മിക്ക അമ്മമാരും. സ്വന്തം മകളെ വേറൊരു വീട്ടിലേക്ക് വിവാഹം കഴിച്ചയയ്ക്കുമ്പോൾ അവളെ വേണ്ട വിധത്തിൽ അടക്കവും ഒതുക്കവും പഠിപ്പിക്കുന്നതിന്റെ കൂടെ ഭർത്താവിന്റെ അധികാരവും സമ്പത്തും സ്വന്തമായി കാണാൻ കൂടി പഠിപ്പിച്ചുവിടുന്നു. ഭർതൃവീട്ടിൽ തന്റെ മകൾക്ക് ഒരസൗകര്യവും വരരുതെന്ന് വിചാരിക്കുന്നവർ മരുമകളെ നിർത്തിപ്പൊരിക്കുന്നത് കാണാനിടയായിട്ടുണ്ട്. സ്വന്തം മകളെ വീട്ടിലേക്ക് പാർക്കാൻ ഇടയ്ക്കിടയ്ക്ക് ക്ഷണിച്ചു വരുത്തുന്നവർ മകന്റെ ഭാര്യയെ മരുന്നിനു പോലും സ്വന്തം വീട്ടിൽ പോവാനനുവദിക്കാതെ വലയ്ക്കുന്നവർ ഏറെയുണ്ട്. മകൻ തന്റേതു മാത്രമാണെന്ന വിട്ടുവീഴ്ചയില്ലാത്ത മനോഭാവത്തിന്നുടമകളാണവർ. പാവം പോലെ അഭിനയിക്കുന്ന പുന്നാര ആൺമക്കളുണ്ടല്ലോ; അവർ ഭാര്യയുടെ കാര്യം മാത്രമേ വീട്ടുകാർക്ക് വിട്ടുകൊടുക്കൂ. തന്റെ ഒരു കാര്യത്തിലും വീട്ടുകാർ കൈകടത്താൻ സമ്മതിക്കാറില്ല. പുരുഷനിൽ അധികാരം നിക്ഷിപ്തമാണ് എന്നു വിശ്വസിക്കുന്നിടത്തോളം കാലം അവൻ (പുരുഷൻ) ചെയ്യേണ്ടത് അമ്മയ്ക്ക് അമ്മയുടെ സ്ഥാനവും ഭാര്യയ്ക്ക് ഭാര്യയുടെ സ്ഥാനവും നല്കി അധികാരത്തിനു വേണ്ടിയുള്ള തമ്മിത്തല്ല് ഒഴിവാക്കുക എന്നതാണ്. അച്ഛനമ്മമാരാകട്ടെ അവരെ ജീവിക്കാൻ വിടുക എന്നതും. നമ്മൾ ആഗ്രഹിച്ചിരുന്നതു പോലെ അവരും സ്വകാര്യത ആഗ്രഹിക്കുന്നുണ്ടാവും. നമ്മൾക്കുണ്ടായിരുന്നതു പോലെ അവർക്കും സ്വപ്നങ്ങളുണ്ടാവും.

മരുമകളും മരുമകനും എങ്ങനെയാവും ഒരു വീട്ടിൽ സ്വീകരിക്കപ്പെടുക എന്നതും ശ്രദ്ധേയമാണ്. മകളുടെ ഭർത്താവ് വീട്ടിൽ വന്നാൽ സദ്യതന്നെയൊരുക്കും ഭാര്യ വീട്ടുകാർ. എന്നാൽ മരുമകൾക്ക് എന്തു സ്വീകരണമാണു കൊടുക്കുക എന്ന് നമുക്കറിയാം. സ്വന്തം മകളെപ്പോലും മരുമകന്റെ പിന്നിലേനിർത്തൂ. ഈയൊരു സ്വീകരണം ഇക്കാലത്തും നിലനിൽക്കുന്നതു കൊണ്ട് വിവാഹശേഷം പെണ്ണുങ്ങളുടെ വീട്ടിൽ ആണുങ്ങൾ നിൽക്കുന്നതാണ് നല്ലതെന്നാണ് എന്റെ അഭിപ്രായം. പെണ്ണ് ചെറുക്കന്റെ വീട്ടിൽ ചെല്ലുമ്പോഴുള്ള അപരിചിതത്വം പറഞ്ഞാൽ തീരില്ല. അവളവിടെ ചിരിക്കുന്ന മുഖങ്ങളൊന്നും ദിവസങ്ങളോളം കാണാറില്ല. എല്ലാറ്റിനും കുറ്റവും കുറവും കണ്ടു പിടിക്കും. എന്നാൽ ഭർത്താവ് ഭാര്യയുടെ വീട്ടിലാണെങ്കിൽ രാജാവിനെപ്പോലെ എഴുന്നെള്ളിക്കാൻ അളിയമ്മാരും മറ്റുള്ളവരുമുണ്ടാവും. തായ ക്രമത്തിന്റെ പരിധിയിൽ പെടാതെ തന്നെ വിവാഹശേഷം പെണ്ണിന്റെ വീട്ടിൽ കഴിയുക എന്ന രീതി കൊണ്ടുവന്നാൽ കുടുംബത്തിനുള്ളിലെ സ്ത്രീ പീഡനങ്ങൾക്കൊക്കെ ഒരറുതി വരും.

മക്കളെ കെട്ടിച്ചു വിട്ടു കഴിഞ്ഞാൽ ഭാരമൊഴിഞ്ഞു എന്ന് ചിന്തിക്കുന്നവരൊക്കെ വിയോജിക്കും എന്നറിയാം. എന്നാലും സ്ത്രീകൾ സ്വന്തം വ്യക്തിത്വം നഷ്ടപ്പെടാതെ, ടെൻഷനില്ലാതെ ജീവിക്കുവാനും വിവാഹം കഴിഞ്ഞ് നാലു കൊല്ലത്തിനു ശേഷം പൊതുവെ കുടുംബിനികൾക്ക് കണ്ടു വരുന്ന വിഭ്രാന്തിയിൽ നിന്ന് അവരെ കരകയറ്റുവാനും ഈ രീതി ഉപകരിക്കും. ഊണും ഉറക്കവുമില്ലാതെ, യാതൊരു സപ്പോർട്ടുമില്ലാതെ നരകിക്കുന്ന പെൺകുട്ടികൾ ഇന്നും ഏറെയുണ്ട്. വിവാഹം കഴിച്ചു കൊണ്ടു വരുന്ന ഒരു വ്യക്തിയോട് എങ്ങനെ പെരുമാറണമെന്ന് മകളുടെ ഭർത്താവിലൂടെ നാം കാണിച്ചു കൊടുക്കുന്നുണ്ട്. മകന്റെ ഭാര്യയോട് അതേ പോലെ പെരുമാറാൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ കാഴ്ചയും കാഴ്ചപ്പാടും നേരെയായില്ല എന്നു തന്നെ പറയേണ്ടി വരും .



# എന്റെ ജയിൽ ഓർമ്മകൾ



അജിത കെ.

പതിനെട്ട് വയസ്സു മുതൽ ഞാൻ പങ്കാളിയായിരുന്ന വിപ്ലവ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഐതിഹാസികമായ തലശ്ശേരി-പുല്പള്ളി പോലീസ് സ്റ്റേഷൻ ആക്രമണത്തിൽ പങ്കെടുത്തത് എല്ലാവർക്കും അറിയാവുന്നതാണല്ലോ. കേരളത്തിന്റെ ഇടതുപക്ഷ സമരങ്ങളുടെ ചരിത്രം മാറ്റിക്കുറിച്ച ആ സംഭവത്തിന്റെ പേരിൽ ആ കേസിലെ ഏഴാം പ്രതിയായി ഞാൻ പിടിക്കപ്പെട്ടു. അന്നുമുതൽ, കൃത്യമായി പറഞ്ഞാൽ 1968 ഡിസംബർ 2 മുതൽ ഞാൻ പോലീസ് കസ്റ്റഡിയിലും ജയിലിലുമായിരുന്നു. അന്നുമുതൽ 1977 ആഗസ്തിൽ ജയിലിൽ നിന്ന് വിട്ടയയ്ക്കപ്പെട്ടതുവരെയുള്ള കാലഘട്ടത്തിൽ മൂന്ന് ജയിലുകളിലാണ് ഞാൻ കഴിഞ്ഞത്. റിമാന്റ് കാലഘട്ടത്തിൽ കോഴി

ക്കോട് ഡിസ്ട്രിക്ട് ജയിലിലും സെഷൻസ് കോടതി ശിക്ഷിച്ചതു മുതൽ കണ്ണൂർ ജയിലിലും തിരുവനന്ത പുരം സെൻട്രൽ പ്രിസണിലുമായിരുന്നു. ഇതിന്നിട യിൽ റിമാന്റ് കാലഘട്ടത്തിലെ ഒരു വർഷം ഞാൻ ജാമ്യത്തിലായിരുന്നു എന്നതൊഴിച്ചാൽ ഞാൻ മറ്റു കാലയളവിൽ ജയിലിൽ തന്നെയായിരുന്നു.

എന്റെ ജയിൽ അനുഭവങ്ങൾ എന്റെ ആദ്യ ക്കുള്ള എന്റെ പ്രവേശനത്തിന് ഒരു പ്രധാന പ്രചോ ദനം ഈ ജയിൽ ജീവിതം തന്നെയായിരുന്നു എന്ന് ഇന്ന് ഞാൻ വിശ്വസിക്കുന്നു. ആദ്യത്തെ സ്ത്രീവി മോചന സംഘടന 'ബോധന' അതിന്റെ തുടക്ക ത്തിൽ ഏറ്റെടുത്ത പ്രശ്നം നോക്കൂ – കുഞ്ഞീബി യെന്ന ഒരു പാവം സ്ത്രീയെ പൊലീസ് ലോക്ക പ്പിൽവെച്ച് കൊല ചെയ്ത പ്രശ്നം! കുഞ്ഞീബി



കൃതിയായ ഓർമ്മക്കുറിപ്പുകളിൽ പല അദ്ധ്യായങ്ങ ളിലായി ഞാൻ വിശദീകരിക്കുന്നുണ്ട്. അതെല്ലാം കൂടി ഈ കുറിപ്പിൽ ചേർക്കാൻ പ്രയാസമാണ്. ചുരുങ്ങിയ വാക്കിൽ പറയാം–പത്തൊമ്പതാം വയസ്സു മുതൽ ഇരുപത്തേഴ് വയസ്സു വരെ ഞാൻ കടന്നുപോയ ജീവിതാനുഭവങ്ങൾ 'അപൂർവ്വങ്ങളിൽ അപൂർവ്വം' തന്നെയാണ്. തീക്ഷ്ണമായ യൗവ്വന ത്തിലെ തിക്തമായ ഈ അനുഭവങ്ങൾ വെറും നിഷേധാത്മകം മാത്രമല്ല, വളരെ ഗുണാത്മകവും ഊർജ്ജം പകരുന്നതുമായിരുന്നു എന്ന് ഞാൻ അഭിമാനത്തോടെ പറയാൻ ആഗ്രഹിക്കുന്നു. ഏറ്റവും അടിത്തട്ടിൽ കിടക്കുന്ന, സാഹചര്യങ്ങ ളാൽ കുറ്റവാളികളാക്കപ്പെട്ട പാവപ്പെട്ട സ്ത്രീകളെ, പല തരത്തിൽപ്പെട്ട സ്ത്രീകളെ കാണാനും പരിച യപ്പെടാനും ചിലരുമായി സ്നേഹബന്ധത്തിൽ ഏർപ്പെടാനുമൊക്കെ ഈ ജീവിതം കാരണമായി. സത്യത്തിൽ ജീവിത യഥാർത്ഥ്യങ്ങളുമായി ഞാൻ ഏറ്റുമുട്ടുന്നത് അവിടെവെച്ചാണ്. 1987 മുതൽ ഞാനേർപ്പെട്ട സ്ത്രീവിമോചന പ്രസ്ഥാനത്തിലേ

യുടെ കൂട്ടുകാരികൾ – വേശ്യാവൃത്തിയിലേക്ക് തള്ളപ്പെട്ട അന്നത്തെ ബംഗളാദേശ് കോളനി (ഇ ന്നത്തെ ശാന്തിനഗർ കോളനി) വാസികളായ കുറേ സ്ത്രീകൾ അന്ന് 'ബോധന'യുടെ സംഘാടനത്തിൽ പങ്കാളികളായി. ചരിത്രത്തിലാദ്യമായി ഈ സ്ത്രീ കൾ അന്നത്തെ പ്രതിഷേധറാലിയിൽ പങ്കെടുക്കു കയും മുതലക്കുളം മൈതാനിയിൽ സ്റ്റേജിൽ പ്രസം ഗിക്കുകയും ചെയ്തു. എന്നെ ഈ പാവങ്ങൾക്ക് വലിയ വിശ്വാസമായിരുന്നു. അതുകൊണ്ടാണ് ഈ സമരത്തിൽ അവർ പങ്കെടുത്തത്. അന്നത്തെ കളക്ട റുടെ അന്വേഷണത്തിൽ മൊഴി മാറ്റിപ്പറഞ്ഞെങ്കിൽ അതിനുകാരണം പൊലീസും ഈ സ്ത്രീകളുടെ ഇടനിലക്കാരും തമ്മിലുള്ള അവിഹിതബന്ധമാ യിരുന്നു.

മാത്രമല്ല, തുടർന്ന് എന്റെ പോരാട്ടമായി മാറിയ ഫെമിനിസ്റ്റ് പ്രവർത്തനങ്ങളിൽ എനിക്ക് തിരിച്ചറിവും ശക്തിയും പകർന്നത് ആ പഴയ അനുഭവങ്ങളാണ്. ഇത്രമാത്രമേ ഇപ്പോൾ എനിക്ക് പറയാനുള്ളൂ.

■

വിവർത്തനം: സിന്ധു ജോസ്

# 'ഞാൻ പണം സമ്പാദിച്ചിട്ടില്ല, എന്റെ സമ്പാദ്യം മനുഷ്യരാണ്' സുധാ ഭരദ്വാജ്

*ട്രേയ്ഡ് യൂണിയനിസ്റ്റും, അഭിഭാഷകയുമാണ് സുധ ഭരദ്വാജ്. ഛത്തീസ്ഗഡിൽ ആദിവാസികൾക്കും കർഷകർക്കുമിടയിൽ പ്രവർത്തിക്കെ, ആഗസ്റ്റ് 2018 ൽ മാവോയിസ്റ്റ് ബന്ധം ആരോപിച്ച് പോലീസ് അറസ്റ്റ് ചെയ്തു. സുധയെപ്പറ്റി മകൾ മായ്ഷ എഴുതിയ കുറിപ്പിന്റെ വിവർത്തനം.*

'പകൽ ഏഴ് മണിയായിരുന്നു. മമ്മ എന്നെ വിളിച്ചെഴുന്നേല്പിച്ചു. 'വീട്ടിൽ തിരച്ചിൽ നടത്തുവാൻ അവർ വന്നിട്ടുണ്ട്, എഴുന്നേൽക്കൂ.' അതിനു ശേഷം സംഭവിച്ചതെന്താണെന്ന് എല്ലാവർക്കുമറിയാം. എല്ലാവരും മമ്മയെക്കുറിച്ചു തന്നെ എഴുതിക്കൊണ്ടിരിക്കുന്നു. അത് കൊണ്ടായിരിക്കും മമ്മയെക്കുറിച്ചെഴുതണമെന്ന് എനിക്കും തോന്നുന്നു.



എന്റെയും മമ്മയുടെയും ചിന്തകൾ ഒരിക്കലും ഒരു പോലെയായിരുന്നില്ല. മമ്മ ചിന്തിക്കുന്ന രീതിയിലേ ആയിരുന്നില്ല, ഞാൻ ചിന്തിച്ചിരുന്നത്. അത് പറഞ്ഞു ഞങ്ങൾ തർക്കിച്ചിട്ടുമുണ്ടാകാം. ഞാനെപ്പോഴും മമ്മയോട് ചോദിക്കുമായിരുന്നു: 'മമ്മാ, നമ്മൾ എന്തിനാണ് ഇങ്ങനെയൊരു ജീവിതം നയിക്കുന്നത്? നമുക്ക് ഒരു സാധാരണ ജീവിതം ജീവിച്ചു കൂടെ?'

മമ്മ പറയുമായിരുന്നു: 'മോളെ, എനിക്ക് ദരിദ്രരോടൊപ്പം ജീവിച്ച് അവർക്ക് വേണ്ടി പ്രവർത്തിക്കുവാനാണ് താത്പര്യം. പക്ഷെ നീ മുതിരുമ്പോൾ, നിനക്കിഷ്ടമുള്ളത് പോലെ നിനക്ക് ജീവിക്കാം.' എന്നിട്ടും എനിക്ക് തൃപ്തിയായിരുന്നില്ല. ഞാൻ പറയുമായിരുന്നു: 'എത്ര വർഷങ്ങളാണ് മമ്മ മറ്റുള്ളവർക്കായുഴിഞ്ഞു വെച്ചത്? ഇനിയെങ്കിലും മമ്മക്ക് മമ്മക്ക് വേണ്ടി, സുഖമായി, ജീവിച്ചൂടെ?' എനിക്ക് വേണ്ടി ചില വഴിക്കാൻ മമ്മയ്ക്ക് അധികസമയം ഇല്ലായിരുന്നു എന്നതും എന്നെ സങ്കടപ്പെടുത്തിയിട്ടുണ്ട്. മറ്റുള്ളവർക്കായിരുന്നു മമ്മയുടെ സമയം മുഴുവൻ, എനിക്കുള്ളതായിരുന്നില്ല.

എന്റെ കുട്ടിക്കാലത്ത് യൂണിയൻ പ്രവർ

ത്തകനായ ഒരു 'ചാച്ച'യുടെ കുടുംബത്തോടൊപ്പമാണ് ഞാൻ താമസിച്ചിരുന്നത്. അവരുടെ കുട്ടികളോടൊപ്പം ഒരുമിച്ചായിരുന്നു ഞങ്ങൾ താമസം. പക്ഷെ മമ്മയെ ഓർമ്മ വരുമ്പോഴൊക്കെ ഞാൻ മമ്മയുടെ സാരി കെട്ടിപ്പിടിച്ചു കരയുമായിരുന്നു. എനിക്കിപ്പോഴും നല്ല ഓർമ്മയുണ്ട്, ഒരിക്കൽ പനിച്ചു കിടന്ന എന്റെയടുത്തിരുന്നു 'ചാച്ചി' തലയിൽ തലോടിക്കൊണ്ടിരുന്നത്, മമ്മയാണെന്നു കരുതി ഞാൻ 'മാ' എന്ന് വിളിച്ചത്, കണ്ണ് തുറന്നു നോക്കുമ്പോൾ മമ്മയല്ല 'ചാച്ചി' യാണെന്ന് തിരിച്ചറിഞ്ഞത്. കുട്ടിക്കാലത്ത് വളരെ കുറച്ചു സമയം മാത്രമാണ് ഞാൻ മമ്മയോടോപ്പം കഴിഞ്ഞിട്ടുള്ളത്. ഞാൻ ആറാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് മമ്മയോടൊപ്പം താമസിച്ചു തുടങ്ങിയത്. അത് കൊണ്ടായിരിക്കാം, ഇപ്പോഴും ഞങ്ങൾക്ക് പരസ്പരം പൂർണ്ണമായി മനസ്സിലാക്കാൻ കഴിയാത്തത്.



ദിവസം മുഴുവൻ മമ്മ പണിയെടുക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്; അവനവനെ പറ്റി ആലോചിക്കാതെ, ഉണ്ണാതെ, ഉറങ്ങാതെ, മറ്റുള്ളവർക്ക് വേണ്ടി പോരാടി, അവർക്ക് വേണ്ട കാര്യങ്ങൾ ചെയ്ത്... മമ്മ മമ്മയെ പറ്റിയേ ആലോചിക്കാതിരിക്കുന്നത് കാണുമ്പോൾ എനിക്ക് വല്ലായ്മ തോന്നാറുണ്ടായിരുന്നു. ഏതെങ്കിലും ഒരു കേസ് വന്നാൽ, മമ്മ അതിനു പുറകെ ആയിരിക്കും, അസ്വസ്ഥയായിരിക്കും. ഇത്ര അസ്വസ്ഥയാവാൻ എന്താണ്, മമ്മയുടെ ജോലി മാത്രമല്ലേയിതെന്ന് ഞാൻ ചിന്തിക്കാറുണ്ടായിരുന്നു. ഞാനിത് മമ്മയോട് പറയുമ്പോൾ മമ്മയുടെ മറുപടി ഇതായിരിക്കും: 'നമ്മൾ ഇതിനെക്കുറിച്ചു ചിന്തിച്ചില്ലെങ്കിൽ മറ്റാര് ചിന്തിക്കാനാണ്?'

വാർത്ത കേൾക്കുമ്പോൾ ആരോ പറയുന്നത് ഞാൻ കേട്ടതാണ്, മമ്മയെപ്പോലുള്ള ആളുകൾ ആദിവാസികൾക്ക് വേണ്ടി പണിയെടുക്കുന്നതൊക്കെ വെറും കാണിക്കലാണെന്ന്. അവരുടെ മക്കളൊക്കെ അമേരിക്കയിൽ പഠിക്കുന്നവരാണെന്ന്. അവർക്കറിയാത്തത് കൊണ്ടായിരിക്കും; ഞാൻ തൊഴിലാളികൾ താമസിക്കുന്ന 'ബസ്തി' യിൽ ഒരു സർക്കാർ സ്കൂളിൽ ഹിന്ദി മീഡിയത്തിലാണ് പഠിച്ചത്. ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ച മമ്മ എന്നെ ഹിന്ദി മീഡിയത്തിൽ പഠിക്കാൻ വിടുന്നു എന്ന് പറഞ്ഞു ഞാനെപ്പോഴും വഴക്കുണ്ടാക്കുമായിരുന്നു. പന്ത്രണ്ടാം ക്ലാസിൽ ഇംഗ്ലീഷ് മീഡിയത്തിൽ ചേരണമെന്നത് എന്റെ വാശിയായിരുന്നു.

മമ്മയെ അവരിപ്പോൾ വിളിക്കുന്നത് നക്സലൈറ്റ് എന്നാണ്. എനിക്ക് തീരെ വിഷമമില്ല, എന്നാൽ ചില നേരത്ത് ആളുകൾ സത്യം മനസ്സിലാക്കാതെ എന്തെങ്കിലുമൊക്കെ വിളിച്ചു പറയുന്നത് എന്നെ ദേഷ്യം പിടിപ്പിക്കാറുണ്ട്. ആളുകൾ എന്ത് പറയുന്നുവെന്നതും പോലീസ് എന്ത് പറയുന്നുവെന്നതുമൊന്നും എനിക്കൊരു വിഷയമേ അല്ല. എന്റെ മമ്മയെ എന്നെക്കാൾ നന്നായി അറിയാവുന്നത് മറ്റാർക്കാണ്?

ആദിവാസികൾക്ക് വേണ്ടി പ്രവർത്തിക്കുന്നത്, തൊഴിലാളികൾക്കും കർഷകർക്കും വേണ്ടി പ്രവർത്തിക്കുന്നത്, അടിച്ചമർത്തലുകൾക്കും ചൂഷണങ്ങൾക്കുമെതിരെ പ്രതികരിക്കുന്നത്, ജീവിതം മുഴുവൻ അവർക്കായി മാറ്റി വയ്ക്കുന്നതൊക്കെ ഒരാളെ നക്സലൈറ്റ് ആക്കുമെങ്കിൽ, നക്സലൈറ്റ് ആവുക എന്നതൊരു നല്ല കാര്യമാണെന്നെനിക്ക് തോന്നുന്നു.

ആൾക്കാരെന്തു വേണമെങ്കിലും പറയട്ടെ, എന്റെ മമ്മയുടെ മകളായതിൽ ഞാൻ അഭിമാനിക്കുന്നു.

മമ്മ എപ്പോഴുമെന്നോട് പറയുമായിരുന്നു: 'മോളെ, ഞാനധികമൊന്നും പണം സമ്പാദിച്ചിട്ടില്ല. എന്റെ സമ്പാദ്യം മനുഷ്യരാണ്.' മമ്മ പറഞ്ഞതെത്ര ശരിയാണെന്ന് എനിക്കിന്ന് മനസ്സിലാവുന്നുണ്ട്.

'ഒരുപാട് സ്നേഹം, മമ്മാ!'

■

വിവർത്തനം : സിന്ധു ജോസ്

# 'ആദിവാസികൾക്ക് വേണ്ടി ഈ സർക്കാർ എന്ത് ചെയ്യുമെന്നാണ്? നിങ്ങൾ പറയൂ'

## സോണി സോരിയുടെ കത്തുകൾ



അധ്യാപികയും രാഷ്ട്രീയ പ്രവർത്തകയുമാണ് ആദിവാസി സമുദായാംഗമായ ശ്രീമതി സോണി സോരി. മാവോയിസ്റ്റുകളെ സഹായിച്ചെന്നാരോപിച്ചു 2011 ൽ ഡൽഹി പോലീസ് അറസ്റ്റു ചെയ്തു ഛത്തീസ്ഗഡ് പൊലീസിന് കൈമാറി. ഛത്തീസ്ഗഡ് പോലീസിന്റെ കസ്റ്റഡിയിൽ ക്രൂരമായ പീഡനങ്ങൾക്കും ബലാൽസംഗത്തിനുമിരയായ സോണി സോരിയെ 2013 ആയപ്പോഴേക്കും ചുമത്തപ്പെട്ട 8 കുറ്റങ്ങളിൽ 6 ലും തെളിവുകളുടെ അഭാവത്തിൽ വിവിധ കോടതികൾ കുറ്റവിമുക്തയാക്കിരുന്നു. ജയിൽവാസത്തിനു ശേഷം പുറത്തിറങ്ങിയ ശ്രീമതി സോണി സോരി മാവോയിസ്റ്റുകൾക്കും സർക്കാരിനുമിടയിൽ പെട്ടുപോകുന്ന, പോലീസിന്റെ പീഡനങ്ങൾക്ക് ഇരയാകേണ്ടി വരുന്ന ആദിവാസികൾക്കായി ഛത്തീസ്ഗഡിലെ ബസ്തറിൽ പ്രവർത്തിക്കുന്നു.

തടവിലായിരിക്കെ സോണി സോരി ന്യായാധിപനും അഭിഭാഷകനും ഇന്ത്യയിലെ ജനങ്ങൾക്കുമെഴുതിയ കത്തുകളുടെ സ്വതന്ത്ര വിവർത്തനം.

സ്രോതസ്സ് : www.sonisori.wordpress.com

***1. രാജ്യത്തിനെഴുതിയ കത്ത്***

'സാമൂഹ്യ പ്രവർത്തകർ, ബുദ്ധിജീവികൾ, എൻ.ജി.ഒ കൾ, മനുഷ്യാവകാശ പ്രവർത്തകർ, വനിതാ കമ്മീഷൻ, ഈ രാജ്യത്തെ മറ്റു പൗരർ എന്നിവരോട് പീഡിതയും നിസ്സഹായയുമായൊരു ആദിവാസി യുവതി ചോദിക്കുന്നത്...

എന്നെ എന്തിനാണ് ഇത്ര ക്രൂരമായി പീഡി

പ്പിക്കുന്നത്? എന്നെ ഷോക്കടിപ്പിച്ചത് കൊണ്ടോ, നഗ്നയാക്കിയത് കൊണ്ടോ, എന്റെ ഗുഹ്യഭാഗങ്ങളിൽ കല്ലുകൾ കയറ്റിയത് കൊണ്ടോ ഇവിടെ നക്സലിസം അവസാനിക്കുമോ? സ്ത്രീകൾക്ക് നേരെ എന്തിനാണിത്ര ക്രൂരത?

എന്നെ വിവസ്ത്രയാക്കുമ്പോൾ ഞാൻ ഓർത്തു ആരെങ്കിലും എന്നെ വന്നു രക്ഷിച്ചേക്കുമെന്ന്; എന്നാൽ അതുണ്ടായില്ല. മഹാഭാരതത്തിൽ, ദ്രൗപദിയുടെ അഭിമാനം രക്ഷിക്കാൻ കൃഷ്ണൻ ഉണ്ടായിരുന്നു. ഞാൻ ആരെ വിളിച്ചാണപേക്ഷിക്കേണ്ടത്? എന്നെ പൊലീസിന് കൈമാറിയത് കോടതിയാണ്. എന്റെ അഭിമാനം രക്ഷിക്കൂ എന്ന് എനിക്കിനി ആരോടും പറയാനില്ല, കാരണം എനിക്കിനി ഒന്നും നഷ്ടപ്പെടാനില്ല. എന്തിനാണെന്നെ ഇത്ര ക്രൂരമായി പീഡിപ്പിച്ചതെന്ന് നിങ്ങൾക്കറിയാമോ?

എന്നെ വിവസ്ത്രയാക്കിയിട്ട് പോലീസ് സൂപ്രണ്ട് അങ്കിത് ഗാർഗ് പറഞ്ഞതെന്താണെന്ന് അറിയാമോ? 'നീ വേശ്യയാണ്, വെറും നായുടെ ജന്മമാണ്. രാവും പകലും നിന്റെ വീട് കയറിയിറങ്ങുന്ന നക്സൽ നേതാക്കൾക്ക് ശരീരം കാഴ്ച വെക്കുന്നവളാണ് നീ. ഞങ്ങൾക്കെല്ലാം അറിയാം. നീ നല്ല അധ്യാപികയാണ് എന്ന് നടിക്കുന്നു.



പക്ഷെ ഡൽഹിയിൽ വരെ നീ നിന്റെ ശരീരം കച്ചവടം ചെയ്യുന്നു. നീ ആരാണെന്നാണ് നിന്റെ വിചാരം? നിന്നെപ്പോലൊരുത്തിയെ ഇവിടുത്തെ ഉന്നതർ പിന്തുണയ്ക്കുമെന്ന് നീ കരുതുന്നുണ്ടോ?' എന്തിനാണ് ഒരു പോലീസ് ഓഫീസർ ഇങ്ങനെയൊക്കെ സംസാരിക്കുന്നത്? ഒരു രാജ്യം പ്രതിസന്ധി നേരിടുമ്പോഴോ, യുദ്ധത്തെ അഭിമുഖീകരിക്കുമ്പോഴോ സ്ത്രീകൾ നൽകുന്ന സംഭാവനകൾക്ക് ചരിത്രം സാക്ഷിയാണ്. ഝാൻസി ലക്ഷ്മി ഭായ് ബ്രിട്ടീഷുകാർക്കെതിരെ പൊരുതി. അവർ ശരീരം വിൽക്കുകയായിരുന്നോ? ഇന്ദിരാ ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രി ആയിരുന്നു, അവരീ രാജ്യം ഭരിച്ചു. അവർ ശരീരം വിൽക്കുകയായിരുന്നോ? ഇന്ന് ഓരോ തൊഴിൽ മേഖലയിലുമുള്ള അസംഖ്യം സ്ത്രീകൾ ശരീരം വിൽക്കുകയാണോ? നമ്മൾ ഇന്ത്യക്കാർ ഐക്യമുള്ളവരാണെന്നും പരസ്പരം സഹായിക്കുന്നവരാണെന്നും പറയുന്നു. എന്നെ രക്ഷിക്കാൻ എന്നിട്ടെന്താണ് ഒരാളെ പോലും കാണാത്തത്? എനിക്ക് മറുപടി വേണം.

ആരാണീ ലോകമുണ്ടാക്കിയത്? അധികാര സ്ഥാനങ്ങളിലിരിക്കുന്നവർക്കും പണ്ഡിതർക്കും യോദ്ധാക്കൾക്കും ജന്മം നല്കിയതാരാണ്? സ്ത്രീകളേയില്ലായിരുന്നുവെങ്കിൽ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുമായിരുന്നു എന്ന് തോന്നുന്നുണ്ടോ? എന്നിട്ടും ഒരു സ്ത്രീയായ എനിക്കിതു സംഭവിച്ചു. എന്ത് കൊണ്ടാണിത്? എന്റെ വിദ്യാഭ്യാസം പരിഹസിക്കപ്പെട്ടു. ദിംരിപാലിലുള്ള 'രുക്മിണി കന്യാ ആശ്രമം' എന്ന ഗാന്ധിയൻ വിദ്യാലയത്തിലാണ് ഞാൻ പഠിച്ചത്. എനിക്ക് ലഭിച്ച വിദ്യാഭ്യാസത്തിന്റെ ശക്തിയിൽ ഞാൻ വിശ്വസിക്കുന്നുണ്ട്. നക്സൽ പ്രശ്നങ്ങളല്ല, മറ്റെന്തു തന്നെയാണെങ്കിലും ഞാൻ നേരിടും. എന്റെ വിദ്യാഭ്യാസം എന്റെ അതിജീവനോപാധിയും എന്റെ പേന എനിക്ക് ആയുധവുമാണ്. എന്നിട്ടും നക്സലൈറ്റുകളെ സഹായിച്ചു എന്ന പേരിൽ അവരെന്നെ ജയിലിലടച്ചിരിക്കുകയാണ്. മഹാത്മാ ഗാന്ധിയും തന്റെ വിദ്യാഭ്യാസവും തൂലികയുമുപയോഗിച്ചാണ് പോരാടിയത്. ഇന്ന് ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ, നക്സലൈറ്റായി മുദ്ര കുത്തി അദ്ദേഹത്തെയും നിങ്ങൾ ജയിലിൽ അടയ്ക്കുമായിരുന്നോ?

ഞാൻ ചോദിക്കട്ടെ, എന്ത് കൊണ്ടാണ് ഗ്രാമീണരെയും ആദിവാസികളെയും മാത്രം കെട്ടിച്ചമക്കപ്പെട്ട കേസുകളിൽ കുടുക്കി, നക്സലൈറ്റുകളെന്നു വിളിച്ചു നിങ്ങൾ ജയിലിൽ അടയ്ക്കുന്നത്? മറ്റാർക്കൊക്കെ നക്സലൈറ്റാകാം? അവർ നിരക്ഷരരായതു കൊണ്ടാണോ? വിദ്യാഭ്യാസമില്ലാത്തവരായതു കൊണ്ടാണോ? സാധാരണക്കാരും കുടിലുകളിലും കാടുകളിലും വസിക്കുന്നവരായതു കൊണ്ടാണോ? ദരിദ്രരായതു കൊണ്ടാണോ, അതോ പീഡനങ്ങൾ താങ്ങാനുള്ള കഴിവവർക്ക് ഏറെയുണ്ടെന്ന് നിങ്ങൾക്ക്

തോന്നുന്നത് കൊണ്ടാണോ?



പീഡനങ്ങളും ദുരിതങ്ങളും മാത്രമാണ് ഞങ്ങൾ ആദിവാസികൾ നേരിട്ട് കൊണ്ടിരിക്കുന്നത്. ചെറിയ കുറ്റങ്ങൾക്ക് പോലും വർഷങ്ങളാണ് ഞങ്ങൾ ജയിലുകളിൽ കഴിയേണ്ടി വരുന്നത്. വിധിയില്ല, ജാമ്യമില്ലാ, എന്തിനു വെറുതെ വിടൽ പോലുമില്ല. എന്തുകൊണ്ടാണിത്? ഭരണകൂടത്തിനെതിരെ ശബ്ദമുയർത്താൻ ആദിവാസികൾക്ക് കഴിവില്ലാത്തത് കൊണ്ടോ അതോ ഭരണകൂടത്തിന് ആദിവാസികളെ വേണ്ടാഞ്ഞിട്ടോ? ഉന്നതങ്ങളിൽ അവർക്ക് പിടിപാടില്ലാത്തത് കൊണ്ടോ? എത്ര നാൾ ഞങ്ങളീ ചൂഷണം സഹിക്കണം? ഈ രാജ്യത്തെ ജനങ്ങളോടാണ് എന്റെ ചോദ്യം.

ജഗ്ദൽപൂരിലെയും ദന്തെവാഡയിലെയും ജയിലുകളിൽ 16 വയസ്സിൽ പിടിച്ചു കൊണ്ട് വന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 20, 21 വയസ്സായിരിക്കുന്നു. ഇത് വരെ അവരുടെ കേസുകളിൽ വാദം കേട്ടിട്ടില്ല. ഇനിയും വാദം കേൾക്കുന്നില്ലായെങ്കിൽ അവരുടെ ഭാവി എന്തായിത്തീരും? ഇത്രയധികം ക്രൂരതയെന്തിനാണവരോട്? സാമൂഹ്യപ്രവർത്തകരും. ജനങ്ങളും ബുദ്ധിജീവികളും ശ്രദ്ധിക്കണം. നക്സലൈറ്റുകൾ എന്റെ പിതാവിന്റെ വീടാക്രമിച്ചു, കൊള്ളയടിച്ചു. എന്റെ പിതാവിന്റെ കാലിൽ നിറയൊഴിച്ചു, അദ്ദേഹത്തെ വികലാംഗനാക്കി. പൊലീസിന് വിവരം നൽകുന്നുവെന്ന സംശയമാണ് അവരെ അത് ചെയ്യാൻ പ്രേരിപ്പിച്ചത്.

അദ്ദേഹത്തിന്റെ ഗ്രാമത്തിലുള്ള ഇരുപത്തിയഞ്ചോളം ആളുകൾ നക്സലൈറ്റുകളെ സഹായിച്ചതിന് ജയിലിൽ ആണ്. അതിനു പ്രതികാരമെന്നോണമാണ് അവർ എന്റെ പിതാവിനെ ആക്രമിച്ചത്. അദ്ദേഹത്തെ സഹായിക്കേണ്ടുന്നതിനു പകരം പോലീസ്സ് അദ്ദേഹത്തിന്റെ മകളെ അഴിക്കുള്ളിൽ ആക്കിയിരിക്കുന്നു. സ്വാധീനമുള്ള ഒരു രാഷ്ട്രീയക്കാരനായിരുന്നുവെങ്കിൽ അദ്ദേഹത്തിന് സഹായം ലഭിച്ചേനെ; എന്നാൽ അദ്ദേഹം വെറുമൊരു ഗ്രാമീണനും ആദിവാസിയും ആയിപ്പോയി.

'ആദിവാസികൾക്ക് വേണ്ടി ഈ സർക്കാർ എന്ത് ചെയ്യുമെന്നാണ്? നിങ്ങൾ പറയൂ.'

***2. ന്യായാധിപനും അഭിഭാഷകനും എഴുതിയ കത്ത്***

'സർ ജഡ്ജ്,

നിങ്ങളുടെ ഉത്തരവ് പ്രകാരം, കൊൽക്കത്തയിൽ എനിക്ക് ചികിത്സ ലഭിക്കുകയും, എന്റെ ജീവൻ രക്ഷിക്കപ്പെടുകയും ചെയ്തു. എന്നിട്ടെന്തിനാണ് എന്നെ വീണ്ടും ഇവരുടെയിടയിലേക്ക് തന്നെ തിരികെ അയച്ചിരിക്കുന്നത്? ഇവിടെ ഞാൻ ഒട്ടും സുരക്ഷിതയല്ല. എന്തൊക്കെ ദുരിതങ്ങളോടാണ് ഞാൻ ഇവിടെ പട വെട്ടുന്നത്! താങ്കളുടെ കോടതി എനിക്കെതിരെയുള്ള ആരോപണങ്ങൾ വിശ്വസിക്കുന്നുണ്ടെങ്കിൽ, എന്നെ ശിക്ഷിക്കുക. പക്ഷെ, ഇവരുടെ ഇടയിലേക്കെന്നെ അയയ്ക്കരുത്. ഓരോ പകലും ഓരോ രാത്രിയും കഷ്ടപ്പാടാണ്. വേദന സഹിച്ചു ഞാൻ താങ്കളുടെ വിധിക്കായി കാത്തിരിക്കുകയാണ്. എന്നെ കോടതിയിൽ ഹാജരാക്കാൻ ഛത്തീസ്ഗഡ് സർക്കാരിന് താമസമേതുമുണ്ടായിരുന്നില്ല. ഡൽഹിയിലെ കോടതി അതിലും വേഗതയിൽ അവർക്ക് എന്നെ തിരികെ കൈമാറി. പിന്നെയെന്തു കൊണ്ടാണ് അങ്ങയുടെ കോടതിയിൽ മാത്രം ഈ കാലതാമസം? ഞാനേറ്റ പീഡനങ്ങൾ മതിയാവാഞ്ഞിട്ടോ? ജീവിക്കാനുള്ള അവസരം എങ്കിൽ വീണ്ടും അങ്ങെനിക്ക് തരേണ്ടിയിരുന്നില്ല. മരിക്കാൻ അനുവദിക്കണമായിരുന്നു. അങ്ങയുടെ വിധി ഒന്ന് കൊണ്ട് മാത്രമാണ് ഞാനിപ്പോൾ ജീവിച്ചിരിക്കുന്നത്, അത് ഞാൻ ഒരിക്കലും മറക്കില്ല. ഡൽഹിയിലെ കോടതി എന്റെ നിലവിളി കേൾക്കാത്തത് എന്താണ് എന്നെനിക്ക് മനസ്സിലാവുന്നില്ല. എന്റെ നിസ്സഹായാവസ്ഥ അവർ മനസ്സിലാക്കിരുന്നെങ്കിൽ ഞാൻ ഈ അവസ്ഥയിൽ ആകുമായിരുന്നില്ല. ഒക്കെ പോട്ടെ, എന്നെ അവർ ഛത്തീസ്ഗഡ് പൊലീസിന് കൈമാറിയിരിക്കുന്നു! ആ നിമിഷം എന്റെ ഹൃദയം പറഞ്ഞു കൊണ്ടിരുന്നത് എന്താണെന്നോ? ദയവു ചെയ്ത എന്നെ അവരോടൊപ്പം അയക്കരുത്. അവർ അവരുടെ സഹോദരിമാരോടും പെണ്മക്കളോടും പോലും

ചെയ്യുന്നതെന്താണെന്ന് നിങ്ങൾക്കറിയില്ല.' പക്ഷെ ബഹുമാനപ്പെട്ട കോടതിക്ക് തന്റെ മകളേക്കാൾ വിശ്വാസം പോലീസിനെ ആയിരുന്നു. എനിക്കാകട്ടെ, സകലതും നഷ്ടപ്പെട്ടിരിക്കുന്നു. എന്നിട്ടും കോടതിക്ക് മനസ്സിലാകുന്നില്ല. ഇന്നൊരു സ്ത്രീ പീഡിപ്പിക്കപ്പെട്ടിരിക്കുന്നു, നാളെ അത് മറ്റൊരാളായിരിക്കും.

നിസ്സഹായയായ ഒരു മകളുടെ അപേക്ഷയാണിത്. എന്തെങ്കിലും ചെയ്യൂ, ഇല്ലെങ്കിൽ വരും ദിവസങ്ങളിൽ അവരുടെ വീര്യം കൂടി വരികയേ ഉള്ളൂ. അവരെന്നോട് പറയുന്നത് കോടതിയാണ് എന്നെ അവരുടെ കസ്റ്റഡിയിൽ വെക്കാനുള്ള അനുവാദം തന്നിരിക്കുന്നത് എന്നാണ്. ഞാനപ്പോളിനി ഏതു കോടതിയോടാണ് അപേക്ഷിക്കേണ്ടത്? നിങ്ങളുടെ കോടതിയാണ്, സർ ജഡ്ജ്, എന്നെയവർക്ക് കൈമാറിയിരിക്കുന്നത്. അവർ വിചാരിച്ചാൽ എന്തും ചെയ്യാൻ കഴിയും. കോടതിയുടെ അനുമതിയോടെ, ഇവിടെ കൊണ്ട് വന്നു മാനസികമായും ശാരീരികമായും എന്നെ പീഡിപ്പിച്ച, ഈ രാജ്യത്തിന്റെ മകളാണ് ഞാൻ. എന്നോട് എന്തിനാണീ അനീതി? ഇലക്ട്രിക്ക് ഷോക്കടിപ്പിക്കുന്നതും, നഗ്നയായി നിർത്തുന്നതും, എന്റെയുള്ളിലേക്ക് കല്ലുകൾ തിരുകി കയറ്റുന്നതും നക്സലിസത്തിനു പരിഹാരമാകുമോ? സർ ജഡ്ജ്, എന്റെ ശരീരം കഠിനമായ വേദനയിലാണ്. അങ്ങയുടെ വിധി വരുന്നതിനു മുൻപ് ഞാൻ മരിച്ചാൽ, അതിനുത്തരവാദി ഛത്തീസ്ഗഢ് സർക്കാരും പോലീസുമാണ്. പോലീസ് സൂപ്രണ്ട് അങ്കിത് ഗാർഗും മറ്റ് പോലീസുകാരും എന്നോട് ചെയ്ത ദ്രോഹങ്ങൾക്ക് ശേഷം എന്റെ ശരീരം തകർന്നിരിക്കുകയാണ്. എനിക്ക് മൂന്നു മക്കളാണുള്ളത്. ഞാൻ പോയിക്കഴിഞ്ഞാൽ, അവരെ നോക്കാൻ മറ്റാരുമില്ല. കള്ളക്കേസിൽ കുടുങ്ങി എന്റെ ഭർത്താവ് കഴിഞ്ഞ ഒന്നര വർഷമായി ജയിലിലാണ്. നക്സലൈറ്റുകൾ എന്റെ പിതാവിന്റെ ഭവനം കൊള്ളയടിച്ചു. എന്റെ കുഞ്ഞുങ്ങൾക്ക് സഹായം ആവശ്യമാണ്. അവർ മൂന്നു പേരും കടന്ന് പോയിക്കൊണ്ടിരിക്കുന്ന ദുരിതത്തിനറുതിയില്ല. അനാഥരെപ്പോലെയാണവർ ജീവിക്കുന്നത്. മക്കൾക്ക് വേണ്ടിയുള്ള ഒരമ്മയുടെ അപേക്ഷയാണിത്, സർ ജഡ്ജ്. സർ ജഡ്ജ്, പോലീസുകാർ ചെയ്ത കുറ്റത്തിനാണ് ഞാൻ ശിക്ഷിക്കപ്പെടുന്നത്. ഒന്നരക്കൊല്ലം മുന്നേ വാറന്റ് തയ്യാറായിരുന്നെങ്കിൽ, അവരെന്തു കൊണ്ടാണ് എന്നെ അന്നേ അറസ്റ്റു ചെയ്യാതിരുന്നത്? പോലീസ് സ്റ്റേഷനിലും സിആർപി ക്യാമ്പിലും ഞാൻ പല തവണ പോയിരുന്നു; പോലീസ് ഉദ്യോഗസ്ഥരെ കാണാറുണ്ടായിരുന്നു; അവരിൽ പലരും എന്റെ വീട്ടിൽ പല തവണ വന്നിരുന്നു. ജില്ലാ ഭരണാധികാരിയുടെയോ മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെയോ മേൽനോട്ടത്തിൽ ഏതൊരു മീറ്റിങ് ദന്തേവാഡയിൽ ഉണ്ടായിരുന്നാലും, ഞാൻ അവിടെ ഉണ്ടാകാറുണ്ടായിരുന്നു. അപ്പോഴൊന്നും എന്നെ അറസ്റ്റ് ചെയ്യാഞ്ഞതെന്തായിരുന്നു? എസ്സാർ കേസിൽ, അവരുടെ പക്കൽ നിന്ന് പണം വാങ്ങാൻ പൊലീസിന് പദ്ധതിയുണ്ടായിരുന്നു; എന്നോട് നക്സലൈറ്റ് ആണെന്ന് സമ്മതിക്കാൻ അവർ ആവശ്യപ്പെട്ടു. ഞാനത് നിരസിച്ചപ്പോൾ അവർ എന്നെ അറസ്റ്റ് ചെയ്യാനുള്ള വാറണ്ട് തങ്ങളുടെ പക്കൽ ഉണ്ട് എന്നറിയിക്കുകയായിരുന്നു. അവർ ആവശ്യപ്പെടുന്നത് പോലെ ചെയ്താൽ, എന്നെ അറസ്റ്റ് ചെയ്യില്ലെന്നും പറഞ്ഞിരുന്നു. ആലോചിച്ചു നോക്കൂ, സർ ജഡ്ജ്, ഞാൻ നിരപരാധിയാണ്.

അപേക്ഷയോടെ,
സോണി സോരി.

■

**നിസ്സഹായയായ ഒരു മകളുടെ അപേക്ഷയാണിത്. എന്തെങ്കിലും ചെയ്യൂ, ഇല്ലെങ്കിൽ വരും ദിവസങ്ങളിൽ അവരുടെ വീര്യം കൂടി വരികയേ ഉള്ളൂ. അവരെന്നോട് പറയുന്നത് കോടതിയാണ് എന്നെ അവരുടെ കസ്റ്റഡിയിൽ വെക്കാനുള്ള അനുവാദം തന്നിരിക്കുന്നത് എന്നാണ്. ഞാനപ്പോളിനി ഏതു കോടതിയോടാണ് അപേക്ഷിക്കേണ്ടത്? നിങ്ങളുടെ കോടതിയാണ്, സർ ജഡ്ജ്, എന്നെയവർക്ക് കൈമാറിയിരിക്കുന്നത്. അവർ വിചാരിച്ചാൽ എന്തും ചെയ്യാൻ കഴിയും. കോടതിയുടെ അനുമതിയോടെ, ഇവിടെ കൊണ്ട് വന്നു മാനസികമായും ശാരീരികമായും എന്നെ പീഡിപ്പിച്ച, ഈ രാജ്യത്തിന്റെ മകളാണ് ഞാൻ. എന്നോട് എന്തിനാണീ അനീതി? ഇലക്ട്രിക്ക് ഷോക്കടിപ്പിക്കുന്നതും, നഗ്നയായി നിർത്തുന്നതും, എന്റെയുള്ളിലേക്ക് കല്ലുകൾ തിരുകി കയറ്റുന്നതും നക്സലിസത്തിനു പരിഹാരമാകുമോ?**

ചർച്ചാവിഷയം



**സാഹിറ**
പൂർവ്വ വിദ്യാർത്ഥി,
ജെണ്ടർ ഇക്കോളജി &
ദലിത് സ്റ്റഡീസ്
കാലടി സർവ്വകലാശാല

# സ്വാതന്ത്ര്യമെന്ന മരീചിക

ജെൻഡർ, ഇക്കോളജി ആന്റ് ദലിത് സ്റ്റഡീസിൽ ബിരുദാനന്തരബിരുദത്തിന് പഠിക്കുന്ന കാലം. പഠനം പൂർത്തീകരിക്കും മുമ്പ് ലഘുവായ ഒരു തീസിസ് സമർപ്പിക്കേണ്ടതുണ്ട്. ഏത് വിഷയത്തിൽ വേണം ഈ ചെറുഗവേഷണം എന്നോർത്തിരിക്കെ മനസ്സിലേക്ക് കയറി വന്നതാണ് ജയിലിലടക്കപ്പെട്ട സ്ത്രീകളെക്കുറിച്ച് ഒരു പഠനം നടത്തിയാലോ എന്ന ചിന്ത. പക്ഷെ ജയിലിന്റെ ചുറ്റുപാടുകളെക്കുറിച്ച് ഒരു അറിവുമില്ലാത്ത ആളായിരുന്നു ഞാൻ. സിനിമയിലൊക്കെ കാണുന്നതുപോലെ അഴികൾ കൊണ്ട് ഉണ്ടാക്കിയ ഒരു സെൽ അതായിരുന്നു എന്റെ മനസ്സിൽ ജയിലിനെക്കുറിച്ചുള്ള ചിത്രം! ഏതായാലും വിഷയവുമായി ബന്ധപ്പെട്ട് വിയ്യൂർ ജയിൽ സന്ദർശിക്കാൻ തീരുമാനിച്ചു. ജയിൽ സന്ദർശനത്തിനുള്ള അനുമതി ഇത്തിരി പാടുപെട്ടാണെങ്കിലും നേടിയശേഷം പുറപ്പെട്ടു. പത്തുമണിയോടുകൂടി വിയ്യൂർ സെൻട്രൽ ജയിലിന്റെ കവാടത്തിനു മുന്നിലെത്തി. വല്ലാത്ത ഒരു ഭയം വന്നു മനസ്സിൽ. ജയിലിന്റെ ഇരുവശവും കാട്. നടുവിലൂടെ ഒരു ചെറിയ റോഡ്. ഞാൻ അതിലൂടെ നല്ല വേഗത്തിൽ നടന്നു. അവിടെ നിന്ന ഒരു പോലീസുകാരനെ കണ്ടപ്പോൾ എനിക്ക് സമാധാനമായി. ഞാൻ അനുവാദപത്രം അദ്ദേഹത്തെ കാണിച്ചുകൊടുത്തു. അദ്ദേഹം സൂപ്രണ്ടിനെ കാണണമെന്നും അദ്ദേഹവുമായി സംസാരിക്കണം എന്നും പറഞ്ഞു. ജയിൽ സൂപ്രണ്ട് എന്റെ ബയോഡേറ്റ പരിശോധിച്ചു. അതിനുശേഷം എന്റെ ബാഗ്, ഫോൺ എന്നിവ അവിടെ വാങ്ങിച്ചു വെച്ചു. ഒരു ബുക്കിൽ എന്റെ പേര് എഴുതി, ഒപ്പിടാനും പറഞ്ഞു. കയറുന്ന സമയം ഞാൻ എഴുതി. എന്റെ കയ്യിൽ ഒരു പേനയും നോട്ട്പാഡും മാത്രം കരുതി. ഒരു പോലിസ് കോൺസ്റ്റബിളിന്റെ കൂടെയാണ് ഞാൻ അകത്തേക്ക് കയറിയത്. ആണുങ്ങളുടെ സെല്ലിന്റെ ഉള്ളിലൂടെ പോയതിന് ശേഷമാണ് പെണ്ണുങ്ങളുടെ സെല്ലിലേക്ക് പോകേണ്ടത്. അവിടെ ഒരു ജയിൽ വാർഡൻ ഉണ്ടായിരുന്നു. അപ്പോൾ അവിടെയുണ്ടായിരുന്ന പല സ്ത്രീകളും എന്നെ വീക്ഷിക്കുന്നുണ്ടായിരുന്നു. അതിൽ ചിലർ വാർഡനോട് പുതിയ പ്രതിയാണോ എന്ന് ചോദിച്ചു.അന്നേരം ആ വാർഡൻ 'ആ കുട്ടി നിങ്ങളുടെ കാര്യങ്ങൾ അറിയാനും നിങ്ങളെക്കുറിച്ച് ചോദിക്കാനുമാണ് വന്നതെന്ന് പറഞ്ഞു' അന്നേരം അതിൽ ചിലരെല്ലാം വളരെയധികം ആകാംക്ഷയോടെ എന്റെയടുത്തു വന്നു. എന്നോട് പത്രക്കാരിയാണോ, വക്കീലാണോ എന്നൊക്കെ ചോദിച്ചു. അതിൽ പലർക്കും എന്നോട് ഒരുപാട് സംസാരിക്കാൻ വീർപ്പുമുട്ടി നിൽക്കുന്ന പോലുണ്ടായിരുന്നു. അവരുടെ കൂടെ ഞാൻ അവിടത്തെ വരാന്തയിൽ ഇരുന്നു. ഒരു പതിനഞ്ചോളം സ്ത്രീകളുണ്ടായിരുന്നു ചുറ്റും. അതിൽ കേരളത്തിൽനിന്നും കർണാടകത്തിൽ നിന്നും തമിഴ്നാട്ടിൽനിന്നുമുള്ളവർ ഉണ്ടായിരുന്നു. ഇതിൽ കൊലപാതകം, മയക്കുമരുന്ന് കൈവശം വെക്കൽ, മോഷണം, വ്യഭിചാരം എന്നിങ്ങനെയുള്ള കുറ്റം ചുമത്തപ്പെട്ടവർ ഒക്കെ ഉണ്ടായിരുന്നു.

ഒരു വലിയ ഹാൾ പോലുള്ള റൂമായിരുന്നു അവിടെയുണ്ടായിരുന്നത്. അതിന്റെയകത്തുതന്നെയായിരുന്നു കതകില്ലാത്ത ബാത്ത്റൂം. ഒരു ചെറിയ മറ മാത്രമാണ് പകരം ഉണ്ടായിരുന്നത്. അവിടെ എല്ലാവരും കിടക്കുന്നത് തറയിൽ. അതിൽ പ്രസവിച്ച് അധികമാകാത്ത ഒരു ചേച്ചിയുണ്ടായിരുന്നു. ആ ചേച്ചിക്ക് മാത്രം കട്ടിൽ ഉണ്ടായിരുന്നു. വാർഡൻ വന്ന് എല്ലാവരെയും അഞ്ചു മണിക്ക് വിളിച്ച് എഴുന്നേൽപ്പിക്കും. എന്നാൽ ആറു മണി ആകു



നാൽപത് ദിവസം പ്രായമുള്ള ഒരു കുഞ്ഞുണ്ടായിരുന്നു. അത് ഒരു മലയാളി സ്ത്രീയുടെ കുട്ടി ആയിരുന്നു. അവർ ഒരു മോഷണക്കേസിൽ പിടിക്കപ്പെട്ടതായിരുന്നു. കുട്ടി ജനിച്ചപ്പോൾ കുട്ടിക്ക് ആവശ്യമായ എല്ലാ സാധനങ്ങളും പോലീസുകാർ എത്തിച്ചു കൊടുത്തു. ഒരുപാട് ഉടുപ്പുകളെല്ലാം

മ്പോഴാണ് അവരുടെ വാതിൽ തുറക്കുക. രാവിലത്തെ ചായ ഏഴരയോടുകൂടി കൊടുക്കും. ആഹാരം വിളമ്പുന്നത് പ്രധാന തടവുകാരാണ്. എല്ലാ ദിവസവും രാവിലെ ചായക്ക് ചപ്പാത്തിയും കറിയും ഉണ്ട്. കറിയിൽ വ്യത്യാസം കാണും. കിഴങ്ങ് കറി, പീസ് കറി എന്നിവയുണ്ടാകും. ഉച്ച ഭക്ഷണം അവർക്ക് 11.30ന് കൊടുക്കും. രാത്രി ഭക്ഷണം 3.30 ആകുമ്പോഴേക്കും. വൈകുന്നേരം ചായയില്ല. കുളിക്കുന്നതിന് നാല് കുളിമുറികളുണ്ട്. തുണി അലക്കുന്നതിനും മെൻസസ് തുണികൾ കഴുകുന്നതിനുമുള്ള സൗകര്യം കുറവാണ്. ഇവർ എല്ലാവരും പറഞ്ഞ ഒരു കാര്യമുണ്ട്. ബക്കറ്റ് വെവ്വേറെ നൽകണമെന്ന്. എച്ച്.ഐ.വി. ബാധിച്ച ആരെങ്കിലും ഉണ്ടോ എന്നുള്ള പേടിയാണ്. മെൻസസ് ആയി കഴിഞ്ഞാൽ ഇവർക്ക് മുണ്ട് കഷണം തുണി കൊടുക്കും. ആറു മണിയോടെ ഇവരുടെ വാതിൽ ലോക്ക് ചെയ്യും. ഇവരുടെ റൂമിന്റെ പുറത്ത് ഒരു ഫീമെയിൽ വാർഡൻ ഉണ്ടാകും. എന്തെങ്കിലും എമർജെൻസി ഉണ്ടെങ്കിൽ മാത്രമേ മെയിൽ പോലീസ് വരുകയുള്ളൂ. ജയിലിൽ ചിലരുടെ കൂടെ കുട്ടികൾ ഉണ്ടാകും. ആറു വയസ്സിനു താഴെയുള്ള കുട്ടികളെ ഇവരുടെ കൂടെ നിർത്തും. ആറുവയസ്സിനു മുകളിലുള്ള കുട്ടികളെ അമ്മയുടെ വീട്ടിലോ മറ്റു ബന്ധുക്കളുടെ വീട്ടിലോ നിർത്തും. ബന്ധുക്കളും ഒന്നും ഇല്ലാത്ത കുട്ടികളെ ജയിൽ അധികൃതർ തന്നെ ഗവൺമെന്റ് ഓർഫനേജിൽ നിർത്തും. ഇവർ കഴിക്കുന്ന ആഹാരം തന്നെയാണ് കുട്ടികൾക്കും കൊടുക്കുന്നത്. ചെറിയ കുട്ടികൾക്കുള്ള ന്യൂട്രീഷൻ ഫുഡൊന്നും ഇല്ല. ഇവർക്ക് അംഗൻവാടിയില്ല. ഇവർ കിടക്കുന്ന പായയിൽ തന്നെയാണ് കുട്ടികളും കിടക്കുന്നത്. ഞാനവിടെ ചെല്ലുമ്പോൾ

കുഞ്ഞിന് കിട്ടി. ഇവർക്ക് ഇവിടെ ജോലികളെല്ലാം വേർതിരിച്ചാണ് കൊടുത്തിരിക്കുന്നത്. കൊലപാതകം, മയക്കുമരുന്ന് തുടങ്ങിയ കേസിലെ പ്രതികൾക്ക് ബാത്ത്റൂം വൃത്തിയാക്കൽ, മോഷണകുറ്റം, വഞ്ചന എന്നിവ ചെയ്തവർക്ക് പൂന്തോട്ടം വൃത്തിയാക്കുന്നതും പുല്ല് മുറിക്കുന്നതും. ഫുഡൊക്കെ പാകം ചെയ്യുന്നത് പുരുഷന്മാരാണ്. ഉച്ചയൂണ് കഴിഞ്ഞാൽ അവർ ജോലിയില്ലാതെ ഇരിക്കുകയാണ്. ആ സമയത്ത് എന്തെങ്കിലും ജോലിയിൽ ഏർപ്പെടാനുള്ള സൗകര്യം ചെയ്തു കൊടുക്കാമെന്ന് ഓഫീസേഴ്സ് പറഞ്ഞിട്ടുണ്ട്. ഇവരുടെ വസ്ത്രധാരണ രീതി മുണ്ടും ചട്ടയും പോലുള്ള വസ്ത്രമാണ്. കുറച്ച് കാലത്തേക്ക് മാത്രം ശിക്ഷ നടപ്പാക്കിയവർക്ക് സാധാരണ വസ്ത്രധാരണ രീതി തന്നെയാണ്. സ്വർണ്ണാഭരണങ്ങളൊന്നും ഉപയോഗിക്കാൻ പാടില്ല.

ജീവിതക്രമമിങ്ങനെയിരിക്കെ ജയിലിലെ അന്തരീക്ഷം ഇവർ എങ്ങനെയാണ് അനുഭവിക്കുന്നത്? പലരും പറഞ്ഞത് ഒരു ലേഡീസ് ഹോസ്റ്റലിൽ നിൽക്കുന്ന പ്രതീതിയാണെന്നാണ്. പ്രത്യേക തരം കൂട്ടായ്മയുടെ ഭാവം. കേരളം, തമിഴ്നാട്, കർണ്ണാടക എന്നിങ്ങനെയുള്ള വേർതിരിവില്ല. ആരെങ്കിലും തമ്മിൽ എന്തെങ്കിലും വാക്കുതർക്കമുണ്ടായാൽ അപ്പോൾ തന്നെ ബാക്കിയുള്ളവർ ഇടപെട്ട് പരിഹരിക്കും. ഭക്ഷണം കഴിക്കുമ്പോൾ സിനിമാകഥകളും സ്വന്തം ജീവിതകഥകളും പരസ്പരം പങ്കിടും. എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ മാത്രമേ മെയിൽ വാർഡൻ വരാറുള്ളൂ. ഇവരുടെ കുടുംബക്കാർ ആരെങ്കിലും വന്നു കഴിഞ്ഞാൽ ഇവരുടെ ബ്ലോക്കിലേക്ക് വന്നു പറയുകയും 20 മിനിട്ട് അവരുമായി സംസാരി

ക്കാൻ സമയം അനുവദിക്കുകയും ചെയ്യുന്നു. എല്ലാ ഞായറാഴ്ചയും സിനിമ കാണാം. കൂടാതെ എല്ലാ ദിവസവും വൈകുന്നേരം ലൈബ്രറിയിൽ പോകും. രാവിലെ ഇവർക്കിടയിൽ പത്ര വായനയും ഉണ്ട്. എല്ലാ വർഷവും ജനുവരി മാസങ്ങളിൽ ഇവർക്ക് കലാപരിപാടികൾ നടക്കും. മോണോആക്ട്, കഥാപ്രസംഗം, പാട്ടുകൾ, സ്പോർട്സ് എന്നിവയുണ്ടാകും. എന്ത് ആഘോഷ പരിപാടികൾ ഉണ്ടായാലും ഇവർക്കിടയിൽ വേർതിരിവില്ലാതെ ആഘോഷങ്ങൾ നടക്കും. അന്നത്തെ ദിവസങ്ങളിൽ പ്രത്യേക ഫുഡ് ഉണ്ടാകും.

ഗർഭിണികളായ സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക ചികിത്സയുണ്ട്.

ചുറ്റുപാടുകളെക്കുറിച്ചും നിത്യജീവിതക്രമത്തെക്കുറിച്ചുമൊക്കെ ചോദിച്ചറിഞ്ഞ ഞാൻ കുറ്റകൃത്യങ്ങളെക്കുറിച്ചെങ്ങനെ ചോദിക്കുമെന്നോർത്തു. പക്ഷേ എന്റെ ഇടപഴകലിന്റെ രീതിയോട് അവർ നീട്ടിയ സൗഹൃദത്തിന്റെ ഹസ്തം എനിക്ക് വിലപ്പെട്ട ഓർമ്മയായി. പലരും അവരുടെ കഥകൾ സ്വമേധയാ പറയാൻ തുടങ്ങി.

1) അനിത-കല്യാണം കഴിഞ്ഞിട്ടില്ല. ഒരു വീട്ടിൽ ഹോംനഴ്സായിട്ട് ജോലി ചെയ്യുകയായിരുന്നു. വീട്ടിലെ ബുദ്ധിമുട്ട് കൊണ്ട് അവിടുന്ന് മോഷണം നടത്തി. അങ്ങനെ പോലീസിന്റെ പിടിയിലായി. ആറ് മാസത്തേക്ക് ശിക്ഷ നടപ്പാക്കി.

2) ലക്ഷ്മി-ഭർത്താവ് വല്ലാതെ മദ്യപിക്കുന്ന ആളായിരുന്നു. ജീവിക്കാൻ വേണ്ടി കഞ്ചാവ് ബിസിനസ്സ് തുടങ്ങി. അയ്യായിരം രൂപയുടെ കഞ്ചാവ് വിറ്റാൽ അവർക്ക് കിട്ടുന്ന ലാഭം വെറും അഞ്ഞൂറു രൂപയായിരുന്നു. ഇതിനു മുമ്പ് കണ്ണൂർ സെൻട്രൽ ജയിലിൽ ആയിരുന്നു. ഇവിടെ നിന്ന് ഇറങ്ങിയാൽ ബാങ്കിൽ ഉള്ള കുറച്ച് പൈസ കൊണ്ട് തയ്യൽക്കട തുടങ്ങണമെന്ന് പറഞ്ഞു.

3) മായ-കർണ്ണാടകക്കാരിയാണ്. അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നത് വ്യഭിചാരക്കുറ്റത്തിനാണ്. കേരളത്തിൽ വന്നിട്ട് ആറു വർഷമായി. ആദ്യത്തെ ഭർത്താവ് മരിച്ചു പോയിരുന്നു. കേരളത്തിലുള്ള ഒരാളുമായി പരിചയപ്പെടുകയും അയാൾ അവരെ വിവാഹം കഴിക്കാമെന്ന് പറഞ്ഞ് കേരളത്തിലേക്ക് കൊണ്ടുവരികയും ചെയ്തു. പോലീസിന്റെ പിടിയിൽ അകപ്പെട്ടപ്പോൾ വ്യഭിചാര കുറ്റം ചുമത്തപ്പെട്ടു.

4)സുലേഖ- ഇടുക്കിയിലാണ് ഇവരുടെ




വീട്. വയസ്സ് 36. കല്യാണം കഴിഞ്ഞതാണ്. വ്യഭിചാരക്കുറ്റത്തിനാണ് അറസ്റ്റ് ചെയ്തിരിക്കുന്നത്. അവർ എന്നോട് അധികം സംസാരിക്കാൻ തയ്യാറായില്ല.

5) അമ്മിണി-വയസ്സ് 56. അട്ടപ്പാടിയിലാണ് വീട്. വിധവയാണ്. ഒരു മകനും മകളും ഉണ്ട്. അയൽവാസിയുമായി ഭൂമി തർക്കമായിരുന്നു. തർക്കത്തിനിടയിൽ അയൽവാസിക്ക് വെട്ടേറ്റു. രാത്രിതന്നെ വന്ന് പോലീസ് അറസ്റ്റ് ചെയ്തു. മക്കൾ ഇടയ്ക്കിടക്ക് കാണാൻ വരാറുണ്ട്. ഇവരുടെ മകൾ ഗർഭിണിയാണ്. അത് പറയുമ്പോൾ അവർ വല്ലാതെ കരയുന്നുണ്ടായിരുന്നു.

6) മഞ്ചു വയസ്സ്-44. ഇടുക്കിയിലാണ് വീട്. കല്യാണം കഴിഞ്ഞതാണ്. അയൽവാസിയെ കൊല്ലാൻ ശ്രമിച്ചു എന്നാണ് കേസ്. രണ്ട്

പെൺകുട്ടികൾ ഉണ്ട്. രണ്ടാളുടെയും കല്യാണം. കഴിഞ്ഞു. അയൽവാസിയുടെ വീട്ടിൽ പന്നിയെ വളർത്തുന്നുണ്ടായിരുന്നു. അവിടെ നിന്ന് ദുർഗ്ഗന്ധം അധികരിക്കുന്നതിനാൽ അത് ചോദ്യം ചെയ്യുന്നതിനിടെ വാക്ക് തർക്കമുണ്ടാകുകയും, അതിനിടയിൽ ആ വീട്ടുടമയുടെ ഭാര്യയുടെ കൈമുറിയുകയും അവർ അപ്പോൾ തന്നെ ഹോസ്പിറ്റലിൽ അഡ്മിറ്റാകുകയും തന്നെ കൊല്ലാൻ ശ്രമിച്ചു എന്ന് പോലീസിന് പരാതി കൊടുക്കുകയും ചെയ്തു. അങ്ങനെ അവർ അറസ്റ്റിലാകുകയും ചെയ്തു.



7) മേരി-വയസ്സ് 28. ഇടുക്കിയിലാണ് വീട്. കല്യാണം. കഴിഞ്ഞതാണ്. രണ്ട് കുട്ടികളുണ്ട്. ജയിലിൽ വരുമ്പോൾ ഗർഭിണിയായിരുന്നു. ഇപ്പോൾ പ്രസവിച്ചു. വഞ്ചനാകുറ്റത്തിനാണ് അറസ്റ്റ് ചെയ്തിരിക്കുന്നത്. ഡിഗ്രി വിദ്യാഭ്യാസവും കമ്പ്യൂട്ടർ പഠനവും കഴിഞ്ഞതാണ്. കല്യാണം കഴിക്കുന്നതിന് മുൻപ് ബാംഗ്ലൂരിൽ ജോലിയുണ്ടായിരുന്നു. ഭർത്താവ് ഗൾഫിലായിരുന്നു. ഭർത്താവ് ജോലി നിർത്തി നാട്ടിൽ ഒരു ബിസിനസ്സ് തുടങ്ങാൻ തീരുമാനിച്ചു. അങ്ങനെ ഒരു ലോൺ എടുത്തു.



ലോണിന്റെ എല്ലാ പേപ്പറുകളിലും ഒപ്പിട്ടു കൊടുത്തത് അവരായിരുന്നു. എന്നാൽ ബിസിനസ്സ് തകരാറിലാവുകയും പൈസ അടക്കാൻ കഴിയാതെയായപ്പോൾ ബാങ്കിൽ നിന്നും നോട്ടീസ് വരുകയും വഞ്ചനാകുറ്റത്തിന്റെ പേരിൽ അവരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. അവർ ജയിലിലേക്ക് വരുമ്പോൾ ആറുമാസം ഗർഭിണിയായിരുന്നു. ഒരു മകനുണ്ട്. അവൻ കോൺവെന്റിലാണ് താമസിക്കുന്നത്. വീട്ടിലേക്ക് തിരിച്ചു ചെല്ലുമ്പോൾ സമൂഹം അവരെ എങ്ങനെ കാണും എന്ന സങ്കടത്തിലാണ് അവർ കഴിയുന്നത്.

8) രാഖി-വയസ്സ് 26, വയനാട്. കല്യാണം കഴിഞ്ഞിട്ടില്ല. അഞ്ചാം ക്ലാസ്സുവരെ പഠിച്ചിട്ടുണ്ട്. അച്ഛൻ, അമ്മ, അനിയത്തി എന്നിവർ ഉണ്ട്. മോഷണക്കുറ്റത്തിന് അറസ്റ്റ് ചെയ്യപ്പെട്ടു. വല്ലപ്പോഴും വീട്ടിൽ വരുന്ന അച്ഛൻ. വീട്ടിലെ ദാരിദ്ര്യം കൊണ്ട് അവർ ഒരു ഹോംനഴ്സായി എറണാകുളത്ത് ജോലി ചെയ്ത് അവിടെ നിന്ന് 3 പവന്റെ സ്വർണ്ണം മോഷ്ടിച്ചു. എന്നാൽ വീട്ടുടമസ്ഥൻ പരാതി പറഞ്ഞത് 8 പവൻ എന്നാണ്. ഇപ്പോൾ അവർ ഏഴ് മാസം ഗർഭിണിയാണ്. എങ്ങനെയാണ് ഇത് സംഭവിച്ചത് എന്ന് ഞാൻ ചോദിച്ചപ്പോൾ ഇതിനെക്കുറിച്ചുള്ള വാർത്തകൾ പത്രത്തിൽ ഉണ്ടായിരുന്നല്ലോ, നിങ്ങൾ വായിച്ചില്ലേ എന്ന് പറഞ്ഞു എന്നോട് ഒന്നും മിണ്ടാതെ പോയി.

9) പാത്തുമ്മ-വയസ്സ് 60. മലപ്പുറം. വിധവ. ആറാം ക്ലാസ് വരെ പഠിച്ചു. കുറ്റം കൊലപാതകം. ഒരുപാട് അംഗങ്ങളുള്ള വീട്ടിലായിരുന്നു താമസം. വളരെ ചെറുപ്പത്തിൽ തന്നെ അവരുടെ കല്യാണം കഴിഞ്ഞു. ഭർത്താവ് മരിച്ചു പോയി. അങ്ങനെ അവർ ഒറ്റയ്ക്ക് താമസിക്കുമ്പോൾ പരിസരത്തുള്ള ഒരു പുരുഷനുമായി അടുക്കുകയും ഗർഭം ധരിക്കുകയും ചെയ്തു. അബോർഷൻ ചെയ്യാൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല. അങ്ങനെ വീട്ടിൽ വെച്ചു പ്രസവിക്കുകയും ആ കുട്ടിയെ വീടിന്റെ അടുത്ത് തന്നെ കുഴിച്ചുമൂടുകയും ചെയ്തു. അതിനുശേഷം തൂങ്ങിമരിക്കാൻ ശ്രമിച്ചെങ്കിലും. രക്ഷപ്പെട്ടു. കുട്ടി മരിക്കുകയും ചെയ്തു. ഇപ്പോഴും അവർക്ക് വിശ്വസിക്കാൻ കഴിയുന്നില്ല താനത് ചെയ്തെന്ന്. തന്റെ കുട്ടിയെ കൊന്നു എന്ന് പറയുമ്പോൾ ഇത്രയും വർഷങ്ങൾക്കു ശേഷവും അവർ കരയുന്നുണ്ടായിരുന്നു.

10) സൗമ്യ-വയസ്സ് 32. കല്യാണം കഴിഞ്ഞു.

വിദ്യാഭ്യാസം ഡിഗ്രി വരെ. കേസ് മയക്കുമരുന്ന്. ആദ്യ ഭർത്താവ് മരിച്ചു. അതിൽ ഒരു കുട്ടിയുണ്ട്. വീണ്ടും വിവാഹം കഴിച്ചു ഷിപ്പ്യാർഡിൽ ജോലിയുള്ള ഒരാളുമായി. അവർക്ക് ഐ.സി.ഐ.സി.ഐ. ബാങ്കിൽ ജോലി ഉണ്ടായിരുന്നു. ഭർത്താവിന് മയക്കുമരുന്ന് ആയിരുന്നു കച്ചവടം. വിവാഹം കഴിഞ്ഞതിന് ശേഷമാണ് അറിഞ്ഞത്. അവരും ഭർത്താവിന്റെ കൂടെ കുടേണ്ടി വന്നു.

ഭർത്താവും അവരും ഒരേ ജയിലിൽ ആണ്. ഞാൻ മൂന്നു വർഷം കൊണ്ട് കൊച്ചി എന്താണെന്ന് പഠിച്ചു എന്ന് അവർ എന്നോട് പറയുകയുണ്ടായി. അധോലോകത്തെക്കുറിച്ചും സെക്സ് മാഫിയയെക്കുറിച്ചുമൊക്കെ പറയുകയും ചെയ്തു.

വിവിധങ്ങളായ സാമൂഹ്യ സമ്മർദ്ദങ്ങൾ കൊണ്ട് അവിടെ എത്തിപ്പെട്ടവരായിരുന്നു ഇവരെല്ലാം. ദാരിദ്ര്യത്തിന്റെയും പുരുഷാധിപത്യത്തിന്റെയും കാരണങ്ങളാൽ തടവിലാക്കപ്പെട്ടവർ. നീതി എന്നത് അധികാരമുള്ളവർക്ക് മാത്രം കൈവരുന്ന അസുലഭ ഭാഗ്യങ്ങളാണെന്ന് എന്നെ വേദനയോടെ ഓർമ്മിപ്പിച്ച സന്ദർഭം. 'സഞ്ചാര സ്വാതന്ത്ര്യം ജയിലിന് പുറത്ത് കുടുംബത്തും സ്ത്രീകൾക്കധികമൊന്നുമില്ലല്ലോ' എന്ന അവരുടെയൊരു പരാമർശം എന്റെ കാതുകളിൽ വല്ലാത്ത ഒരു തിരിച്ചറിവായി ഇന്നും മുഴങ്ങുന്നു. അസ്വതന്ത്രരായി തടവിൽ കഴിയുന്ന അവരും സ്വതന്ത്രയായി പുറത്തുനടക്കുന്നുവെന്ന് സ്വയം കരുതിയ ഞാനും തമ്മിൽ വലിയ അന്തരമൊന്നുമില്ലല്ലോ എന്ന് എന്നെ ഈ അനുഭവം ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

■

---

*(തുടർച്ച 38-ാം പേജ്)*

അതുവരെ അരങ്ങുവാണ കളിയാട്ടത്തിനു പിന്നീട് പോലീസിന്റെ സാന്നിധ്യത്തിൽ കൂടുതൽ ആധിപത്യമേറി. തലങ്ങും വിലങ്ങും നടന്ന ലാത്തി പ്രയോഗത്തിന് പുറമെ. നിരവധി അക്രമങ്ങളുടെ സമരമുഖമായിരുന്നു അത്. നിർഭാഗ്യവശാൽ തെരുവിലേക്ക് വലിച്ചെറിയപ്പെട്ട അക്രമസംഭവങ്ങൾ പലതിന്റെയും ഉത്തരവാദിത്യം പോലീസ് പിന്നീട് നിഷേധിക്കുകയാണ് ഉണ്ടായത്. ധാർഷ്ട്യത്തിന്റെ അധികാരത്തിന്റെ പോലീസ് അകമ്പടിയിൽ ഞങ്ങൾ അവരുടെ ബസ്സുകളിലേക്കു വലിച്ചിഴയ്ക്കപ്പെട്ടു. കൂടെ ചെല്ലാൻ സമ്മതിച്ചതിനു ശേഷവും ഞങ്ങളെ അനാവശ്യമായി തള്ളിയിടുകയായിരുന്നു. നിരത്തിലൂടെ വലിച്ചു കൊണ്ട് പോവുകയുമായിരുന്നു ഇത്തരമധികാരത്തിന്റെ ചിഹ്നങ്ങൾ ചെയ്തത്. ശിരോവസ്ത്രങ്ങൾക്കും, ചെറിയ മുടിയുള്ള, പാന്റ് ഇട്ട പെൺകുട്ടിൾക്കും നേരെ പോലീസിന്റെ അധിക്ഷേപങ്ങൾ ഉണ്ടായതിന്റെ ദൃശ്യങ്ങൾ യൂട്യൂബിൽ തപ്പിയാൽ കിട്ടും.

കുട്ടികളെയും അധ്യാപകരെയും കുത്തിനിറച്ച ബസ്സ് നിരത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ അലക്ഷ്യമായി ഓടി. ആ സമരത്തിൽ ഒരക്രമവും പ്രവർത്തിക്കാത്ത ഞങ്ങളെ എന്തിനാണ് ബസ്സിൽ പൂട്ടി ഇട്ടിരിക്കുന്നത് എന്ന ചോദ്യത്തിനു കൃത്യമായ ഉത്തരം ഉണ്ടായിരുന്നില്ല. യാത്രാ മദ്ധ്യേ ഞങ്ങളെ എങ്ങോട്ടാണ് കൊണ്ട് പോകുന്നത് എന്നതിനു തെറ്റായ മറുപടിയാണ് തന്നു കൊണ്ടിരുന്നത്. വലതുപക്ഷത്തിന്റെ അകമ്പടി സേവിക്കുന്ന പോലീസിന്റെ ധാർഷ്ട്യം പൂർണമായും അഴിച്ചു വിട്ടു കൊണ്ട് ബസ്സ് നഗരത്തിന്റെ പല ഭാഗത്തു കൂടെയും ഓടി. അതെ സമയം അന്ന് അരങ്ങേറിയ അക്രമികൾക്കെതിരെ അധികാരത്തിന്റെ ഒരു ചെറു വിരൽ പോലും അനങ്ങിയില്ല. ഞങ്ങൾക്കൊപ്പം ഉണ്ടായിരുന്ന സ്ത്രീകളോടും, വികലാംഗരോടും, ന്യൂനപക്ഷത്തോടും, ക്രൂരമായാണ് അന്ന് പോലീസും കൂട്ടാളികളും പെരുമാറിയത്. നിഷേധങ്ങൾക്കെതിരെ, അന്യവൽക്കരണത്തിന് എതിരെ ഉള്ള ശബ്ദങ്ങളെയും രോഷത്തെയും ഭീതി ജനിപ്പിച്ചു ചങ്ങലയ്ക്കു ഇടുക എന്നതായിരുന്നു അന്നത്തെ ബസ്സ് തടങ്കലിന്റെ ഉദ്ദേശം. മറുഭാഗത്തു ഇതൊരു കെണിയാണ്, ഇനി ആരും വഴുതി വീഴരുതെന്ന താക്കീതും. നീതിയുക്തം അല്ലാത്ത മറ്റു അനവധി തടവുകളിൽ ഒന്ന് മാത്രം ഒരുപക്ഷെ ഒരു ചെറിയ രൂപം മാത്രം.

ഏകദേശം ഒന്നര മണിക്കൂറോളം ബസ്സിൽ ഡൽഹി നഗരത്തിലൂടെ കറങ്ങിയതിനു ശേഷം ഡൽഹി യൂണിവേഴ്സിറ്റി നോർത്ത് ക്യാമ്പസിൽ നിന്ന് ഏതാണ്ട് ഇരുപതു കിലോമീറ്റർ അകലെ ഹോസ് ഖാസ് മെട്രോ സ്റ്റേഷനിൽ അവർ നിർത്തി ഇവിടെ നിന്ന് എങ്ങിനെ എങ്കിലും പൊയ്ക്കോളൂ എന്ന് പറഞ്ഞു. വിദ്യാർത്ഥികളിൽ പലരുടെയും കയ്യിൽ മെട്രോ കാർഡോ തിരിച്ചു പോകാനുള്ള വണ്ടിക്കൂലിയോ ഉണ്ടായിരുന്നില്ല. അങ്ങനെ പല ബസ്സുകളിൽ കയറ്റി അവരെ നഗരത്തിന്റെ പല ഭാഗത്തു ഇറക്കി വിട്ടു. ഒരു ലഹള ഉണ്ടാക്കി ഗൗരവം ഉള്ള വിഷയത്തെ വഴി തിരിച്ചു വിടുക എന്നത് മാത്രമായിരുന്നു കോലാഹലങ്ങളുടെ, പീഡിപ്പിക്കലിന്റെ ഉദ്ദേശം. ഈ അവസരം മുതലെടുത്തു കൊണ്ട് വലതുപക്ഷ വിദ്യാർത്ഥി സംഘടന പെൺകുട്ടികളെ അസഭ്യം പറയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തപ്പോഴൊന്നും ഒരു ഭീതിയും അവർക്കുണ്ടായില്ല. മറിച്ചു ആ ബസ്സ് യാത്ര തങ്ങളുടെ ഓർമകളിൽ ദിനരാത്രങ്ങളുടെ വരാനിരിക്കുന്ന അരക്ഷിതത്വത്തിന്റെ ഒരു പ്രതീകമായി, എനിക്ക് തീർച്ചയായും.

■



**കലാചന്ദ്രൻ**
ഗവേഷക
സംസ്കൃത സർവകലാശാല

# മണ്ണും ഉടലും

## അനിത തമ്പിയുടെ കവിതകൾ

മണ്ണിന്റെയും മനുഷ്യരുടെയും ശരീരമെന്നത് ഒരേ പ്രാഥമിക മൂലകങ്ങളിൽനിന്നും ഉരുവംകൊണ്ടതും ഒരേ രസസങ്കലനങ്ങളിലൂടെ കടന്നുവന്നവയുമാണ്. ഭൂമിയെക്കുറിച്ചുള്ള ബോധ്യങ്ങൾ എല്ലാം ശരീരത്തെക്കുറിച്ചുള്ളതു കൂടിയാവുന്നുണ്ട്.ഒരുപക്ഷെ തിരിച്ചുമായിരിക്കാം. അങ്ങനെ വരുമ്പോൾ മണ്ണ്, ശരീരം തന്നെയാണ്. സ്വന്തമുടലും ഭൂമിയുടെ ഉടലും വേറിട്ട ഉണ്മകളല്ലെന്ന തിരിച്ചറിവ് അനിത തമ്പിയുടെ കവിതകളെ ജീവനുള്ളതാക്കിത്തീർക്കുന്നു. അനിവാര്യമായൊരിടത്തേയ്ക്കെന്നപോലെ എപ്പോഴും മണ്ണിലും നനവിലും ചെന്നുമുട്ടുന്ന, ആ ശരീരത്തിന്റെമുറിവിലും മിഴിവിലുംനിന്നുപിറക്കുന്ന ദ്രവരൂപങ്ങളായി മാറുന്നു.അനിത തമ്പിയുടെ കവിതകൾ. ഒരുഊഞ്ഞാലിന്റെ ചലനം പോലെ അത് ഭൂമിയിലും മെയ്യിലും വന്നുമുട്ടുന്നു.

‘പോയ രാത്രിയിൽ മുറ്റം നനച്ചു
പോയിരിക്കാം മഴ മണ്ണിളക്കി
മണ്ണിരകളുറങ്ങാതെയാവാം
കൊച്ചു മൺ വീടുകൾ വച്ചു രാവിൽ’

മണ്ണിരകൾ ഉഴുതുനിറയ്ക്കുന്ന വീട്ടുമുറ്റത്തെ മണ്ണ്വിസ്തൃതമായി തൊടിയും വഴിയും കടന്ന് ഊരിലെപ്പൂഴിമണ്ണാവുന്നതും കാണാം. അതിൽ ചോരയും വിയർപ്പും ഉപ്പും മരണവുമെല്ലാം കലർന്നിരിക്കുന്നു. അതു മണ്ണിന്റെ ചരിത്രമോർമ്മിക്കുന്നു. നാടിന്റെ കാലങ്ങളേയും നേരങ്ങളേയും ഓർമ്മിക്കുന്നു. ‘ആലപ്പുഴവെള്ള’ത്തിൽ വെള്ളത്തിൽ നിന്നും കോരിയെടുത്തുയർത്തിയ ഒരു നാടിനെ നിർമിക്കുന്നുണ്ട്. ചവർക്കുന്ന, മെഴുക്കുപുരണ്ട, കറുത്ത വെള്ളത്തിൽ നിന്ന് ദേശത്തിന്റെ ഭൂതകാലത്തെയും ദേശാന്തരങ്ങളുടെ വഴിമടക്കുകളെയും അനിതയുടെ കവിത ചേർത്തുകെട്ടുന്നു. ആ മണ്ണിനെ സ്വന്തമുടലിന്റെ രൂപാന്തരം തന്നെയാക്കുന്നു.

‘ആലപ്പുഴപ്പൂഴിമണ്ണ്
തിരളുന്നതാണുവെള്ളം
അത് കറ പിടിക്കുന്നു’

ഈ വെള്ളം ഒരേനേരം ഭൂമിയുടെയും മനുഷ്യരുടെയും ഉള്ളിലൊഴുകുന്ന വെള്ളമാണ്. ഞരമ്പുകളായിപ്പടരുന്ന നീരൊഴുക്ക്. അതിനു വേദനിക്കുന്നു. വെള്ളത്തിന്റെ വേദനയാണത്. നോവുന്ന ഇതേ ജലം മറ്റൊരുകവിതയിൽ ചോരയായിപ്പാർക്കുന്നതുകാണാം. സ്ത്രൈണമായ ഒരുഭൂമി. അതിന്റെ ഗർഭമുഖങ്ങളിൽ നിന്നും പ്രവഹിക്കുന്ന ചുവന്ന ഒഴുക്ക്. പെണ്ണിന്റെയും മണ്ണിന്റെയും ഋതു ചക്രങ്ങളെ പരസ്പരം അന്വയിക്കുന്നു, മുഴുവൻ മനുഷ്യവംശത്തിന്റെയും സഹനങ്ങളും പോരാട്ടങ്ങളും ആർത്തവരക്തം കൊണ്ട് ഒപ്പിയെടുക്കുന്നു.

‘പ്രാണി പച്ചില പൂങ്കിളി പൂക്കൾ
ചുണ്ട് ചേർത്ത് കുടിച്ചുതുടങ്ങി
മെല്ലെ എല്ലാമുറങ്ങിത്തുടങ്ങി’
(ഒടുവിൽ )

രേഖീയമല്ലാത്ത ഒരുകാലവും സ്ഥലവും അനിതയുടെ കവിതകളിൽ ആവർത്തിക്കുന്നു. പായുന്ന ഒരു തീവണ്ടിമുറി, തുണികളുണങ്ങുന്ന മുറ്റം, കാറ്റുപിടിക്കുന്ന ഉച്ചകൾ, എന്നിങ്ങനെ നാം ഓരോ കവിതയിലൂടെയും നടന്ന് ഒരേയിടത്തെത്തുന്നു, ഒരേനേരത്തെത്തുന്നു.

‘ഒന്നുറങ്ങിയുണർന്നുനോക്കുമ്പോൾ
കാറ്റനക്കുന്ന പൂക്കൾ, മുറ്റത്ത്
പച്ചിലകൾ, പുഴുക്കൾ, കിളികൾ,
ആറുവാൻ വിരിച്ചിട്ട തുണികൾ
ഒക്കെ രാവിലത്തെപ്പോലെ തന്നെ’

(ഒടുവിൽ)

ഇതു സ്ഥലമെന്ന അനുഭവരാശിയെക്കുറിച്ചുള്ള ഒരുആദിബോധത്തിന്റെ തുടർച്ചയാവാം. ജന്മസിദ്ധമായ ഒരുസംവേദന ശേഷി പോലെ, ഒരവയവം പോലെ, മെയ്യിൽ പറ്റിപ്പിടിച്ച ഒരിടവും നേരവും കവിയെ പിന്തുടരുന്നു. ഓരോ മനുഷ്യർക്കുമുള്ളിൽ ഭൂമിയിലെ ആദ്യത്തെ ഋതുക്കളിൽ രേഖപ്പെടുത്തിയ അനുഭവപ്രതലങ്ങൾ ആഴ്ന്നു കിടക്കുന്നതുപോലെ. ഭൂമിയും മനുഷ്യരും തമ്മിലുള്ള നൈസർഗ്ഗികമായ ഒരു ബന്ധുത്വത്തിന്റെ തുടർച്ചയായി ഇതിനെ മനസ്സിലാക്കാം. പ്രാചീനമായ ഈ ചേർപ്പ്, (inter-connectedness) പരിചിതത്വം, സൌഹൃദം ആണ്അനിതയുടെ കവിതയിലെ ഹരിതലാവണ്യത്തിന്റെ (eco-aesthetic) വേരുകൾ. ഭൂമിയെ പെണ്ണായും ആ ഉടലിന്റെ വിവിധങ്ങളായ ഉറവുകളും നിറവുകളുമായും കാണുന്നു കവിത. മണ്ണ് പാൽ ചുരത്തുന്നു. അതു കണ്ട് ശാന്തതയോടെ പ്രാണികൾ, സസ്യങ്ങൾകണ്ണുപൂട്ടിയുറങ്ങുന്നു. ഒരേ നേരം ആർത്തവരക്തവും മുലപ്പാലുമായി രൂപം കൊള്ളുന്ന നീരൊഴുക്ക് എല്ലാറ്റിനുമടിയിൽ അദൃശ്യമായൊഴുകുന്നു. ചുരന്ന മുലകൾ ഭൂമിയേക്കാൾ വിസ്തൃതമാവുന്നു. ആകാശത്തേയ്ക്കും പടരുന്നു. ഗ്രഹങ്ങൾക്കും നക്ഷത്രങ്ങൾക്കുമിടയിൽ പാർക്കുന്നു.

'ആദിയിലെന്നപോലെയമ്മിഞ്ഞ
നെഞ്ചുവിട്ട് പറന്ന് മാനത്ത്
സൂര്യനുണ്ടായിരുന്നിടത്തേക്ക്
ചെന്ന് ചേർന്ന് ചുരത്തിത്തുടങ്ങി'
(ഒടുവിൽ)

വെയിലിനുപകരമിപ്പോൾ മുലപ്പാൽ ലോകത്തെ മൂടുന്നു. അമ്മിഞ്ഞമണം ഗ്രഹങ്ങളെ പൊതിയുന്നു. ഇങ്ങനെ താൻ പാർക്കുമിടത്തെ വീടിനെ ദേശത്തെയൊക്കെയും ആഴവും ഉൾക്കനവും നനവുമാർന്ന ഒരു തുറയിലേയ്ക്ക്, തുറസ്സിലേയ്ക്ക്, അതേ തുറസ്സിനെ തന്റെ ശരീരത്തിലേയ്ക്ക്, പ്രാണനിലേക്ക് ഊയലാട്ടുന്ന മൊഴിയാവുന്നു. അത് പ്രണയത്തെയും മരണത്തെയും കൂടി മണ്ണിൽ ഒട്ടിച്ചു നിർത്തുന്നു.

'ഉടലെമ്പാടും
മണ്ണിൽ വിത്തുപോലുറങ്ങുന്ന
മരണം, ആദ്യം പെയ്യും
മഴയിൽ മുളയ്ക്കുമ്പോൾ
അതിന്റെ തളിർപ്പച്ച
പ്പടർപ്പിൽ പൂക്കൾക്കൊപ്പം
ഉമ്മ വയ്ക്കണം നിന്നെ'
(പിറവി)

മൂടിക്കെട്ടിയ ഒരുശീല മടക്കിനുള്ളിൽ പുറത്തേയ്ക്കൊഴുകാൻ ആവാതെ നിന്നുകുതിർന്നുപോവുന്ന ചോരയുടെയും നിലയില്ലാതെ ചുരത്തുന്ന മുലപ്പാലിന്റെയും, പ്രത്യക്ഷത്തിൽ വേറിട്ടതെന്നുതോന്നിക്കുന്ന, എന്നാൽ ആന്തരികമായി ഒരേഒഴുക്കിനെ പിൻപറ്റുന്ന, ശരീര സാന്നിധ്യമാണ്അനിതയുടെ കവിതകൾ. ഉച്ചത്തിലുള്ള കരച്ചിലോ, തെറിയോ ഉത്സവമാവുന്ന രതിയോ കത്തുന്ന വിശപ്പോഅല്ല, ഒതുക്കിനിർത്താൻ ശീലിച്ച ഒതുങ്ങിനില്ക്കാൻ പഠിച്ച താഴ്ന്ന ശബ്ദത്തിൽ ഉച്ചരിക്കുന്ന അമൊഴിയുടെ ശരീരമാണത്. തണുത്ത ഒരു അർയ്ക്കുള്ളിൽ മുഴങ്ങുന്ന നിലവിളിയോ മൂർച്ചയേറിയ ആയുധം കൊണ്ടുള്ള മുറിവോപിളർപ്പോ മരണമോപേറോ ആ അറയുടെ ചുവരുകൾക്കുള്ളിൽതന്നെ കുമിഞ്ഞു കിടഞ്ഞുകിടക്കും പോലെലോകത്തിന്റെ സ്വരങ്ങളെല്ലാം അനിതയുടെ കവിതയുടെ അടിത്തട്ടിലേക്ക്വീഴുന്നു.

കലങ്ങിയ ചോരയും കലങ്ങിയ വെള്ളവും ഉപ്പും അതിനകത്തു മിടിക്കുന്നു. സ്ത്രൈണതയുടെ മറ്റൊരു പ്രതലത്തെയാണുരേഖപ്പെടുത്തുന്നത്. ധ്യാനമല്ല കലാപവുമല്ല നിർമമതയോ ആസക്തിയോ അല്ല. ദൈനം ദിനതയുടെ ആവർത്തനങ്ങളെ പ്രകൃതിയുടെ വിസ്തൃതമായ പുറങ്ങളിലേക്ക് പരാവർത്തനം ചെയ്യുന്നുഅനിതയുടെ കവിതകൾ. ഉപരി മധ്യവർഗ്ഗ മലയാളി സ്ത്രീ ജീവിച്ചുപോന്ന ദീർഘകാലത്തിന്റെ ജനിതക മുദ്ര പോലെഉള്ളിൽ മെരുങ്ങാതെ നില്ക്കുന്നു. ആണും അധികാരവും ഒരേവിധം ഒതുക്കിനിർത്തിയ പെണ്മയുടെ ഊരും ഉടലും തുറന്നു സഞ്ചരിക്കാനുള്ള പരിശ്രമങ്ങൾ ചെറു സുഷിരങ്ങളിലൂടെ പുറപ്പെട്ടുവരുന്നു.

(ചിത്രകല, കവിത, പ്രാദേശിക സംസ്കാരപഠനം എന്നിവയുമായി ബന്ധപ്പെട്ട് ലേഖനങ്ങൾ എഴുതുന്നു. 'കാവും കളിയാട്ടവും' എന്ന കൃതി കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ചു)

■


പുഷ്പ ബാസ്നെറ്റ്

ജയിലിലിടക്കപ്പെട്ട സ്ത്രീകളുടെ കുട്ടികളെ പുനരധിവസിപ്പിക്കുകയാണ് നേപ്പാളിലെ 'ഏളി ചൈൽഡ് ഹുഡ് ഡെവലപ്മെൻറ് സെന്റർ' എന്ന സംഘടനയിലെ പുഷ്പ ബാസ്നെറ്റ്. അമ്മമാരോടൊത്ത് ജയിൽവാസം അനുഭവിക്കേണ്ടി വന്ന 137 കുട്ടികൾക്ക് വീടൊരുക്കുകയായിരുന്നു പുഷ്പയുടെ സംഘടന. കുട്ടികളുടെ വിദ്യാഭ്യാസം, ഭക്ഷണം, ആരോഗ്യം എല്ലാം ഏറ്റെടുക്കുന്നതാണ് ഈ പ്രവർത്തനം. 2016 ൽ സി.എൻ. എൻ. സൂപ്പർ ഹീറോ അവാർഡിന് അർഹയായിരുന്നു പുഷ്പ.



**ഇന്ദിരാബാലൻ**
ബാംഗ്ലൂർ

# കുമാരനാശാന്റെ സീതാകാവ്യത്തിന് വർത്തമാനകാല മുഖം......


**മൗ**ലികമായ രചനകൾ ഭാവനാസമ്പന്നവും ജീവിതത്തിനപ്പുറം മഹത്തരവുമായിരിക്കും. ഉഴവുചാലിന്റെ വേപഥുക്കളുമായി ഉയിർത്തെഴുന്നേൽക്കുന്ന സീത ഇന്നും വർത്തമാനകാലത്തിന്റെ കന്യകയും, രാജ്ഞിയും, ധർമ്മപത്നിയും, തിരസ്കൃതയുമാണ്. വിപ്ലവത്തിന്റെ, മാറ്റത്തിന്റെ ശംഖൊലി മുഴക്കിയ കവിയാണ് കുമാരനാശാൻ. ഇന്നിന്റെ മുറ്റത്ത് നിന്നും സ്ത്രീ സ്വാതന്ത്ര്യത്തിന്റെ വിഭിന്ന മുഖങ്ങളെ വിചിന്തനം ചെയ്യുമ്പോഴും ആശാന്റെ സീതയെ മറി കടന്ന് ചിന്തിക്കാനാവില്ല. ചിന്തയിൽ ആവിഷ്ടയായ സീതയെ!

1919 ൽ എഴുതിയ സീതാകാവ്യം കാലങ്ങൾക്കിപ്പുറത്തും പ്രസക്തി കൈവരിക്കുന്നു... വാൽമീകിയും ഭാസനും കാളിദാസനും പരിചയപ്പെടുത്തിയ ഭർതൃ ഭക്തയായ എല്ലാ തെറ്റുകളും ഭർത്താവിനു വേണ്ടി ശിരസ്സിലേറ്റി നിൽക്കുന്ന വിനീതവിധേയയല്ല ആശാന്റെ സീത. നിലവിലുള്ള ആണധികാരത്തിന്റേയും ഭരണകൂടത്തിന്റേയും അധീശത്വത്തോടും വിധ്വംസാത്മകതയോടും കലഹിച്ചും ചെറുത്തും നിന്ന് സഹനം സമരമാക്കിനിൽക്കുന്നവളാണ്. നിലവിലുള്ള അവ്യവസ്ഥകളോട് യുദ്ധം ചെയ്ത് തന്നെയാണ് ഏതൊരു സ്ത്രീ ശാക്തീകരണത്തിന്റേയും ഉൽഭവം. കാലത്തിന്റെ വേദനകളെ അന്ത:സംഘർഷങ്ങളെ നെഞ്ചിലേറ്റുന്നവരാണ് എഴുത്തുകാർ.

ആഗോള സംസ്കാരത്തിന്റെ അധികദശയിൽ നാട്ടു നൻമകൾ നഷ്ടമാകുന്ന ഇക്കാലത്ത് സീതമാരുടെ നിലവിളികൾ നിലയ്ക്കാതൊഴുകുകയാണ്. സ്വയം പര്യാപ്തതയും സ്വത്വവും നേടിയിട്ടുള്ളവർ അതിജീവിക്കുന്നു. അല്ലാത്തവർ പടിയിറക്കങ്ങളിലൂടെ തെരുവിലോ, മരണത്തിലോ എത്തിപ്പെടുന്നു. ഒരു വിഭാഗം മക്കളെ ഓർത്ത് അവർക്ക് വേണ്ടി എല്ലാ കൊള്ളരുതായ്മകൾക്കും അടിപ്പെട്ട് അല്പാൽപ്പം ജീവിതാഗ്നിയിൽ ദഹിച്ചു കൊണ്ടിരിക്കുന്നു.

പരിത്യക്തയായ ഭാര്യയുടെ സ്വകാര്യ ചിന്തകൾ സ്വതന്ത്രമായും സ്വച്ഛന്ദമായും പാത്ര മനസ്സിനുള്ളിൽ നിന്നും കവി നോക്കിക്കാണുന്നു. ആത്മോപാഖ്യാനശൈലിയിൽ ഒരു വ്യക്തിക്കുള്ളിൽ തന്നെ നിരവധി വ്യക്തിത്വങ്ങൾ മറഞ്ഞു കിടക്കയും സന്ദർഭാനുസരേണ അവർ മറനീക്കി രാമരാജ്യത്തിന്റെ വ്യവസ്ഥാപിത നീതി നിയമങ്ങളെ നിശിതമായി വിമർശിക്കുകയും ചെയ്യുന്നു. അപ്പോഴപ്പോൾ ചില സംശയങ്ങൾ സീത സ്വയം ഉന്നയിക്കുന്നുവെങ്കിലും പ്രത്യക്ഷമായും പരോക്ഷമായും ഉയർത്തുന്ന ചോദ്യങ്ങൾ സമൂഹത്തെ ചിന്തിപ്പിക്കുന്നതാണ്. ഒരു വ്യവസ്ഥിതിക്കകത്ത് നിന്ന് പോയാൽ പിന്നെ അതിനോടിണങ്ങിയേ പറ്റൂ എന്നൊരു ചൊല്ലുണ്ട്. പക്ഷേ ആ വ്യവസ്ഥിതിക്കകത്ത് അനീതിയാണെങ്കിൽ അത് വിട്ട് പോന്നേ മതിയാകു. നേട്ടങ്ങൾക്ക് വേണ്ടി കണ്ണടക്കുന്നത് നീതിയല്ല എന്ന് സീതയിലൂടെ ആശാൻ പരോക്ഷമായി പറയുന്നുണ്ട്.

ഒരു കാലത്ത് നൽകിയ സ്നേഹത്തിന് ഏത് തെറ്റിനേയും സാധൂകരിച്ച് ഭർതൃ പക്ഷത്ത് നിൽക്കേണ്ടവളല്ല ഭാര്യ. ഭർത്താവിന്റെ ചെയ്തി




കളിലെ തെറ്റുകളെ തിരുത്തുകയും ഭാര്യയുടെ കടമയാണ്. ആശാന്റെ സീതയിൽ അവളുടെ സമൃദ്ധിയുടെ പൂർവ്വകാലങ്ങൾ ഉദയാസ്തമയങ്ങളായി മനസ്സിൽ വന്ന് വീഴുന്നുണ്ട്. ഇടക്കൊക്കെ ചില വെള്ളിനിലാവുകളും. രാജ്ഞിയായിരുന്ന കാലത്തെ സമ്പന്നതകൾ. നാട്ടിലും കാട്ടിലും ഒരുപോലെ പരിചരിച്ച അവളെയാണ് രാജ്യത്തിന്റെ പേരും പറഞ്ഞ് രാമൻ കൊടുങ്കാട്ടിലേക്ക് തള്ളിക്കളഞ്ഞത്. ജനാധിപത്യത്തെ മറയാക്കി സ്വന്തം മനസ്സിൽ ഉരുണ്ടുകൂടിയ സംശയത്തെ ദൂരീകരിക്കുക തന്നെയായിരുന്നു രാമന്റെ ലക്ഷ്യം. സത്യമറിഞ്ഞിട്ടും വീണ്ടും അവൾക്കൊരു അഗ്നിപരീക്ഷയും. പരീക്ഷ ജയിച്ചാൽ സീത ചാരിത്ര്യവതി. അല്ലെങ്കിൽ അവൾ കളങ്കപ്പെട്ടവൾ. ചാരിത്ര്യം എന്നത് പെണ്ണിന് മാത്രം അവകാശപ്പെട്ടതോ? പുരുഷനത് ബാധകമല്ലേ? ഇന്നത്തെ വായനയിൽ ഇത്തരം നിരവധി ചോദ്യങ്ങൾ ഉരുത്തിരിഞ്ഞു വരാം. രാവും പകലും കൂടെ നിന്ന് പരിചരിച്ച സ്വന്തം പെണ്ണിനെ ഗർഭിണിയാക്കി ഉത്തരവാദിത്വത്തിന്റെ പേരും പറഞ്ഞ് തിരസ്കരിക്കുന്ന ചിത്രം ഇന്നിന്റെ കൂടിയാണെന്ന് പറയേണ്ടി വരുന്നു. നിലവിലുള്ള അധികാരങ്ങൾ നിലനിർത്താൻ സമൂഹം കണ്ടെത്തുന്ന കപട തന്ത്രങ്ങളെ തന്നെയാണ് ദീർഘദർശിയായ ആശാൻ അന്നേ പറഞ്ഞത്.

പാതിവ്രത്യധർമ്മത്തിന്റെ പരമകാഷ്ഠയിലുള്ള നിഷ്ഠ കൊണ്ട് ഭർത്താവിന്റെ അപരാധത്തെപ്പറ്റി അധികമൊന്നും ആലോചിച്ചിരിക്കാത്ത വിധം അലൗകികമായ സഹനശക്തി ആശാന്റെ സീതക്കില്ല. അവൾ സാധാരണ സ്ത്രീകൾക്കൊപ്പം മണ്ണിൽ നിൽക്കുന്നുവെങ്കിലും അവളുടെ ചിന്തകൾക്ക് ആകാശത്തിന്റെ ഉയരവും ആഴവും ഉണ്ട്. ദുഃഖത്തിന്റെ ആധിക്യത്തിൽ സ്വയം സമാധാനോക്തികൾ സീത കണ്ടെത്തുന്നു. നിസ്സാരമായ ജീവിതത്തിന്റെ നിരർത്ഥകത ദർശനങ്ങളിലൂടെ സാധൂകരിക്കുന്നു. ഉദാഹരണമായി:

'ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ വന്ന പോലെ പോം
വിരയുന്നു മനുഷ്യനേതിനോ
തിരിയാ ലോക രഹസ്യ മാർക്കുമേ'

'ഒരു വേള പഴക്കമേറിയാ
ലിരുളും മെല്ലെ വെളിച്ചമായ് വരാം
ശരിയായ് മധുരിച്ചിടാം
സ്വയം പരിശീലിപ്പൊരു
കയ്പ്പു താനുമേ'

ഭാരതീയ ദർശനങ്ങളിലുള്ള തന്റെ ജ്ഞാനം കവി സീതയിലൂടെ അനാവരണം ചെയ്യുന്നു. ഇത് മനുഷ്യസഹജമാണ്. എതിർ വാഴ്വുകളിൽ ദിശയറിയാതെ ഉഴലുമ്പോൾ സ്വന്തം മനസ്സിന് ശക്തി നൽകാൻ സമാധാനോക്തികൾ കണ്ടെത്തുകയെന്നത്. എത്ര തന്നെ ആശ്വാസം കണ്ടെത്തിയാലും ചിലപ്പോഴൊക്കെ സമാശ്വാസത്തിന്റെ വെള്ളിനൂലുകൾ അപ്രത്യക്ഷമാകുകയും സ്ഫോടനത്തിന്റെ മിന്നലുകൾ ഉളവാകുകയും ചെയ്യും. പരിത്യജിക്കപ്പെടുന്ന പെണ്ണിന്റെ ആത്മാഭിമാനത്തിനാണ് വ്രണമേൽക്കുന്നത്. അങ്ങിനെ സംഭവിച്ചാൽ ഏതൊരു വ്യക്തിയും മാറിപ്പോകാം. ഏറ്റവും സാത്വികമായ ഒരവസ്ഥയിൽ നിന്നും ആസുരതയിലേക്കോ താമസത്തിലേക്കോ അതെത്തിക്കാം. മനുഷ്യ മനസ്സും അങ്ങിനെയാണ് ചിലപ്പോൾ...

ചെയ്യാൻ വരുതി ലഭിച്ചതിൽ നിന്നിടാ വിചാരം....

സ്നേഹപാശത്താൽ എത്രയും സാധ്വിയായ ഒരുവളെ അവൾക്കേറ്റ നിരാസം അത്ര തന്നെ വിരുദ്ധ സ്വഭാവത്തിലേക്കെത്തിക്കും എന്നതും സത്യം. കൊട്ടാരത്തിലെ പൂപ്പന്തലും പച്ചപ്പരവതാനിയും തമസാനദിയിലെ ഇളങ്കാറ്റുമൊക്കെ ഒരു സമയത്ത് സീതയുടെ മനസ്സിൽ പെയ്തിറങ്ങിയ ശലഭമഴകളായിരുന്നു. എന്നാൽ ഇന്നാകട്ടെ ഉള്ളുരുക്കങ്ങളുടെ തീമഴകളായി മുടിയേറ്റാടുകയാണ്. എത്ര പെട്ടെന്നാണ് അനു

*(ശേഷം 59-ാം പേജ്)*

**ജൂലിയാ ഡേവിഡ്**
അദ്ധ്യാപിക,
മലയാള വിഭാഗം
മഹാരാജാസ് കോളേജ്
എറണാകുളം

# സ്ഫടിക ഭരണിയ്ക്കകത്തെ ആറു ഗപ്പികൾ

**നീ**ലയും ഓറഞ്ചും
വാലിനറ്റം ചേർന്ന്
വട്ടത്തിൽ പാഞ്ഞിരുന്നു.
പിന്നെ,
പരേതാത്മാക്കളുടെ
വലിപ്പത്തിൽ
കണ്ടപ്പോൾ
ചിലതെല്ലാം
പറഞ്ഞു തുടങ്ങി....

'വെള്ളത്തിൽ തുടങ്ങി
വെള്ളത്തിൽ തീരുന്ന
തുരങ്കമാണിത്.
ഉള്ളു നിറച്ചും
പഴയ ഉടലുകളുടെ
ചെരിഞ്ഞ ഉരുക്കു പ്രതിമകൾ.
വെള്ളത്തിലേക്കും
വെളിച്ചത്തിലേക്കും
ആയപ്പെടുന്നവർ.
ഒരാളുടെ മാറിൽ നിന്ന്
വേറൊരാളിലേക്ക്
നീളുന്ന മുലപ്പാൽ
വേരുകൾ.
മണ്ണിന്റെ നിറമുള്ള
വേരുകളിലുറന്നത്
ഭൂമി നിറച്ചെടുത്ത
പാലരുവികൾ'

മുലയരിഞ്ഞെത്തിയ
നങ്ങേലിയമ്മയും
മുല മറച്ചെത്തിയ
കല്ലുമാലകളും
തുരങ്കത്തിലെ
ഉരുക്കു പ്രതിമകളായി
നിറം ചാറി
നിന്നു.

ചെറു ജന്മങ്ങൾ
വേഗവഴികൾക്കൊടുവിൽ
ചത്തു മലച്ചെങ്കിലും,
ആരും
ഇതുവരെയും
മുലപ്പാൽ
വേരുകളാൽ
വെളിപ്പെടാഞ്ഞതെന്തു
കൊണ്ടാവാം?

വഴിത്താരകൾ



**ജാനകി**
*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*

# ആവിലയിലെ യോഗിനി



പ്രപഞ്ച ചൈതന്യമെന്നു വിശ്വാസികൾ കരുതുന്ന ഈശ്വരശക്തിയോടാണോ, അതോ അതിന്റെ പേരിൽ പൂത്തുതളിർക്കുന്ന ദേവാലയങ്ങളോടാണോ സന്ന്യാസിനിമാർക്കു കൂറ് കൂടുതൽ വേണ്ടതെന്നത് എന്നും തർക്ക വിഷയമായിരുന്നു. ഇന്നു സിസ്റ്റർ ലൂസി കളപ്പുരക്കലിന്റെ വാക്കുകളും നിലപാടുകളും അധികാരത്തിന്റെയും ധാർഷ്ട്യത്തിന്റെയും ഇരിപ്പിടങ്ങളെ പിടിച്ച് ഉലയ്ക്കുമ്പോൾ, നൂറ്റാണ്ടുകൾക്കപ്പുറത്തു നിന്നു നമ്മോടു സംസാരിക്കുന്ന മുൻപേ നടന്ന ഒരുവളുണ്ട്. ആവിലയിലെ സെൻറ് തെരേസ. എറണാകുളത്തെ സെൻറ് തെരേസാസ് സ്കൂളിലും കോളേജിലും പഠിക്കുമ്പോൾ, ഉച്ച വിശ്രമ വേളകളിൽ ചാപ്പലിൽ പോയി, തെരേസയുടെ പൂർണകായ പ്രതിമയെ ഞാൻ നിർന്നിമേഷയായി നോക്കി ഇരുന്നിട്ടുണ്ട്. ഞാൻ പഠിക്കുന്ന സ്ഥാപനത്തിന്റെ സ്ഥാപകയാണെന്നത് അറിയാതെ!! ക്രൈസ്തവ ആത്മീയതയുടെ ചരിത്രത്തിൽ ചില നിർണ്ണായകങ്ങളായ സംഭാവന നടത്തിയ ഒരു സന്യാസിനിയാണിവർ എന്നതറിയാതെ! അനുസരണക്കൊപ്പം തീക്ഷ്ണമായിരുന്നു സഭക്കുള്ളിലെ കലാപവും എന്നറിയാൻ സെൻറ് തെരേസയെപ്പോലുള്ളവരടെ ജീവചരിത്രമൊന്നു വായിച്ചാൽ മാത്രം മതി.ഇന്ന് സഭയ്ക്കകത്ത് നീതി നിഷേധിക്കപ്പെട്ട സന്യാസിനിമാർ നീറിപ്പുകയുമ്പോൾ തെരേസയുടെ വാക്കുകളെ ഓർത്തെടുക്കേണ്ടതുണ്ട്.

ദൈവത്തെ തന്റെ ജീവിതപാതയിൽ സഹയാത്രികനാക്കിയ തെരേസയുടെ ആത്മീയ ഉന്മാദങ്ങളെ, തന്റേതായ ശരികളെ സംശയിക്കുന്ന, അതിൽ അസൂയാലുക്കളായ ഒരു കൂട്ടം മനുഷ്യർ അന്നും അവർക്കു ചുറ്റും ഉണ്ടായിരുന്നു. ദൈവവുമായുള്ള അവരുടെ സൗഹൃദ സംഭാഷണങ്ങൾ അവരെ അൽപ്പം കുപ്രസിദ്ധ ആക്കിയെങ്കിലും, നർമം കലർന്ന ആ സംഭാഷണങ്ങൾ ക്രൈസ്തവ ചരിത്രത്തിനു മാത്രമല്ല മനുഷ്യന്റെ തന്നെ ആധ്യാത്മികചരിത്രത്തിനു മാറ്റു കൂട്ടുന്ന ഒന്നാണ്. സ്പാനിഷ് മതദ്രോഹ വിചാരണകളുടെ കാലത്ത് ജീവിച്ചിരുന്ന തെരേസ ഒരു ദിവസം ദൈവത്തോടു താൻ അനുഭവിക്കുന്ന യാതനകളെ കുറിച്ച് പരാതിപ്പെടുമ്പോൾ, ദൈവം കളിയാക്കി പറയുന്നു: ഇങ്ങനെയാണു ഞാൻ എന്റെ സുഹൃത്തുക്കളോടു

സംസാരിക്കാറുള്ളത്. 'തെരേസയുടെ മറുപടി അതിലും രസകരമാണ്. 'വെറുതെയല്ല നിങ്ങൾക്കു വളരെ കുറച്ചു സുഹൃത്തുക്കൾ മാത്രം ഉള്ളത്.' ഇഷ്ട തോഴനോടെന്ന പോലെ കളിപറയുന്ന ഒരു സ്വാതന്ത്ര്യത്തെ വിഭാവനം ചെയ്യുന്ന സന്യാസിനി പാരമ്പര്യമാണിത്. ഇതാണു സിസ്റ്റർ ലൂസിയുടെ പാരമ്പര്യവും.

ഫ്രെഞ്ച് ഫെമിനിസ്റ്റ് സിമോൺ ഡി ബുവ്വയുടെ ക്ലാസ്സിക് കൃതിയായ ദ സെക്കന്റ് സെക്സിൽ പരാമർശിക്കപ്പെടുന്ന ക്രിസ്ത്യൻ യോഗിനിയാണ് സെൻറ് തെരേസ. എലിസബെത്ത് ഗിൽബെർടിന്റെ പ്രശസ്ത കൃതിയായ Eat Pray and Loveലും തെരെസയുടെ മിസ്റ്റിക് ജീവിതത്തിലെ അത്ഭുതങ്ങൾ കടന്നു വരുന്നുണ്ട്. സെൻറ് തെരേസയുടെ ഈ പ്രാർത്ഥനയിൽ വിധേയത്വമല്ല, മറിച്ചു അചഞ്ചലമായ വിശ്വാസവും സ്ഥൈര്യവുമാണ് സ്ഫുരിക്കുന്നത്.

നിങ്ങളെ
ഒന്നും അലട്ടാതിരിക്കട്ടെ.
ഒന്നും ഭയപ്പെടുത്താതിരിക്കട്ടെ
എല്ലാം നമ്മെ കടന്നുപോകുന്നു
നിത്യമായുള്ളത് ദൈവം മാത്രം.

ഈ പ്രാർത്ഥന എല്ലാ നെറികേടുകൾക്കെതിരായ ചെറുത്തുനിൽപ്പുകൾക്കും ഊർജ്ജം പകരട്ടെ.

■

---

(തുടർച്ച 56-ാം പേജ്)

ഭവങ്ങൾക്ക് പരിണാമം സംഭവിക്കുന്നത്. ഓരോ ചിന്തകളും സ്വയം സ്ഫുടം ചെയ്യുകയാണ്. ഒപ്പം തന്റെ വേദനകൾക്കൊപ്പം സ്വന്തം ജീവിതം മറന്ന് ജ്യേഷ്ഠന്റെ നിഴലായി നിന്ന ലക്ഷ്മണനോട് തെറ്റിദ്ധാരണ മൂലം പറഞ്ഞ വാക്കുകളിലും സീത പരിതപിക്കുന്നു.

'കനിവാർന്നനുജാ പൊറുക്കുക
നിനയാതോതിയ കൊള്ളിവാക്കുകൾ'

എന്ന വരികൾ വായിക്കുന്ന ഓരോ ഹൃദയത്തിലേക്കും സീതാ വ്യഥകളുടെ മുറിവുകൾ ആഴത്തിലേക്കിറങ്ങിച്ചെല്ലുന്നു. പരിത്യജിക്കപ്പെട്ടവൾ ജീവിച്ചതും അവളുടെ ജീവിത മുറിവുകൾക്ക് ഔഷധമായി വർത്തിച്ചതും ഇക്കാലമത്രയും മക്കളാണ്. മക്കളാണ് ഒരു പരിധി വരെ യാതനകൾ അനുഭവിക്കുന്ന അമ്മമാരെ ജീവിക്കുവാൻ പ്രേരിപ്പിക്കുന്നത്. ആ മക്കൾ ഇന്ന് പിതൃതുല്യനായ വാൽമീകി മുനിയോടൊപ്പം രാമസവിധത്തിലേക്ക് പോയിരിക്കയാണ്. ഇനി ഈ ജീവിതം അവസാനിപ്പിക്കാം എന്ന അതിച്ചിന്തയിലാണ് കാവ്യത്തിന്റെ തുടക്കം തന്നെ. ചിന്തയുടെ കനത്താൽ രാപ്പകലുകൾ പോയി മറഞ്ഞതും ഭുവനം നിലാവിൽക്കുളിച്ചതുമൊന്നും സീത അറിഞ്ഞതേയില്ല.

ഒരു പക്ഷേ കഥയറിഞ്ഞ് രാമൻ വീണ്ടും തന്നെ സ്വീകരിക്കാൻ തയ്യാറായേക്കാം. എന്നാലതിന് ഇട വരരുത് എന്ന ശക്തമായ തീരുമാനം സീതയെടുക്കുന്നു. ആത്മീയ ഭൗതിക ചിന്തകളുടെ ഏറ്റുമുട്ടലിൽ ആത്മീയതയെ മറ്റൊരുമാനത്തിൽ നോക്കിക്കാണാം. ആശാന്റെ നായികമാരെല്ലാം ഉദാത്തത കൈവരിച്ചവരാണ്. ജീവിതത്തിനും മരണത്തിനും ഇടയിൽ നിന്നാണ് സീത സംസാരിക്കുന്നത്. ഉടജാന്തവാടി എന്ന പദം അർത്ഥമാക്കുന്നത് തന്നെ കൊടുംവനത്തിന്റെ അതിര് എന്നാണ്. അപ്പുറം കൊടും ഇരുട്ട് അഥവാ മരണം. ഗർഭപാത്രത്തിൽ നിന്നും ഓരോ മനുഷ്യനും സ്വാർത്ഥതയുടെ കൊട്ടാരം കെട്ടി നടന്നടുക്കുന്നത് ശവക്കല്ലറയിലേക്കാണെന്ന യാഥാർത്ഥ്യം മനുഷ്യൻ ചിന്തിക്കുന്നത് പോലുമില്ല.

അനുഭവങ്ങളുടെ അഗ്നി സീതയെ പാകമാക്കിയെടുത്തു. അതിന്നു പോൽബലകമാണീ വരികൾ

'പഴകി വ്രതചര്യ, ശാന്തമായ്
കഴിവു കാലമിതാത്മവിദ്യയാൽ
അഴൽ പോയ്, അവമാന ശല്യമേ
യൊഴിയാതുള്ളൂ വിവേക ശക്തിയാൽ'

പടിയിറക്കപ്പെടുന്ന സ്ത്രീകൾക്ക് സാമൂഹികമോ രാഷ്ട്രീയമോ നൈതികമോ ആയ സുരക്ഷിതത്വം ലഭിക്കുന്നില്ലെങ്കിൽ അവൾ സമൂഹത്തോട് പ്രതികരിക്കുക തന്നെ വേണം. അതിനുള്ള ശക്തി അവൾക്കുള്ളിലുണ്ട്. സമയമാവുമ്പോൾ പല രൂപഭാവങ്ങളിൽ പുറത്ത് വരും. വിപ്ലവത്തിന് സീതയുടേയും ദ്രൗപദിയുടേയും കണ്ണകിയുടേയും മീരയുടേയും ഭാവങ്ങൾ ഉണ്ട്. സഹനവും യുദ്ധവും ഒരു പോലെ പ്രതികരണത്തിന്റെ രണ്ടു വശങ്ങളാണ്. അനീതികൾക്കെതിരെ ചെറുത്തുനിൽപ്പുകൾ അനിവാര്യം എന്ന് തന്നെയാണ് സീതാകാവ്യത്തിലൂടെ ആശാൻ നൽകുന്ന പാഠം. ശാന്തരസത്തിന്റെ മറുഭാവം തന്നെ രൗദ്രതയും. അവൾ അടിച്ചമർത്തപ്പെടേണ്ടവളോ, ഉപഭോഗവസ്തുവോ അല്ല, അവൾക്കും പുരുഷനെപ്പോലെ കാഴ്ചപ്പാടുകളും അഭിപ്രായങ്ങളും അവകാശങ്ങളും ഉണ്ടെന്ന കൃത്യമായ ബോധ്യപ്പെടുത്തലിലൂടെ സീത അവസാനമായി ഈ പ്രപഞ്ചപ്രതിഭാസങ്ങളോടെല്ലാം യാത്ര പറഞ്ഞ് ഭൂമിദേവിയുടെ മാറിലേക്ക് അന്തർദ്ധാനം ചെയ്യുന്നു. പുരുഷാധികാരത്തിന്റെ ഭരണകൂടത്തിന്റെ ഉറക്കം കെടുത്തുന്ന ചാട്ടുളികൾ തന്നെയാണ് ആശാന്റെ തൂലികയിലൂടെ അക്ഷരങ്ങളായി.... ചിന്താവിഷ്ടയായ സീതയായി പെയ്തിറങ്ങിയത്...!

■

ശാസ്ത്രം

സീമ ശ്രീലയം

പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ



# ഹാച്ചിമോജി എട്ട് അക്ഷരങ്ങളുള്ള കൃത്രിമ 'ഡി.എൻ.എ.'

**ഹാ**ച്ചിമോജി ഡിഎൻഎ ! ഫ്ലോറിഡയിലെ ഫൗണ്ടേഷൻ ഫോർ അപ്ലൈഡ് മോളിക്കുലാർ എവല്യൂഷൻ സ്ഥാപകനായ സ്റ്റീവൻ ബെന്നറുടെ നേതൃത്വത്തിലുള്ള ഗവേഷകരാണ് എട്ട് അക്ഷരങ്ങളുള്ള ഈ കൃത്രിമ 'ഡിഎൻഎ ' സൃഷ്ടിച്ച് ചരിത്രം കുറിച്ചിരിക്കുന്നത്.

ജീവനെക്കുറിച്ചുള്ള ധാരണകൾ തന്നെ തിരുത്തിക്കുറിക്കുകയും അന്യഗ്രഹ ജീവൻ തേടുന്ന ഗവേഷണങ്ങളിൽ നിർണ്ണായക വഴിത്തിരിവാകുകയും ചെയ്യുന്ന വിസ്മയ നേട്ടമാണിത്. ജാപ്പനീസ് ഭാഷയിൽ ഹാച്ചി എന്നാൽ എട്ട് എന്നും മോജി എന്നാൽ അക്ഷരങ്ങൾ എന്നുമാണ് അർഥം. എട്ട് അക്ഷരങ്ങൾ എന്നതുകൊണ്ട് സ്വാഭാവിക ഡിഎൻഎ യിലെ നാലു ബേസുകൾക്കു പുറമെ പുതിയ നാല് ബേസുകൾ കൂടി ഉൾക്കൊള്ളിച്ച ന്യൂക്ലിയോടൈഡുകളാൽ നിർമ്മിതമായ ഡിഎൻഎ സമാന ജനിതകഘടകം എന്നാണ് അർഥമാക്കുന്നത്. സയൻസ് മാഗസിനിലാണ് ഈ ഗവേഷണ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ജീവന്റെ ചുരുളുകൾ ജീവന്റെ ചുരുളുകൾ എന്നും ജീവന്റെ ബ്ലൂപ്രിന്റ് എന്നുമാണ് ഇരട്ടപ്പിരിയൻ ഗോവണി ഘടനയുള്ള ഡിഎൻഎ (ഡി ഓക്സി റൈബോ ന്യൂക്ലിക് ആസിഡ്) വിശേഷിപ്പിക്കപ്പെടുന്നത്. അഡിനിൻ (A), തൈമിൻ (T), സൈറ്റോസിൻ (C), ഗ്വാനിൻ (G) എന്നീ നാലു നൈട്രജൻ ബേസുകളാണ് ഇതിലുള്ളത്. നാലു തരം ന്യൂക്ലിയോടൈഡ് തന്മാത്രകളാൽ നിർമ്മിതമാണ് ഡിഎൻഎ. ഓരോ ന്യൂക്ലിയോടൈഡിലും ഡിഓക്സി റൈബോസ് എന്നറിയപ്പെടുന്ന പഞ്ചസാരത്തന്മാത്ര, ഫോസ്ഫേറ്റ് തന്മാത്രകൾ, നൈട്രജൻ ബേസ് എന്നിവയാണ് അടങ്ങിയിരിക്കുന്നത്. അഡിനിൻ, തൈമിൻ സൈറ്റോസിൻ, ഗ്വാനിൻ എന്നിവയാണ് ഡിഎൻഎയിലെ നൈട്രജൻ ബേസുകൾ. നാലു തരം ന്യൂക്ലിയോടൈഡുകൾ അണിനിരക്കുന്ന നീണ്ട തന്തുക്കൾ പരസ്പരം ചുറ്റിപ്പിണഞ്ഞാണ് ഡിഎൻഎ യ്ക്ക് പിരിയൻ ഗോവണി ഘടന ലഭിച്ചിരിക്കുന്നത്. ഇതിൽ അഡിനിൻ തിമിനുമായും സൈറ്റോസിൻ ഗ്വാനിനുമായാണ് ബന്ധിക്കപ്പെട്ടിരിക്കുന്നത്. ജീവജാലങ്ങളിലെ പാരമ്പര്യ വാഹകരായ ജീനുകൾ അടങ്ങിയിരിക്കുന്നത് ഡിഎൻഎയിലാണ്. നാലക്ഷരത്തിൽ ഒതുങ്ങുമോ ജീവന്റെ ബ്ലൂപ്രിന്റ്?

എന്തുകൊണ്ട് A, T, C, G എന്നീ നാലക്ഷരങ്ങൾക്ക് പകരം കൂടുതൽ അക്ഷരങ്ങൾ ആയിക്കൂടാ? ഈ നാലക്ഷരങ്ങളുടെ അതിരുകളിൽ ഒതുങ്ങുന്നതാണോ ജീവൻ എന്ന വിസ്മയം? ഈ സമസ്യകൾ പൂരിപ്പിക്കാൻ ശ്രമിക്കുന്നതിനൊപ്പം സിന്തറ്റിക് ബയോളജി രംഗത്തെ അനന്ത സാധ്യതകളിലേക്കു കൂടിയാണ് ബെന്നറുടെ ഗവേഷണം വിരൽചൂണ്ടുന്നത്. നമുക്ക് നിർമ്മിക്കാൻ കഴിയാത്തതിനെക്കുറിച്ച് നമുക്ക് മനസ്സിലാക്കാൻ കഴിയില്ല എന്ന റിച്ചാർഡ് ഫെയ്ൻമാന്റെ വാക്കുകൾ തന്നെ എക്കാലവും പ്രചോദിപ്പിച്ചിരുന്നുവെന്ന് ബെന്നർ പറയുന്നു. അതുകൊണ്ടു തന്നെ ഡിഎൻഎ യുടെ പ്രവർത്തനത്തിന്റെ അതിസൂക്ഷ്മതലങ്ങൾ വിശദമായി പഠിച്ചതിനു ശേഷമാണ് രാസവസ്തുക്കൾ ഉപയോഗിച്ച് പുതിയ നാലക്ഷരങ്ങൾ (ബേസുകൾ) കൂടി ഉൾപ്പെടുന്ന ഡിഎൻഎ സമാനമായ തന്മാത്ര സൃഷ്ടിച്ചെടുത്തത്. ഹാച്ചിമോജിയുടെ പിറവി യു.എസ്സിലെ വിവിധ ഗവേഷണസ്ഥാപനങ്ങളിലെ ഗവേഷകർ ബെന്ന

റുടെ ഗവേഷക സംഘത്തിൽ ഉൾപ്പെട്ടിരുന്നു. സ്വാഭാവിക ഡിഎൻഎ യിലെ നൈട്രജൻ ബേസുകളുടെ അതിസൂക്ഷ്മമായ തന്മാത്രാതല ഘടന മനസ്സിലാക്കി സിന്തറ്റിക് ബേസുകൾ നിർമ്മിച്ചെടുക്കുകയായിരുന്നു ഗവേഷകർ. ഡിഎൻഎ യിൽ ബേസ് ജോടികൾ ഹൈഡ്രജൻ ബന്ധനത്തിലൂടെയാണ് പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നത്. ഇതിനെ അനുകരിച്ച് ഗവേഷകർ സിന്തറ്റിക് ബേസുകളുടെ പുതിയ ബേസ് ജോടികൾ സാധ്യമാക്കി. S- B ജോടി, P-Z ജോടി എന്നിങ്ങനെ. ഇവയെ ഡിഎൻഎ യിലെ തന്തുക്കൾക്ക് സമാനമായ തന്തുക്കളിൽ വിന്യസിക്കുകയും ചെയ്തു. അങ്ങനെ ഡിഎൻഎ യിലെ നാലു ബേസുകളും പുതിയ നാലു കൃത്രിമ ബേസുകളുമുള്ള ഹാച്ചിമോജി യാഥാർഥ്യമായി. സ്വാഭാവിക ബേസുകളുടെ രൂപത്തിനു സമാനമാണ് പുതിയ കൃത്രിമ ബേസുകൾ എങ്കിലും അവ തമ്മിലുള്ള ബന്ധനക്രമം വ്യത്യസ്തമാണ് പകർത്തലും വിവർത്തനവും ഹാച്ചിമോജിയിലും എട്ട് അക്ഷരങ്ങളുള്ള ഹാച്ചിമോജി ഡി എൻ എ സ്വാഭാവിക ഡി എൻ എ യുടെ മിക്ക സവിശേഷതകളും കാണിക്കുന്നുണ്ടെന്നാണ് ഗവേഷകർ അവകാശപ്പെടുന്നത്. ഡിഎൻഎ യിലെ ജനിതക വിവരങ്ങളുടെ പകർത്തലും വിവർത്തനവുമാണ് തന്മാത്രാ ജീവശാസ്ത്രത്തിലെ കേന്ദ്രതത്വം. ഡിഎൻഎ യിൽ നിന്നും മെസ്സഞ്ചർ ആർഎൻഎ യിലൂടെ പ്രോട്ടീനിലേക്കാണ് ജനിതക വിവരങ്ങളുടെ ഒഴുക്ക്. അതായത് ഡിഎൻഎ യിലെ വിവരങ്ങൾ മെസ്സഞ്ചർ ആർഎൻ എ യിലേക്ക് പകർത്തപ്പെടുകയും ആ വിവരങ്ങൾ ഉപയോഗിച്ച് പ്രോട്ടീൻ നിർമ്മാണം നടക്കുകയും ചെയ്യുന്നതിലൂടെയാണ് ജീനുകളുടെ പ്രവർത്തനം സാധ്യമാവുന്നത്.



ജീനിന്റെ ഭാഷയിൽ A, T, C, G എന്നീ നാലക്ഷരങ്ങൾ കൊണ്ടാണ് ജനിതക വിവരങ്ങൾ ആലേഖനം ചെയ്തിരിക്കുന്നത്. ജനിതക വിവരങ്ങളുടെ സംഭരണം, ജനിതക വിവരങ്ങളുടെ പകർത്തൽ, വിവർത്തനം ഇതൊക്കെ ഹാച്ചിമോജി ഡിഎൻഎയിലും സാധ്യമാണ്. ഇത്തരം നൂറുകണക്കിനു സിന്തറ്റിക് ഡിഎൻഎ നിർമ്മിക്കാൻ ഗവേഷകർക്ക് സാധിച്ചു. ഇവയുടെ ഇരട്ടപ്പിരിയൻ ഇഴകൾക്ക് ഡിഎൻഎ യുടേതു പോലെ തന്നെ സ്ഥിരതയുണ്ടെന്ന് തെളിയിക്കാനും സാധിച്ചു. കൃത്രിമ ഡിഎൻ എ യിലെ മൂന്ന് വ്യത്യസ്ത അനുക്രമങ്ങൾ ക്രിസ്റ്റലീകരണം നടക്കുമ്പോഴും അവയുടെ ഘടന നിലനിർത്തുന്നുവെന്ന് എക്സ്റേ ഡിഫ്രാക്ഷൻ പഠനങ്ങൾ തെളിയിച്ചു കഴിഞ്ഞു. എന്നാൽ സ്വയം സുസ്ഥിര നിലനില്പ് സാധ്യമാക്കാനുള്ള കഴിവ് നിലവിൽ ഹാച്ചിമോജിക്കില്ല. കാരണംഇത് ഒരു ജീവിയുടെയും ശരീരത്തിനുള്ളിൽ അല്ല ഇപ്പോഴുള്ളത്. ഒരു ടെസ്റ്റ് ട്യൂബിനുള്ളിലാണ്. ഹാച്ചി മോജി ഡിഎൻഎ യിലെ ജനിതക വിവരങ്ങൾ പകർത്താനായി ഒരു കൃത്രിമ ആർഎൻഎ കൂടി ഗവേഷകർ നിർമ്മിച്ചിരുന്നു. ഈ പകർത്തൽ പ്രക്രിയയിൽ ഉൽപ്രേരകമായി ടി7 ആർഎൻഎ പോളിമറേസ് ഉപയോഗിച്ചു.

കലിഫോർണിയയിലെ സ്ക്രിപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഫ്ലോയ്ഡ് റോംസ്ബെർഗിന്റെ അഭിപ്രായമനുസരിച്ച് ഇത് അതിനിർണ്ണായകമായ ഒരു വഴിത്തിരിവു തന്നെയാണ്. ഡിഎൻഎ തന്തുക്കളിൽ കൂടുതൽ ബേസ് ജോടികളെ ഉൾക്കൊള്ളിക്കാനുള്ള ശ്രമങ്ങൾക്ക് വർഷങ്ങളുടെ പഴക്കമുണ്ട്. 1980 കളിൽ തന്നെ ബെന്നർ കൃത്രിമ ബേസുകൾ സംശ്ലേഷണം ചെയ്തിരുന്നു. 2014ൽ റോംസ്ബെർഗിന്റെ നേതൃത്വത്തിലുള്ള ഗവേഷകർ സിന്തറ്റിക് ബേസുകൾ ജീവകോശത്തിൽ കടത്തിവാർത്തകളിൽ നിറയുകയും ചെയ്തിരുന്നു. ഭൗമേതര ജീവൻ തിരയലിൽ പുതിയ വഴിത്തിരിവ് ഈ പ്രപഞ്ചത്തിൽ നാം തനിച്ചാണോ എന്ന ചോദ്യത്തിന് ഇതുവരെ കൃത്യമായ ഒരുത്തരം ലഭിച്ചിട്ടില്ല. ഭൗമേതര ജീവൻ തേടുന്ന ഗവേഷണങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് അന്യഗ്രഹങ്ങളിൽ ഡിഎൻഎ സാന്നിധ്യം തിരയുക എന്നതാണ്. എന്നാൽ ഡിഎൻഎ അല്ലാതെ വേറെയും ജനിതക ബിൽഡിങ് ബ്ലോക്കുകൾ ഉണ്ടാവാം എന്ന സൂചനയാണ് പുതിയ ഗവേഷണം നൽകുന്നത്. A,T,C,G എന്നീ നാലക്ഷരങ്ങളിൽ നിന്നു വ്യത്യസ്തമായി കൂടുതൽ അക്ഷരങ്ങൾ ഉൾക്കൊള്ളുന്ന വലിയ ഡിഎൻഎ സമാന പദാർഥങ്ങൾ കൂടി തിരയുന്നതിലൂടെ എക്സോബയോളജി ഗവേഷണങ്ങൾ പുതിയ വഴിത്തിരിവിൽ എത്തുമെന്നാണ് ശാസ്ത്രജ്ഞരുടെ പ്രതീക്ഷ. ഇത്തരം ജനിതക പദാർഥങ്ങളുടെ കൂടി സാന്നിധ്യം തിരിച്ചറിയാൻ കഴിയും വിധം ഉപകരണങ്ങളും

പരീക്ഷണങ്ങളുമൊക്കെ വികസിപ്പിച്ചെടുക്കാൻ ഹാച്ചിമോജി പ്രേരണയാണെന്ന് നാസാ ഗവേഷകർ പറയുന്നു. നാസയുടെ ധനസഹായത്തോടെയായിരുന്നു

ബെന്നറുടെയും സംഘത്തിന്റെയും ഗവേഷണങ്ങൾ. അനന്ത സാധ്യതകൾ ഹാച്ചിമോജി ഡിഎൻഎ യ്ക്ക് വേറെയുമുണ്ട് സാധ്യതകൾ. ഡിഎൻഎ യിൽ ആലേഖനം ചെയ്യുന്ന വിവര സാന്ദ്രത വർധിപ്പിക്കാൻ സാധിക്കും. അടിസ്ഥാന ജനിതക നിർമ്മാണ യൂണിറ്റുകളിലെ വൈവിധ്യം സാധ്യമാണെന്ന് തെളിഞ്ഞതോടെ പുതിയ സിന്തറ്റിക് ഡിഎൻഎ കളും ആർഎൻഎ കളും അധികം വൈകാതെ രംഗപ്രവേശം ചെയ്യും. ഹാച്ചിമോജിയിലെ Z,P ബേസുകൾ ഉള്ള സിന്തറ്റിക് ഡിഎൻഎ തന്തുവിന് അർബ്ബുദകോശങ്ങളുമായി ഫലപ്രദമായി കൂടിച്ചേരാൻ സാധിക്കുമെന്ന് ബെന്നർ തെളിയിച്ചു കഴിഞ്ഞു. ശരീരത്തിനുള്ളിൽ അർബ്ബുദകോശങ്ങളെയും രോഗാണുക്കളെയുമൊക്കെ തിരഞ്ഞുപിടിച്ചു നശിപ്പിക്കുന്ന തന്മാത്രകൾ ചികിൽസാരംഗത്ത് വിസ്മയപ്പെരുമഴ തന്നെ പെയ്യിക്കും. രോഗനിർണ്ണയത്തിനു സഹായിക്കുന്ന സിന്തറ്റിക് ഡിഎൻഎ നിർമ്മാണത്തിനായി ബെന്നർ ഒരു കമ്പനി തന്നെ സ്ഥാപിച്ചു കഴിഞ്ഞു. സവിശേഷ പ്രോട്ടീനുകളുടെയും ആർഎൻഎ കളുടെയും നിർമ്മാണമാണ് ഹാച്ചിമോജിയുടെ മറ്റൊരു സാധ്യത. ബെന്നറുടെ ഗവേഷക സംഘം പുതിയ ബേസ് ജോടികൾ യാഥാർഥ്യമാക്കിക്കഴിഞ്ഞു. സ്വാഭാവിക ഡിഎൻഎ യിൽ ഉള്ളതിന്റെ ഇരട്ടി അക്ഷരങ്ങൾ ഉൾക്കൊള്ളുന്ന ഹാച്ചിമോജി യാഥാർഥ്യമാക്കിയതു പോലെ പത്തോ പന്ത്രണ്ടോ അക്ഷരങ്ങൾ ഉള്ള കൃത്രിമ ഡിഎൻഎ യാഥാർഥ്യമാക്കാനാണ് ഇനി ഗവേഷകർ ലക്ഷ്യമിടുന്നത്.

കൃത്രിമ ജീവരൂപങ്ങളുടെയും ജനിതക ഘടകങ്ങളുടെയും നിർമ്മിതിക്കായി ഒരേസമയം അനന്തസാധ്യതകളും കുറേ ആശങ്കകളും സമ്മാനിച്ചുകൊണ്ടു മുന്നേറിക്കൊണ്ടിരിക്കുന്ന സിന്തറ്റിക് ബയോളജി രംഗത്ത് ഹാച്ചിമോജി എന്തൊക്കെ കുതിച്ചുചാട്ടങ്ങൾക്കു വഴിയൊരുക്കും എന്നറിയാൻ കാത്തിരിക്കുകയാണ് ശാസ്ത്രലോകം. ■

---

# കാർട്ടൂൺ

കടപ്പാട് : ഇന്റർനെറ്റ്



"Let me start by saying no one is a bigger feminist than me."

**എന്നേക്കാൾ വലിയൊരു സ്ത്രീവാദിയില്ലെന്ന് പറഞ്ഞു കൊണ്ട് ആരംഭിക്കട്ടെ.**

Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

# പോരാട്ടമുഖത്തെ തടവുകാരികൾ




തമിഴ്നാട്ടിലെ കൂടംകുളം ആണവനിലയത്തിനെതിരെ യുള്ള സമരഭൂമിയിൽ അറസ്റ്റ് ചെയ്യപ്പെട്ടവരിൽ കൂടുതലും സ്ത്രീകളാ യിരുന്നു. രാജ്യദ്രോഹ കുറ്റവും ഇവരുടെ മേൽ ചാർത്തപ്പെട്ടു.

ഫോട്ടോ: അമൃത്‌രാജ് സ്റ്റീഫൻ



ഉത്തർ പ്രദേശിലെ സോൺഭദ്ര ജില്ലയിലെ സുകാലോ, രാജകുമാരി എന്ന ആദിവാസി നേതാക്കൾ ഒന്നിലധികം തവണ നിയമമനുശാ സിക്കുന്ന ഫോറസ്റ്റ് റൈറ്റ്സ് ആക്ട് പ്രകാരമുള്ള അവരുടെ അവകാശങ്ങൾക്കായി പ്രവർത്തി ക്കുന്നതിനിടയിൽ അറസ്റ്റ് ചെയ്യപ്പെട്ടു. ഓൾ ഇന്ത്യ യൂണിയൻ ഓഫ് ഫോറസ്റ്റ് വർക്കിങ് പീപ്പിൾ എന്ന സംഘടനയുടെ പ്രവർത്തകരാണിവർ

ഫോട്ടോ: ശ്വേത ദാഗാ



ചേർത്തല സ്വദേശിനിയായ കെ ആർ ഗൗരിഅമ്മ ജയിലിൽ കഴിയുമ്പോഴാണ് കേരളത്തിലെ ആദ്യ മന്ത്രിസഭയിലെക്ക് തിരഞ്ഞെടുക്കപ്പെട്ടത്. ആണധികാരത്തിനും ജന്മിത്വത്തിനും എതിരായ ശക്തവുമായ ഈ സ്ത്രീ ശബ്ദത്തിനു നൂറു വയസു പിന്നിടുമ്പോൾ ഇന്ന് ഒരു പക്ഷെ കേരളത്തിൽ ജീവിച്ചിരിക്കുന്ന ഏറ്റവും പ്രായമേറിയ തടവുകാരി സഖാവ് ഗൗരിഅമ്മ തന്നെയാവും.



നർമദാ ബചാവോ ആന്ദോളന്റെ നേതാവായ മേധാ പട്കർ പലതവണ സമരത്തിന്റെ ഭാഗമായി അറസ്റ്റിൽ ആയിട്ടുണ്ട്. മധ്യപ്രദേശിലെ നർമദാ തീരത്തു താമസിക്കുന്ന ആയിരക്കണക്കോളം ആളുകളെ വെള്ളത്തിലാഴ്ത്തുന്ന ഗുജറാത്ത് സർക്കാരിന്റെ നീക്കത്തിനെതിരെ മേധയുടെ ഒൻപതു ദിവസം നീണ്ട (മറ്റു പത്തു സ്ത്രീകൾ മൂന്ന് ദിവസം) നിരാഹാര സമരം സെപ്റ്റംബർ 2 നാണു അവസാനിച്ചത്. 2017ൽ നിരാഹാരം കിടന്നതിന് അറസ്റ്റ് ചെയ്യപ്പെട്ട മേധ രണ്ടാഴ്ചത്തെ ജയിൽ വാസത്തിനു ശേഷം മധ്യപ്രദേശിലെ ഥാർ ജില്ലയിലെ ജയിലിൽ നിന്ന് പുറത്തുവരുന്നു.



കശ്മീരി മനുഷ്യാവകാശ പ്രവർത്തകയായ അഞ്ചും സമാരുദ് ഹബീബ് അഞ്ചു വർഷം പ്രിവെൻഷൻ ഓഫ് ടെററിസം ആക്റ്റ് (POTA) ചാർത്തി തീഹാർ ജയിലിൽ കഴിഞ്ഞു. ആ സമയത്തെ അനുഭവങ്ങളെ കുറിച്ചെഴുതിയ പുസ്തകവുമാണ് സുബാൻ പ്രസിദ്ധീകരിച്ച് 2011ൽ പുറത്തിറങ്ങിയ 'പ്രിസണർ നമ്പർ 100' എന്ന പുസ്തകം.



കവിയും ഗായികയും ദളിത് ആക്ടിവിസ്റ്റുമായ ശീതൾ സാത്തെ മഹരാസ്ത്രയിലെ പുണെ നിവാസിയാണ്. കബീർ കലാ മൻച്ച് എന്ന സാംസ്കാരിക കൂട്ടായ്മയുടെ ഭാഗമായിരിക്കെ ആണ് ജാതി സ്പർധയ്ക്കും വർഗ്ഗീയതയ്ക്കും എതിരെ പാട്ടുകളും നാടകങ്ങളും ചെയ്തുവന്ന ശീതളിന്റെയും അവരുടെ കൂട്ടാളികളുടെയും മേൽ 2011 - ഇൽ മഹാരാഷ്ട്ര സർക്കാരിന്റെ കീഴിലുള്ള ഭീകര പ്രവർത്തന വിരുദ്ധ സ്ക്വാഡ് മേൽ UAPA ചാർത്തിയത്. ഒളിവിലായിരുന്ന അവർ 2013 - ഇൽ കീഴടങ്ങി അറസ്റ്റിൽ ആയി. കബീർ കലാ മൻച്ചിന്റെ 'ഭഗത് സിംഗ് തു സിന്ദാ ഹൈൻ' (ഭഗത് സിംഗ് നീ ഇന്ന് ജീവിച്ചിരിക്കുന്നു) എന്ന ഗാനം വളരെ പ്രശസ്തമാണ്.